# ബാലസംഘം
# എന്ത്?
# എന്തിന്?

ബാലസംഘം പ്രവർത്തകർക്ക്
ഒരു കൈപ്പുസ്തകം

ബാലസംഘം രക്ഷാധികാരി സംസ്ഥാന
കോ-ഓർഡിനേഷൻ കമ്മിററി

# ബാലസംഘം എന്ത്? എന്തിന്?

**balasangham enthu enthinu** ★ hand book ★ balasangham state co-ordination committee ★ seɔtember 1986 ★ published by chintha publishers, trivandrum ★ distributed by deshabhimani book house, trivandrum ★ printed at social scientist press, trivandrum·

*price : five rupees*

1148

വിതരണം :

**ദേശാഭിമാനി ബുക്ക് ഹൗസ്**

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ.

---

CO-280-490

# ബാലസംഘം
# എന്ത്? എന്തിന്?

ബാലസംഘം സംസ്ഥാന രക്ഷാധികാരി
കോ-ഓർഡിനേഷൻ കമ്മിററി

ചിന്ത പബ്ളിഷേഴ്സ്
തിരുവനന്തപുരം 14
വില: അഞ്ചു രൂപ

8411

## മുഖക്കുറിപ്പ്

ബാലസംഘം പ്രവർത്തകർകുള്ള ഒരു കൈപ്പുസ്തകമെന്ന നിലക്കാണ് ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നത്.

ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി കേരളത്തിൻെറ മണ്ണിൽ കുരുത്ത കുട്ടികളുടെ പ്രസ്ഥാനമാണ് ബാലസംഘം. കുട്ടികളുടെ കരുത്തുററ ഒരു സംഘടനയായി ഇന്നത് കേരളത്തിൻെറ എല്ലാഭാഗത്തും വളർന്നുവന്നിട്ടുണ്ട്.

കുട്ടികളിൽ ശാസ്ത്രബോധവും യുക്തിചിന്തയും മാനവികമൂല്യങ്ങളിലുള്ള വിശ്വാസവും വളർതിയെടുക്കാനാണ് ബാലസംഘം ശ്രമിക്കുന്നത്.അവരെ ജാതി-മതചിന്തകൾകും വിഭാഗീയ-വർഗീയ വാസനകൾകും അടിപ്പെടുത്താൻ പലരും ശ്രമിക്കുന്ന ഇന്ന് ബാലസംഘത്തിന് വലിയ കടമകളാണ് നിർവഹിക്കാനുള്ളത്. ഈ കൈപ്പുസ്തകം അതിന് ചെറുതായെങ്കിലും സഹായിക്കുമെങ്കിൽ ഞങ്ങൾ കൃതാർഥരായി.

ബാലസംഘം സംസ്ഥാന രക്ഷാധികാരി
കോ-ഓർഡിനേഷൻ കമ്മിററി

# ഉള്ളടക്കം

ഉദ്ദേശ്യലക്ഷ്യങ്ങൾ പരിപാടികൾ 9

ലക്ഷ്യങ്ങൾ—11, പരിപാടികൾ—12

ഭരണഘടന 15

ബാലസംഘപ്രവർത്തനത്തിന് ഒരു മാർഗരേഖ 17

രക്ഷാധികാരിസമിതി 23

കുട്ടികളോട് പെരുമാറേണ്ടരീതി 25

പഠനവിഷയങ്ങൾ—29, ദിനാചരണങ്ങൾ—30, കഥകൾ,കാര്യകഥകൾ—31

നാടകങ്ങൾ, പാട്ടുകൾ, കവിതകൾ 33

നാടകങ്ങൾ-33, പാട്ടുകൾ കവിതകൾ—35 കളികൾ—36

പ്രൊജക്ടുകൾ 42

കുട്ടികൾക്കുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ 48

അനുബന്ധം 52

(i) പഠനവിഷയങ്ങൾ—52, (ii) ശാസ്ത്രപരീക്ഷണങ്ങൾ—54, (iii) പാട്ടുകൾ,കവിതകൾ സംഘഗാനങ്ങൾ—59, ഒരു പിടിനെല്ല്—80 (iv) ദിനാചരണങ്ങൾ-91

# ഉദ്ദേശ്യലക്ഷ്യങ്ങൾ
# പരിപാടികൾ

ഏതൊരുരാജ്യത്തിൻെറയും അമൂല്യസമ്പത്താണ് കുട്ടികൾ. അവരെ എങ്ങനെ വളർത്തിയെടുക്കുന്നുവോ അതനുസരിച്ചായിരിക്കും ആ രാജ്യത്തിൻെറ ഭാവി.

14 വയസുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും സാർവത്രികവുമായ വിദ്യാഭ്യാസം ഭരണഘടന വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും 10 വയസിന് മുകളിലുള്ള കുട്ടികളിൽ 60 ശതമാനവും ഇന്നും എഴുത്തോ വായനയോ അറിയാത്തവരാണ്. 20 ശതമാനം കുട്ടികൾ സ്കൂൾപടി ചവിട്ടിയിട്ടേ ഇല്ല. സ്കൂളിൽ ചേരുന്ന കുട്ടികളിൽ തന്നെ 50 ശതമാനവും പ്രൈമറിഘട്ടം തീരുന്നതിനുമുമ്പ് ജീവിതപ്രയാസങ്ങൾ മൂലം പഠിത്തം നിർത്തുന്നു. 10-ാംക്ലാസിൽ എത്തുന്നവരാകട്ടെ പത്തിനൊന്ന് മാത്രവും.

ജനസംഖ്യയിൽ 40 ശതമാനം വരുന്ന കുട്ടികളുടെ ഇന്നത്തെ നില വളരെ ശോചനീയമാണ്. 14 വയസിനുതാഴെയുള്ളവരെക്കൊണ്ട് ഫാക്ടറിയിലോ ഖനിയിലോ മററേതെങ്കിലും തൊഴിൽസ്ഥാപനത്തിലോ കഠിനാധ്വാനം ചെയ്യിക്കുന്നതിനെ ഭരണഘടന വിലക്കുന്നുണ്ടെങ്കിലും, കരിങ്കൽക്വാറികളിലും പടക്കക്കമ്പനികളിലും കൽക്കരിഖനികളിലും തീപ്പെട്ടിക്കമ്പനികളിലും ബീഡി—കയർ—കശുവണ്ടി—കൈത്തറി—മത്സ്യബന്ധന മേഖലകളിലും ഹോട്ടലുകളിലും പതിനായിരക്കണക്കിന് കുട്ടികളെക്കൊണ്ട് കുറഞ്ഞകൂലിക്ക് പന്ത്രണ്ടും പതിനാലും മണിക്കൂർ കഠിനാധ്വാനം ചെയ്യിക്കുന്നുണ്ട്. നാട്ടിൽ ആവർത്തിച്ചുണ്ടാകുന്ന വർഗീയകലാപങ്ങൾ തുടങ്ങിയ കെടുതികൾക്കും ദുരിത

ങ്ങൾക്കും മററാരെക്കാളും വിധേയരാകുന്നത് ഇവക്ക് കുരുതി കൊടുക്കപ്പെടുന്ന പാവപ്പെട്ട ജനങ്ങളുടെ സന്താനങ്ങളാണ്. തെരുവിലേക്ക് എന്നന്നേക്കുമായി വലിച്ചെറിയപ്പെടുന്ന ഇവരെ സംരക്ഷിക്കുന്നതിന് ഒരു പദ്ധതിയും നമ്മുടെ നാട്ടിലില്ല.

വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികളുടെ കാര്യംതന്നെ നോക്കുക. മൂല്യബോധത്തിലും സംസ്കാരത്തിലും രണ്ട് തട്ടുകളിലായി അവരെ വേർതിരിച്ചു നിർത്തിയിരിക്കുന്നു.

അംഗീകൃതസ്കൂളുകളിൽ ഇംഗ്ലീഷ്മീഡിയത്തിൽകൂടി വരേണ്യവിദ്യാഭ്യാസം ലഭിക്കുന്ന ന്യൂനപക്ഷം ഒരുതട്ടിൽ; പൊതുവിദ്യാഭ്യാസം ലഭിക്കുന്ന ബഹുഭൂരിപക്ഷം മററൊരു തട്ടിൽ; ഇവർ തമ്മിലുള്ള അന്തരം വർധിപ്പിക്കുകയും ശാശ്വതീകരിക്കുകയും ചെയ്യുന്ന ഒരു ദേശീയ വിദ്യാഭ്യാസനയം ഇന്ന് അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പാഠപുസ്തകങ്ങളിലെ പരിമിതമായ ശാസ്ത്രീയ പുരോഗമന ചിന്താഗതികൾപോലും വിദ്യാർഥികൾക്ക് സ്വാംശീകരിക്കാൻ അവസരം നൽകാത്ത പഠനരീതിയും പരീക്ഷാസമ്പ്രദായവുമാണ് ഇന്ന് നിലനിൽകുന്നത്. ശാസ്ത്രീയവും ആരോഗ്യകരവുമായ ജീവിതവീക്ഷണം വളർത്തിയെടുക്കുന്നില്ല. നൈസർഗികവാസനകളെ പരിപോഷിപ്പിക്കുന്നില്ല. വിമർശനാത്മകമായ പ്രതികരണം എന്താണെന്ന് പഠിപ്പിക്കുന്നില്ല. സാമൂഹ്യപുരോഗതിയുടെ ചാലകശക്തിയായ അധ്വാനത്തിൽ പങ്കാളികളാകാൻ അവസരം നൽകുന്നില്ല. ആധുനികവിജ്ഞാനം കുട്ടികളിൽ നിന്ന് മറച്ചുവയ്ക്കുന്നു.

ഈ പഴുതിലൂടെ ഭൂതകാലത്തിൻെറ മൃതഭാരങ്ങളായ ജാതി—മതചിന്തകളും അന്ധവിശ്വാസങ്ങളും കുട്ടികളിൽ വ്യാപിക്കുന്നു. കുട്ടികളെ വഴിതെററിക്കുന്ന സംഘടനകൾ വേരുപിടിക്കുന്നത് അവിടെയാണ്. അവർക് സഹജമായുള്ള സാഹസികതയും വീരശൗര്യാദിഗുണങ്ങളും കലാ-കായിക വാസനകളും ചൂഷണം ചെയ്ത് അവരെ ഈ സംഘടനകൾ തെററായ പാതയിലേക്ക് തിരിച്ചുവിടുന്നു. കൂടാതെ, ആനുകാലികപ്രസിദ്ധീകരണങ്ങളും സിനിമയും ടെലിവിഷനുമെല്ലാം കുട്ടികളിൽ അന്ധവിശ്വാസം, ജാതി—മത—വർണ—വംശ—പ്രാദേശികചിന്തകൾ, ദുഷിച്ച അഭിരുചികൾ, വിഭാഗീയചരിത്രവാസനകൾ, അക്രമവാസനകൾ, പഴമയിലേക്ക് തിരിച്ചുപോകാനുള്ള പ്രവണത ഇവ വളർത്താൻ ഉപകരിക്കുന്നു.

ഇവക്കെല്ലാം പരിഹാരം ഇന്നത്തെ സ്കൂൾ വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകുമെന്ന വ്യാമോഹം അസ്ഥാനത്താണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ കഴിവുകളും സർഗവാസനകളും പരിപോഷിപ്പിക്കുകയും അവരിൽ യുക്തിചിന്തയും ശാസ്ത്രീയവീക്ഷണവും ഉത്തേജിപ്പിക്കുകയും മാനവസമുദായത്തിൻെറ മുന്നേററത്തിലുള്ള ഉറച്ച വിശ്വാസം അവരിൽ വളർത്തിയെടുക്കുകയും ചെയ്യുക എന്ന ഭാരിച്ച ഉത്തരവാദിത്വം ബാലസംഘം ഏറെറടുക്കേണ്ടിവന്നിരിക്കുന്നു.

1982 വരെ പ്രവർത്തിച്ചുപോന്ന ദേശാഭിമാനി ബാലസംഘത്തിന് ഇത്രയും വിശാലമായ ലക്ഷ്യം ഉണ്ടായിരുന്നില്ല. കുട്ടികളുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതുന്ന ഒരു സംഘടന എന്ന സങ്കൽപമാണ് അന്നുവരെ മുഖ്യമായും നിലനിന്നത്. മാത്രവുമല്ല, ഒരു ദിനപത്രത്തിൻെറയും ആ ദിനപത്രത്തെ നിയന്ത്രിക്കുന്ന രാഷ്ട്രീയപ്രസ്ഥാനത്തിൻെറയും അനുബന്ധമാണതെന്ന ധാരണയും ദേശാഭിമാനി ബാലസംഘത്തിൻെറ പരിമിതി ആയിരുന്നു. 1982 മാർച്ച് 12 ന് എറണാകുളത്തു കൂടിയ സംഘം പ്രവർത്തകരുടെ സംസ്ഥാനതലയോഗം ദേശാഭിമാനി ബാലസംഘത്തെ എല്ലാവിഭാഗം കുട്ടികളെയും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലുള്ള ഒരു സംഘടനയാക്കി മാററാനും ബാലസംഘം എന്ന പേരു നൽകാനും തീരുമാനം കൈക്കൊണ്ടു. ഒപ്പം പുതിയ കാഴ്ചപ്പാടോടെ ബാലസംഘം അതിൻെറ പ്രവർത്തനം കെട്ടിപ്പടുക്കണമെന്നും തീരുമാനിച്ചു. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇന്ന് ബാലസംഘം പ്രവർത്തിക്കുന്നത്.

## ലക്ഷ്യങ്ങൾ

1 അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ജാതി—മത—വംശ—വർണ—പ്രാദേശിക ചിന്താഗതികളിൽ നിന്നും കുട്ടികളെ മോചിപ്പിക്കുക.

2 ശാസ്ത്രീയവും യുക്ത്യാധിഷ്ഠിതവുമായ കാഴ്ചപ്പാട് കുട്ടികളിൽ വളർത്തിയെടുക്കുകയും പാരമ്പര്യത്തിൻെറ നല്ല അംശങ്ങൾ ഉൾക്കൊള്ളാനും പഴിത്തഅംശങ്ങൾ തള്ളിക്കളയാനും അവരെ പഠിപ്പിക്കുകയും ചെയ്യുക.

3 കുട്ടികളുടെ കലാപരവും കായികവുമായ കഴിവുകൾ പരിപോഷിപ്പിക്കുകയും നൈസർഗികവാസനകൾ വികസിപ്പിക്കുകയും ചെയ്യുക.

4 കുട്ടികളിൽ അധ്വാനത്തോട് മതിപ്പും ഒപ്പം പങ്കാളിത്ത വും ഉണ്ടാക്കുക.

5 വ്യക്തിയെ സമൂഹത്തോട് സമരസപ്പെടുത്തുന്നതിന് കുട്ടികളെ പഠിപ്പിക്കുക.

6 കുട്ടികളിൽ സാർവദേശീയബോധവും സമാധാനവാഞ്ഛയും യുദ്ധവിരുദ്ധമനോഭാവവും വളർത്തുക.

7 തന്റെയും താനുൾക്കൊള്ളുന്ന സമൂഹത്തിന്റെയും ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും നിലനിൽപിനും വളർച്ചക്കും വേണ്ടി താൻ വഹിക്കേണ്ട പങ്ക് കുട്ടികളെ ബോധ്യപ്പെടുത്തുക.

8 കുട്ടികളിൽ ഉൽകൃഷ്ടമായ മാനവികമൂല്യങ്ങളിലുള്ള വിശ്വാസവും ഉയർന്ന സദാചാരബോധവും മെച്ചപ്പെട്ട പെരുമാററ രീതികളും വളർത്തിയെടുക്കുക.

## പരിപാടികൾ

മേൽപറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് താഴെകൊടുക്കുന്ന പരിപാടികൾ നടപ്പാക്കേണ്ടതാണ്.

## (എ) ബുദ്ധിപരമായ വിദ്യാഭ്യാസം

മനുഷ്യരാശി നാളിതുവരെ നേടിയ വിജ്ഞാനസമ്പത്ത് ശാസ്ത്രീയവീക്ഷണവും യുക്തിചിന്തയും വളർത്താനും അറിവിന്റെ മേഖല വികസിപ്പിക്കാനും ഉതകുന്ന പാകത്തിൽ കുട്ടികൾക്ക് പകർന്നുനൽകേണ്ടതുണ്ട്. സംശയിക്കുക, ചോദ്യം ചെയ്യുക, പരീക്ഷിക്കുക, നിരീക്ഷിക്കുക, നിഗമനങ്ങളിലെത്തുക, പ്രയോഗത്തിൽ വരുത്തുക എന്ന യുക്തിസഹമായ രീതി വേണം ഇതിനായി സ്വീകരിക്കേണ്ടതാണ്.

## (ബി) ധാർമികവിദ്യാഭ്യാസം

സാർവദേശീയ സാഹോദര്യം, ലോകസമാധാന വാഞ്ഛ, ദേശസ്നേഹം, കൂട്ടായ്മ, അധ്വാനത്തോട് ആദരവ്, അച്ചടക്കം, സംഘടനാബോധം, സത്യസന്ധത തുടങ്ങിയവ കുട്ടികളിൽ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. താത്വികമായ പഠനം മുഖേന മാത്രമല്ല, ദൈനംദിനപ്രവർത്തനങ്ങളിൽ കൂടിയും ആർജിക്കേണ്ടതാണ് ഈ ഗുണവിശേഷങ്ങൾ.

## (സി) കായികവിദ്യാഭ്യാസം

ധീരത, ഊർജസ്വലത, സഹനശക്തി, ആത്മനിയന്ത്രണം, ആഹാരസൗഷ്ഠവം തുടങ്ങിയവ വികസിപ്പിക്കാൻ ഉതകുന്ന കായികവിദ്യാഭ്യാസം പരമ്പരാഗതമായ കളികളിലൂടെയും പുതിയ കളികളുപയോഗിച്ചും കുട്ടികൾക്ക് നൽകണം. മാസ്ഡ്രിൽ, റൂട്ട് മാർച്ച് തുടങ്ങിയവയിലൂടെ കൂട്ടായ പ്രവർത്തനവും കൂട്ടായ വീക്ഷണവും അവരിൽ വളർത്തിയെടുക്കണം.

## (ഡി) തൊഴിൽവിദ്യാഭ്യാസം

ഉൽപാദന പ്രക്രിയകൾ അടുത്തറിയുക, അവയിൽ പങ്കെടുക്കുക, വീട്ടുജോലികളുൾപെടെ വിവിധ തൊഴിലുകളിൽ പാടവം നേടുക ഇവയാണ് തൊഴിൽവിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. ലോകത്ത് നിലനിൽകുന്ന വിവിധ ഉൽപാദനരീതികൾ മനസിലാക്കുകയും അവയുടെ ചരിത്രപരമായ വികാസം നിരീക്ഷിക്കുകയും ചെയ്യുന്നത് കൂടി തൊഴിൽവിദ്യാഭ്യാസത്തിന്റെ ഭാഗമായികാണണം.

## (ഇ) ആരോഗ്യവിദ്യാഭ്യാസം

വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യപരിപാലനം ലക്ഷ്യമാക്കി വിവിധതരം രോഗങ്ങൾ, രോഗകാരണങ്ങൾ, രോഗലക്ഷണങ്ങൾ, രോഗ പ്രതിരോധമാർഗങ്ങൾ, പരമ്പരാഗത ചികിത്സാരീതികളുൾപെടെ വിവിധ ഇനം ചികിത്സാരീതികൾ, പ്രഥമശുശ്രൂഷ, പരിസരശുചീകരണം ഇവയെക്കുറിച്ച് താത്വികമായ അറിവ് നേടുകയും ഇവ സംബന്ധമായുള്ള പ്രായോഗിക പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നത് ആരോഗ്യവിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. സമൂഹത്തിന്റെ പുരോഗതിക്ക് ചുററുപാടിൽ മാററം വരുത്തേണ്ടതുണ്ടെന്ന് കാണുന്നതോടൊപ്പം ജല–വായു–ശബ്ദാദികളെ ബാധിക്കുന്ന പരിസ്ഥിതി മലിനീകരണത്തിന്റെ കാരണങ്ങളും പ്രതിവിധിയും മനസിലാക്കുന്നതും സമൂഹത്തിന്റെ പുരോഗതിക്ക് ഉതകത്തക്കവണ്ണം പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും പരിസ്ഥിതിമലിനീകരണം തടയുന്നതിനും വേണ്ടിയുള്ള പ്രായോഗിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതും ആരോഗ്യവിദ്യാഭ്യാസത്തിന്റെ ഭാഗമായി കാണേണ്ടതുണ്ട്.

## (എഫ്) സൗന്ദര്യബോധപരമായ വിദ്യാഭ്യാസം

പ്രകൃതിയിലും സമൂഹത്തിലും മനുഷ്യബന്ധങ്ങളിലും സുന്ദരമായിട്ടുള്ളതെല്ലാം മനസിലാക്കുകയും അവയെ സ്വാംശീകരിച്ച് വികസിപ്പിക്കുകയും അതോടൊപ്പം അസുന്ദരങ്ങളായവയെ വെറുക്കുകയും ചെറുക്കുകയും ചെയ്യുന്നതിനുള്ള കഴിവ് നേടുകയാണ് സൗന്ദര്യബോധപരമായ വിദ്യാഭ്യാസംകൊണ്ടുദ്ദേശിക്കുന്നത്. ഭാഷയുടെയും സാഹിത്യാദികലകളുടെയും പഠനം കൊണ്ടുമാത്രമേ ഈ കഴിവ് നേടിയെടുക്കാൻ കഴിയു.

മനുഷ്യരാശിക്ക് പാരമ്പര്യമായി ലഭിച്ച വിവിധ കലാരൂപങ്ങളും സാഹിത്യസൃഷ്ടികളും ശാസ്ത്രീയമായി ഉൾക്കൊള്ളാനുള്ള പാടവം കുട്ടികളിൽ വളർത്തിയെടുക്കണം. അതോടൊപ്പം ആനുകാലിക പ്രസിദ്ധീകരണങ്ങളോടും പുസ്തകങ്ങളോടും റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന കലാരൂപങ്ങളോടും വിമർശനാത്മകമായി പ്രതികരിക്കാനുള്ള ശേഷിയും അവരിൽ വികസിപ്പിച്ചെടുക്കണം. പ്രകൃതിയിലെ വസ്തുക്കൾ തിരിച്ചറിഞ്ഞ് ശേഖരിക്കാനും സ്വന്തമായി സൃഷ്ടികൾ നടത്താനും വ്യത്യസ്ത കലാരൂപങ്ങൾ അവതരിപ്പിക്കാനുമുള്ള കഴിവും അവരിൽ വളർത്തിയെടുക്കേണ്ടതുണ്ട്.

മേൽകൊടുത്ത പരിപാടികൾ നടപ്പിലാക്കുന്നതിന് വേണ്ട സംഘടന കെട്ടിപ്പടുക്കുകയും പ്രവർത്തനരീതി ആവിഷ്കരിച്ച് നടപ്പാക്കുകയുമാണ് ബാലസംഘത്തിൻെറ ഇന്നത്തെ കടമ.

# ഭരണഘടന

## പേര്

സംഘടനയുടെ പേര് ''ബാലസംഘം'' എന്നാണ്.

## പ്രവർത്തനപരിധി

കേരളത്തിലാകമാനം പ്രവർത്തിക്കുന്ന ഒരു സംഘടനയാണിത്. എന്നാൽ ഒരു സംസ്ഥാനതല കമ്മിററി ഇതിനില്ല. ജില്ലാകമ്മിററികളാണ് പ്രവർത്തനം നിയന്ത്രിക്കുന്നത്. സംസ്ഥാനതല പ്രവർത്തനം ഏകോപിപ്പിക്കാൻ വേണ്ടി ജില്ലകളിലെ പ്രധാന പ്രവർത്തകർ ഒത്തുകൂടി നയപരിപാടികൾ രൂപീകരിക്കും.

## കൊടി

3:2 അളവിൽ നീളവും വീതിയുമുള്ള വെള്ളത്തുണിയിൽ നാടയോടടുത്ത് മുകൾഭാഗത്തായി ഒരു ചുവന്ന നക്ഷത്രം. താഴെ സമാന്തരമായി 'ബാലസംഘം' എന്ന് നീല അക്ഷരത്തിൽ മലയാളത്തിൽ രേഖപ്പെടുത്തിയിരിക്കണം.

## യോഗ്യതകൾ, അവകാശങ്ങൾ

7 വയസു മുതൽ 16 വയസുവരെയുള്ള എല്ലാ ബാലികാബാലൻമാർകും ബാലസംഘത്തിൽ അംഗങ്ങൾ ആകാവുന്നതാണ്.

15 മുതൽ 50 വരെയുള്ള അംഗങ്ങൾ ചേർന്ന് യൂണിററ് രൂപീകരിക്കുകയും 5 രൂപ ഫീസ് ജില്ലാകമ്മിററിയിൽ അടയ്ക്കുകയും ചെയ്താൽ യൂണിററ് രജിസ്ററർ ചെയ്ത് രജിസ്ട്രേഷൻ

സർടിഫിക്കററ് നൽകും. ഇതിൽ രണ്ട് രൂപ ഏരിയാകമ്മിററിക്കും ഒരുരൂപ പഞ്ചായത്ത്കമ്മിററിക്കും വീതിക്കുന്നതാണ്.

## ഘടന

a) യൂണിററ്
b) പഞ്ചായത്ത്/വില്ലേജ്/മേഖല
c) ബ്ളോക്ക്/ഏരിയ/താലൂക്ക്
d) ജില്ലാകമ്മിററി
e) ജില്ലാസമ്മേളനം

കമ്മിററികൾക്കെല്ലാം ഒരു പ്രസിഡൻറ്, രണ്ട് വൈസ് പ്രസിഡൻറുമാർ, ഒരു സെക്രട്ടറി, രണ്ട് ജോയിൻറ് സെക്രട്ടറിമാർ എന്നിവർ ഭാരവാഹികളായി ഉണ്ടായിരിക്കും.

## സംഘടന

പഞ്ചായത്ത് മേഖലാ കമ്മിററിയിൽ 13 മുതൽ 15 വരെയും ഏരിയ/താലൂക്ക് കമ്മിററികളിൽ 17 മുതൽ 21 വരെയും ജില്ലാകമ്മിററിയിൽ 21 മുതൽ 25 വരെയും അംഗങ്ങൾ ആകാവുന്നതാണ്.

## രക്ഷാധികാരിസമിതി

യൂണിററ്തലം മുതൽ മുകളിലോട്ടുള്ള എല്ലാ കമ്മിററികൾക്കും ഒരു രക്ഷാധികാരിസമിതി ഉണ്ടായിരിക്കുന്നതാണ്. ബാലസംഘം പ്രവർത്തനത്തെ സഹായിക്കുകയാണ് രക്ഷാധികാരിസമിതിയുടെ കടമ.

# ബാലസംഘം പ്രവർത്തനത്തിന്
# ഒരു മാർഗരേഖ

ബാലസംഘത്തിൻെറ അടിസ്ഥാനഘടകം യൂണിററാണ്. യൂണിററിലാണ് ബാലസംഘത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങ൦ സാക്ഷാത്കരിക്കുന്നതിനുള്ള അടിസ്ഥാനപ്രവർത്തനം നടക്കേണ്ടത്. യൂണിററ്തലപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും നയിക്കുകയും നിയന്ത്രിക്കുകയുമെന്ന ചുമതലയാണ് പഞ്ചായത്ത്/വില്ലേജ്/മേഖല—ബ്ലോക്ക്/ഏരിയ/താലൂക്ക്—ജില്ലാതലങ്ങളിലെ കമ്മിററികഠംകുള്ളത്. ഈ പ്രവർത്തനങ്ങഠംകുള്ള മാർഗരേഖയാണ് ചുവടെ കൊടുക്കുന്നത്. ഈ മാർഗരേഖയെ യാന്ത്രികമായി അനുവർത്തിക്കുകയല്ല, മറിച്ച് സാഹചര്യങ്ങഠംകനുസൃതമായും അവസരോചിതമായ മാററങ്ങളോടെയും നടപ്പിലാക്കുകയാണ് ചെയ്യേണ്ടത്. ബാലസംഘത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങഠം ഉഠംകൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങഠംക് ഒരു വഴികാട്ടിയായി മാത്രമേ മാർഗരേഖയെ കാണേണ്ടതുള്ളു.

1. എല്ലാ ആഴ്ചയിലും യൂണിററ് യോഗം കൂടി, കുട്ടികളുടെ മാനസികവും കായികവും കലാപരവുമായ കഴിവ് വികസിപ്പിക്കാൻ ഉതകുന്ന പരിപാടികഠം ആസൂത്രണം ചെയ്തു നടപ്പാക്കണം.

2. കുട്ടികഠം സ്വായത്തമാക്കിയിട്ടുള്ള കഴിവുകഠം പ്രദർശിപ്പിക്കാൻ അവർക് അവസരം നൽകണം. പാട്ടുപാടുക, കവിത ചൊല്ലുക, കഥ പറയുക, നൃത്തംചെയ്യുക എന്നിവക്ക് അവരെ പ്രേരിപ്പിക്കണം. അതിലൂടെ അവരുടെ സഹജവാസനകളും കഴിവും അഭിരുചിയും കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികഠം ആസൂത്രണം ചെയ്യണം.

3. ഓരോ കുട്ടിയുടെയും സാമൂഹ്യ–സാമ്പത്തിക പശ്ചാത്തലം, പഠിക്കുന്ന ക്ലാസ്, പഠനത്തിലുള്ള അഭിരുചി, കലാ–കായികമേഖലകളിലുള്ള അഭിരുചി പെരുമാററത്തിലുള്ള പ്രത്യേകതകറം, ആരോഗ്യനില, തൂക്കം, പൊക്കം എന്നിവ സശ്രദ്ധം അറിയുകയും യൂണിററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും വേണം. ഈ വിവരങ്ങറം അടിസ്ഥാനമാക്കി വേണം ഓരോ കുട്ടിയോടും പെരുമാറേണ്ടത്.

4 കഥ, പാട്ട്, സംഭാഷണം, ചിത്രം, ലഘുനാടകം എന്നീ മാധ്യമങ്ങളിലൂടെ പ്രകൃതി, സമൂഹം, ശാസ്ത്രം തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങറം കുട്ടികറംക് രസകരമായ രീതിയിൽ പരിചയപ്പെടുത്തിക്കൊടുക്കണം.

5 സാർവദേശീയ-ദേശീയ-പ്രാദേശിക വീരനായകൻമാരുടെയും നേതാക്കളുടെയും ജീവിതകഥകറം, നാടുവാഴിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരായി വീരേതിഹാസം രചിച്ച സമരങ്ങളുടെ കഥകറം തുടങ്ങിയവ കുട്ടികറംക് പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും വേണം.

6. പഴഞ്ചൊല്ലുകറം, കടംകഥകറം, ശൈലീവിശേഷങ്ങറം എന്നിവ കുട്ടികറംക് പരിചയപ്പെടുത്തിക്കൊടുക്കണം. നാടൻപാട്ടുകറം, അഭിനയഗാനങ്ങറം, കഥാഗാനങ്ങറം ഇവ ഒററക്കും കൂട്ടായും അവതരിപ്പിക്കണം. കവിതാരചന, കഥാരചന, അക്ഷരശ്ലോകം ചൊല്ലൽ, സമസ്യപൂരണം എന്നിവയിൽ കുട്ടികറംക് പരിശീലനം നൽകണം.

7. രോഗം, രോഗകാരണം, രോഗപ്രതിരോധം, പ്രഥമശുശ്രൂഷ തുടങ്ങി ആരോഗ്യശാസ്ത്രസംബന്ധമായ കാര്യങ്ങറം പഠിപ്പിക്കണം.

8. മനുഷ്യാധ്വാനത്തിൻെറ പ്രതീകങ്ങളായ പണിയായുധങ്ങറം, പാർപ്പിടം, വാഹനങ്ങറം തുടങ്ങിയവയിലുണ്ടായ അനുക്രമമായ വികാസത്തിൻെറ ചരിത്രം കുട്ടികളെ പഠിപ്പിക്കണം.

9. വിവിധ ഇനം തൊഴിൽ ചെയ്യുന്നവരെക്കൊണ്ട് കുട്ടികറംക് തൊഴിൽ സംബന്ധമായ കാര്യങ്ങളിൽ അറിവു പകർന്നുകൊടുക്കുകയും, തൊഴിലിനോടും തൊഴിലെടുക്കുന്നവരോടും വൈകാരികമായ അടുപ്പം കുട്ടികളിൽ വളർത്തിയെടുക്കുകയും വേണം.

10. ശാസ്ത്രജ്ഞൻമാരുടെ ജീവിതകഥയും കണ്ടുപിടുത്തങ്ങളുടെ കഥയും കുട്ടികരം അറിയണം.

11. ശാസ്ത്രവിഷയങ്ങരം ആധാരമാക്കി ലഘുപരീക്ഷണങ്ങളുടെ സഹായത്തോടെ കുട്ടികളെ പഠിപ്പിക്കണം.

12. വീടുമായി ബന്ധപ്പെട്ട ഉപകരണങ്ങരം കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കിക്കൊടുക്കുകയും വീട്ടുജോലികളിൽ താൽപര്യം വളർത്തുകയും വേണം.

13. പോസ്ററോഫീസ്, പൊലീസ്സ്റേറഷൻ, പഞ്ചായത്തോഫീസ്; അഗ്നിശമനകേന്ദ്രം തുടങ്ങിയ പൊതുസ്ഥാപനങ്ങരം ഉപയോഗിക്കേണ്ടതിനെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കണം.

14. ദിനപത്രങ്ങരം വായിക്കാൻ പരിശീലിപ്പിക്കുകയും ആഴ്ചതോറും പ്രധാനവാർത്തകരം എഴുതിയെടുത്ത് അവതരിപ്പിക്കാൻ പരിശീലിപ്പിക്കുകയും വേണം.

15. സംസ്ഥാനതലത്തിലും പുറത്തും തൂലികാസുഹൃത്തുക്കളെ സമ്പാദിക്കുകയും അവരുമായി കത്തിടപാടിന് അവസരം ഉണ്ടാക്കുകയും ചെയ്യണം.

16. വിനോദത്തിനും പഠനത്തിനും ഉതകുന്ന ഉല്ലാസയാത്രകരം നടത്തണം. ചരിത്രപ്രസിദ്ധമായ സ്ഥലങ്ങരം, കോട്ടകരം, കൊട്ടാരങ്ങരം, ദേവാലയങ്ങരം, അണക്കെട്ടുകരം, ഫാക്ടറികരം, പ്രകൃതിദൃശ്യങ്ങരം, വന്യമൃഗസങ്കേതങ്ങരം തുടങ്ങിയവ സന്ദർശനത്തിനുവേണ്ടി തെരഞ്ഞെടുക്കണം.

17. മന്ത്രവാദം, പ്രേതബാധ ഒഴിക്കൽ, പ്രശ്നംവയ്ക്കൽ, മഷിനോക്കൽ, ജപിച്ചുനൂൽകെട്ടൽ, കൊതിക്കുപിടിക്കൽ, വെള്ളം ഓതൽ തുടങ്ങി സമൂഹത്തിൽ കാണുന്ന നിരവധി അന്ധവിശ്വാസങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടണം. ഈ അന്ധവിശ്വാസങ്ങളുടെ സ്ഥാനത്ത് യുക്തിചിന്തയും ശാസ്ത്രീയധാരണകളും വളർത്തണം.

18. നല്ല പുസ്തകങ്ങരം കുട്ടികരംക്ക് പരിചയപ്പെടുത്തിക്കൊടുക്കണം. അവരെ ഗ്രന്ഥശാലകളിൽ അംഗങ്ങളാക്കണം. കൂട്ടായ വായനയിലൂടെ പുസ്തകവായനയിൽ അഭിരുചി വളർത്തുകയും ആശയപ്രചാരണത്തിനും സംവാദത്തിനും അവസരം നൽകുകയുംവേണം. യൂണിററുകളിൽ ബാലസാഹിത്യകൃതികളും ആനുകാലികങ്ങളും ശേഖരിക്കണം.

19. കുട്ടികൾക്ക് പരിചിതവും കാലികവുമായ വിഷയങ്ങൾ മുൻനിർത്തി പ്രസംഗം നടത്താൻ പരിശീലിപ്പിക്കണം.

20. വ്യത്യസ്ത വിഷയങ്ങൾ ആധാരമാക്കി ക്വിസ് നടത്തണം.

21. കഥാപ്രസംഗകല അഭിരുചിയുള്ളവരെ പരിശീലിപ്പിക്കുകയും അവതരിപ്പിക്കുന്നതിന് വേദി ഒരുക്കിക്കൊടുക്കുകയും വേണം.

22. കയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കുകയും പ്രദർശിപ്പിക്കുകയും വേണം. അവയിലെ ഉള്ളടക്കവും എഴുത്തും ചിത്രവും എല്ലാം കുട്ടികളുടെതാകണം.

23. ചിത്രകലയിലും പെയിൻറിംഗിലും അഭിരുചിയുള്ളവർക്ക് പരിശീലനം നൽകണം. കുട്ടികൾ വരച്ച ചിത്രങ്ങളുടെയും പെയിൻറിംഗുകളുടെയും പ്രദർശനം സംഘടിപ്പിക്കണം.

24. സ്ററാമ്പ്, നാണയങ്ങൾ, വിവിധ പക്ഷികളുടെ തൂവലുകൾ, നാന സസ്യലതാദികളുടെ ഇലകൾ, വിവിധയിനം കല്ലുകൾ, വിത്ത്, മണ്ണ്, ശംഖ്, ചിപ്പി തുടങ്ങിയവ ശേഖരിച്ച് പ്രദർശിപ്പിക്കണം.

25. കാർഡ്ബോർഡ്, കടലാസ്, നൂൽ എന്നിവ ഉപയോഗിച്ച് വിവിധവസ്തുക്കളും കലാരൂപങ്ങളും നിർമിക്കുന്ന കല (ഓറിഗാമി) പഠിപ്പിക്കണം.

26. മിമിക്രി, മോണോആക്ട്, നാടകാഭിനയം തുടങ്ങിയവ പഠിപ്പിക്കണം.

27. തിരുവാതിരക്കളി, കോൽകളി, തുള്ളൽ, ഒപ്പന, വിൽപാട്ട്, നൃത്തം തുടങ്ങിയ കലാരൂപങ്ങളിൽ പരിശീലനം നൽകണം. ഊന്നൽ, ഒന്നിലേറെപേർ പങ്കെടുക്കുന്ന പരിപാടികൾക്ക് ആയിരിക്കണം.

28. തെരഞ്ഞെടുത്ത കുട്ടികളെ വളൻറിയർമാർച്ച് പരിശീലിപ്പിക്കണം. വളൻറിയർമാർക്ക് യൂണിഫോം ഉണ്ടായിരിക്കണം. ആൺകുട്ടികൾക്ക് കാക്കിനിക്കറും വെള്ളഷർട്ടും, പെൺകുട്ടികൾക്ക് നീലപ്പാവാടയും വെള്ളഷർട്ടും (കോളറുള്ള ബ്ലൗസുമാകാം.) യൂണിഫോമായിരിക്കണം. ഇടക്കിടക്ക് പഞ്ചായത്തുതലത്തിലും മററും കേന്ദ്രീകരിച്ച് റൂട്ട്മാർച്ച് നടത്തണം. എല്ലാ അംഗങ്ങളും വളൻറിയർമാർചിൽ പങ്കെടുക്കണമെന്ന് നിർബന്ധിക്കേണ്ടതില്ല.

29. കായികാരോഗ്യത്തിനും മാനസികാരോഗ്യത്തിനും ഉതകുന്ന കളികഠം പഠിപ്പിക്കണം. ഫുട്ബോഠം, വോളിബോഠം തുടങ്ങിയ ആധുനിക കളികഠംകുപുറമെ തലപ്പന്ത്, കിളിത്തട്ട്, കബഡി, ഓട്ടം, ചാട്ടം, നീന്തൽ തുടങ്ങിയ കളികളിലും പരിശീലനം നൽകണം.

30. കായിക--കലാമത്സരങ്ങഠം വിവിധതലത്തിൽ സംഘടിപ്പിക്കുകയും അവയിൽ വിജയികളാകുന്നവർക് സമ്മാനങ്ങളും സർടിഫിക്കററുകളും നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.

31. പരിസരശുചീകരണം, റോഡ്നിർമാണം, വീട് ഓലമേയൽ തുടങ്ങിയ ശ്രമദാനങ്ങഠംക് കുട്ടികളെ പ്രേരിപ്പിക്കുകയും ഈ പ്രവർത്തനങ്ങളിലൂടെ അവരെ സേവനോൻമുഖരാക്കുകയും വേണം.

32. താഴെ കൊടുക്കുന്ന കാര്യങ്ങളിൽ വിവിധ തലങ്ങളിൽ ക്യാമ്പുകഠം സംഘടിപ്പിക്കണം.

(i) പ്രകൃതി, സമൂഹം, ശാസ്ത്രം എന്നിവയിലുഠംപെട്ട വിവിധ വിഷയങ്ങളിൽ ഏതെങ്കിലും ചിലവയെക്കുറിച്ചുള്ളക്ളാസുകഠം, വിവിധയിനം പ്രോജക്ടുകഠം, കളികഠം, കലാപരിപാടികഠം, സിനിമാപ്രദർശനം തുടങ്ങിയവ ഇടകലർത്തി ദിവസങ്ങഠം നീണ്ടുനിൽകുന്ന ക്യാമ്പുകഠം. കുട്ടികളെ പരസ്പരം ഇടപെടാനനുവദിക്കുന്നതിനും വിവിധ സാമൂഹ്യ പശ്ചാത്തലങ്ങളോട് ഇണക്കുന്നതിനുമായി അവരെ രാത്രികാലങ്ങളിൽ തെരഞ്ഞെടുത്ത വീടുകളിൽ പാർപിക്കുന്ന സഹവാസക്ളാസുകളായോ, രാത്രിയും പകലും ക്യാമ്പിൽതന്നെ കഴിച്ചുകൂട്ടുന്ന പൂർണ ക്യാമ്പുകളായോ നടത്താവുന്നതാണ്.

(ii) പഠനയാത്രാക്യാമ്പുകഠം.

(iii) പ്രകൃതിനിരീക്ഷണ ക്യാമ്പുകഠം.

(iv) നക്ഷത്രനിരീക്ഷണ ക്യാമ്പുകഠം.

(v) കവിതരചന, കഥാരചന എന്നിവയിൽ പരിശീലനം നൽകുന്ന ക്യാമ്പുകഠം.

(vi) ഗായകസംഘരൂപീകരണം, നാടകരചന—അഭിനയ—സംവിധാനങ്ങഠം, മററു കലാരൂപങ്ങഠം എന്നിവയിൽ പരിശീലനം നൽകുന്ന ക്യാമ്പുകഠം.

(vii) പ്രസംഗത്തിലും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സംവാദത്തിലും പരിശീലനം നൽകുന്ന ക്യാമ്പുകൾ.

(viii) ശിൽപനിർമാണം, ഓറിഗാമി, ചിത്രരചന, പെയിൻറിംഗ് എന്നിവയിൽ പരിശീലനം നൽകുന്ന ക്യാമ്പുകൾ.

(ix) വിവിധ വസ്തുക്കളുടെ ശേഖരണം, പ്രദർശനം എന്നിവ മുൻനിർത്തിയുള്ള ക്യാമ്പുകൾ.

(x) തൊഴിൽപരിശീലനത്തിനും ശ്രമദാനത്തിനുമുള്ള ക്യാമ്പുകൾ.

33. കുട്ടികൾക്ക് രുചിക്കുന്ന സിനിമകൾ തെരഞ്ഞെടുത്ത് പ്രദർശിപ്പിക്കണം.

34. പഞ്ചായത്ത്-കോർപറേഷൻ-മുനിസിപ്പാലിററികളുടെ വാർഡുതോറും നഴ്സറിസ്കൂളുകൾ സ്ഥാപിക്കുക, അവിടെ ഭക്ഷണവും പഠനസൗകര്യവും ലഭ്യമാക്കുക, ഹെൽത്ത്കാർഡ് സംവിധാനം തുടങ്ങിയ നടപടികളിലൂടെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക, പാഠപുസ്തകങ്ങളുടെ വില കുറക്കുക, ബാലാധ്വാനം തടയുക തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള പ്രവർത്തനം നടത്തണം.

35. ബാലസംഘം ഒരു സമരസംഘടനയല്ലെങ്കിൽപോലും ന്യായമായ ആവശ്യങ്ങൾകു വേണ്ടി നടക്കുന്ന സമരങ്ങളോട് അനുകൂലമനോഭാവം കുട്ടികളിൽ സൃഷ്ടിക്കണം.

36. ദാരിദ്ര്യംമൂലം പഠിക്കാൻ നിർവാഹമില്ലാതെ അലയുന്നവർകും, ചെറുപ്പം മുതലേ തൊഴിലെടുക്കാൻ നിർബന്ധിതരാകുന്നതുകാരണം പഠിക്കാൻ കഴിയാതെ പോയവർകും വിദ്യാഭ്യാസം നൽകാനുള്ള സംരംഭങ്ങളിൽ ഏർപെടണം.

37 അഴിമതി, അനീതി, ഉച്ചനീചത്വം തുടങ്ങിയ എല്ലാവിധ ചൂഷണങ്ങൾകും മർദനങ്ങൾകുമെതിരെ പ്രവർത്തിക്കാനും ചൂഷണരഹിതമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുമുള്ള അഭിനിവേശം കുട്ടികളിൽ സംജാതമാക്കണം.

38. പുരോഗമനവീക്ഷണമുള്ള ഒരു പുതിയതലമുറയെ വാർത്തെടുക്കുന്നതിനുള്ള വേദിയായി ബാലസംഘത്തെ കാണണം.

# രക്ഷാധികാരിസമിതി

പിൽകാലത്ത് പൊതുരംഗത്ത് മുൻകയ്യെടുത്ത് പ്രവർത്തിക്കേണ്ട തലമുറക്ക് ആവശ്യമായ പരിശീലനം നൽകുന്ന കളരിയാണ് ബാലസംഘമെന്ന ധാരണയോടെ പ്രവർത്തിക്കുന്ന രക്ഷാധികാരിസമിതികൾ യൂണിററ്തലം മുതൽ ജില്ലാതലംവരെ വേണം. എല്ലാതലങ്ങളിലുമുള്ള രക്ഷാധികാരിസമിതികൾ ഈ ധാരണയോടെ പ്രവർത്തിച്ചാൽ മാത്രമേ ബാലസംഘത്തിൻെറ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ കഴിയു.

കുട്ടികളുടെ രംഗത്ത് പ്രവർത്തിക്കുന്നതിന് സമയം കണ്ടെത്താൻ പററുന്നവരും കുട്ടികളോട് ഇണങ്ങിച്ചേരാൻ കഴിയുന്നവരും കുട്ടികളെ സ്നേഹിക്കുന്നവരുമായിരിക്കണം രക്ഷാധികാരികൾ. അധികാരസ്വഭാവത്തോടെയല്ല, മൂത്തജ്യേഷ്ഠൻെറയോ സുഹൃത്തിൻെറയോ പരമാവധി ഒരു ഇളയ അമ്മാവൻെറയോ മട്ടിൽവേണം കുട്ടികളോട് പെരുമാറാൻ.

കുട്ടികളുടെ അറിവും കലാ—കായിക വാസനകളും പരിപോഷിപ്പിക്കാനുള്ള പരിപാടികൾ ഏർപെടുത്തുകയാണ് യൂണിററ്തലത്തിൽ ബാലസംഘം ചെയ്യുന്നത്. യൂണിററ്തലത്തിൽ പ്രവർത്തിക്കുന്ന രക്ഷാധികാരികൾ അതുകൊണ്ട് വിശേഷിച്ചും ഈ പരിപാടികൾക്ക് ഫലപ്രദമായ നേതൃത്വംനൽകാൻ കഴിവുള്ളവർ ആയിരിക്കണം. യാന്ത്രികമായ നേതൃത്വമല്ല, കുട്ടികളുമായി ഇണങ്ങിച്ചേർന്ന് അവരിലൊരാളായി മാറിക്കൊണ്ടുള്ള പ്രവർത്തനമാണ് വേണ്ടത്.

ബാലസംഘം പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ നേതൃത്വം നൽകാൻ കഴിയണമെങ്കിൽ, രക്ഷാധികാരികൾക്ക് അതിനുവേണ്ട പരിശീലനം നൽകിയേ മതിയാകൂ. കുട്ടികളുടെ കളികൾ,

അവരെക്കൊണ്ട് ചെയ്യിക്കേണ്ട ശാസ്ത്രപരീക്ഷണങ്ങളും പ്രൊജക്ടുകളും, അവർക്ക് പറഞ്ഞുകൊടുക്കേണ്ട കഥകൾ, അവരെക്കൊണ്ട് പാടിക്കേണ്ട പാട്ടുകളും അവരെക്കൊണ്ട് അഭിനയിപ്പിക്കേണ്ട നാടകങ്ങളും—ഇവയിലെല്ലാം സവിശേഷമായ അഭിരുചിയും പരിജ്ഞാനവും രക്ഷാധികാരികൾക്കുവേണം, അധ്യാപകൻ ഒരു നടനായിരിക്കണം. ഒരു കലാകാരനായിരിക്കണം, സ്വന്തം ജോലിയെ വികാരവായ്പോടെ സ്നേഹിക്കുന്നവനായിരിക്കണം. അധ്യാപകരെക്കുറിച്ച് ആൻറൺചെക്കോവ് പറഞ്ഞ ഈ വരികൾ ബാലസംഘം രക്ഷാധികാരികളെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി ശരിയാണ്. കുട്ടികളുടെ ജിജ്ഞാസ നിറഞ്ഞ ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയത്തക്കരീതിയിൽ പുത്തൻ അറിവുകൾ അവർ സ്വായത്തമാക്കണം. കുട്ടികളുടെ വീടുകളിൽ പോകുകയും അച്ഛനമ്മമാരുമായി ഇടപഴകുകയും ജീവിതസാഹചര്യങ്ങൾ മനസിലാക്കിയിരിക്കുകയും ചെയ്താൽ മാത്രമേ കുട്ടികളെ ശരിയായി നയിക്കാൻ രക്ഷാധികാരികൾക്ക് കഴിയു.

രക്ഷാധികാരികൾക്ക് പരിശീലനം നൽകാനും മേഖലാ—ജില്ലാതലത്തിൽ അവരെ ഇടക്കിടെ വിളിച്ചുകൂട്ടി അനുഭവങ്ങൾ പങ്കിടാനും പ്രവർത്തനം വിലയിരുത്തി ഏകോപിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാനുമുള്ള സംവിധാനവും ഉണ്ടായിരിക്കണം. ഇത്തരം ഏകോപന പ്രവർത്തനങ്ങളിലൂടെ വിവിധ തലങ്ങളിൽ ഫലപ്രദമായ നേതൃത്വം നൽകുന്നതിന് സഹായിക്കുന്ന കൈപ്പുസ്തകങ്ങളും, മററു പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും ശേഖരങ്ങളും ഉണ്ടാകേണ്ടതുണ്ട്.

ബാലസംഘം കുട്ടികളുടെ സംഘടനയായതുകൊണ്ട് സംഘടനാപരമായ ചുമതലകളുടെ ഏറിയപങ്കും രക്ഷാധികാരികൾ തന്നെ വഹിക്കേണ്ടിവരും. യൂണിററുകൾ രൂപീകരിക്കുന്നതിലും ദൈനംദിനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിലും രക്ഷാധികാരിസമിതികളുടെ പൂർണമായ ശ്രദ്ധവേണം. യൂണിററുകൾ കൂടുമ്പോഴെല്ലാം രക്ഷാധികാരികളിലൊരാളെങ്കിലും പങ്കെടുത്തിരിക്കണം. പരിപാടികൾ നിശ്ചയിക്കുന്നതിലും സംഘടിപ്പിക്കുന്നതിലും അവർ കുട്ടികളെ സഹായിക്കണം. പോരായ്മകൾ തീർത്ത് മുന്നേറുവാൻ അവർ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ഓരോ കുട്ടിയുടെയും സവിശേഷതകൾ പഠിച്ച്

ദൗർബല്യങ്ങൾ തീർകാനും കഴിവുകൾ വളർതാനും സ്നേഹപൂർവം നയിക്കാനും ആവശ്യമുള്ളിടത്ത് സംരക്ഷണം നൽകാനും രക്ഷാധികാരികൾ തയ്യാറാകണം. കലാപരിപാടിയായാലും കായികപരിശീലനമായാലും ക്ളാസായാലും ക്യാമ്പായാലും ഘോഷയാത്രയായാലും തങ്ങൾ സദാ ഒപ്പമുണ്ടെന്ന് കുട്ടികൾക് ബോധ്യം വരത്തക്കരീതിയിൽ രക്ഷാധികാരികൾ പെരുമാറണം.

രക്ഷാധികാരികളായി തക്ക കാഡറുകളെ തെരഞ്ഞെടുക്കുകയും അവർകുവേണ്ട പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ടെന്നാണ് ഈ പറഞ്ഞതിൻെറ രത്നച്ചുരുക്കം. ബാലസംഘത്തിൻെറ സജീവവും കാര്യക്ഷമവുമായ പ്രവർതനം രക്ഷാധികാരി സമിതികളെ ആശ്രയിച്ചിരിക്കുന്നു.

## കുട്ടികളോട് പെരുമാറേണ്ട രീതി

കുട്ടികളുമായി ഇടപഴകുകയും അവരോട് കൂട്ടുകൂടുകയും ചെയ്യുന്നത് വളരെ പ്രയാസകരമാണെന്ന ഒരു ധാരണയുണ്ട്. പക്ഷെ, യഥാർഥത്തിൽ അവരുമായി കൂട്ടുചേരുന്നതിനെക്കാൾ രസകരവും എളുപ്പവുമായി മറെറാന്നുമില്ല. നമ്മളൊക്കെ കുട്ടികളായ ശേഷമാണല്ലൊ വലിയവരായിത്തീർനത്. കുട്ടികളായിരുന്നപ്പോൾ നമ്മെ രസിപ്പിച്ചിരുന്നതും നമ്മെ വെറുപ്പിച്ചിരുന്നതുമായിരുന്ന അനുഭവങ്ങൾ ഒന്ന് തരംതിരിച്ചു പഠിച്ചാൽ കുട്ടികളോട് പെരുമാറേണ്ട രീതി പിടികിട്ടും.

കൂട്ടുകാരോടൊപ്പം സ്വച്ഛന്ദമായി കളിക്കാൻ കിട്ടുന്ന അവസരങ്ങളായിരുന്നു നമുക്ക് ഏററവും ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ. കൂട്ടുകാരെപ്പോലെ നമ്മോടൊപ്പം ചേരുന്ന അധ്യാപകരും കുടുംബത്തിലെ മുതിർനവരുമായിരുന്നു നമുക്കേററവും പ്രിയപ്പെട്ടവർ. കൊച്ചുദുഃഖങ്ങൾ മൂലം നമ്മൾ വിതുമ്പിക്കരയുമ്പോൾ അടുത്തുപിടിച്ച് ആശ്വസിപ്പിക്കുകയും കഥകൾ പറഞ്ഞുതരികയും ചെയ്യുന്ന മുത്തശ്ശിമാരും, ചിരിതൂകുന്ന മുഖവും നിറയെ കഥകളുമായി നമ്മുടെ മുമ്പിൽ വരുന്ന അധ്യാപകരും നമുക്കിഷ്ടപ്പെട്ടവരായിരുന്നു. എന്തുചോദ്യവും ചോദിക്കാൻ അവസരം കിട്ടുന്ന ക്ലാസുകൾ നമുക്കിഷ്ടമായിരുന്നു. നമ്മുടെ കഴിവുകളെ അഭിനന്ദിക്കുന്നവരെ നമുക്ക് വലിയ ആദരവായിരുന്നു.

മറിച്ച്, ഒന്നുചിരിക്കുകപോലും ചെയ്യാത്ത അധ്യാപകരും, തൊട്ടതിനും പിടിച്ചതിനുമൊക്കെ 'അരുതെ'ന്നു വിലക്കുന്ന മുതിർന്നവരും നമ്മെ വെറുപ്പിച്ചിരുന്നു. കുരുന്നുസംശയങ്ങൾ ചോദിക്കാൻ അനുവദിക്കാത്ത ക്ലാസുമുറികൾ നമ്മെ മടുപ്പിക്കുമായിരുന്നു. നമ്മുടെ ചെറിയ തെററുകൾപോലും പെരുപ്പിച്ച് കാണുകയും നമ്മെ പരിഹസിക്കുകയും ചെയ്തിരുന്ന മുതിർന്നവരോട് നമുക്ക് പകയുണ്ടായിരുന്നു. കാണാപ്പാഠം പഠിക്കേണ്ടിവരുന്ന വിഷയങ്ങൾ നമ്മൾ വെറുത്തിരുന്നു.

ഈ അനുഭവങ്ങളൊന്നു വിലയിരുത്തിയാൽ നമുടെ പിശക് നമുക്കുതന്നെ ബോധ്യപ്പെടും.

കുട്ടികളുമായി ഇണങ്ങുന്നത് വളരെ പ്രയാസകരമാണെന്നതിന് പലകാരണങ്ങളും മുതിർന്നവർ കണ്ടെത്താറുണ്ട്. മുതിർന്നവരുടെ ജീവിതപ്രയാസങ്ങൾ, രാപ്പകലൊഴിയാത്ത തിരക്കുകൾ, പാഠപുസ്തകളുടെ മുഷിപ്പൻ സ്വഭാവം—ഇങ്ങനെ പോകും കാരണങ്ങൾ. എന്നാൽ ഇവയെല്ലാം വെറും ഒഴികഴിവുകൾ മാത്രമാണ് എന്ന് കുറച്ചൊന്നാലോചിച്ചാൽ ബോധ്യപ്പെടും.

കൊച്ചുകുട്ടികളോടൊത്ത് അൽപസമയം ചെലവഴിച്ചുനോക്കു. അവർ നിങ്ങളോട് നൂറു കാര്യങ്ങൾ പറയും. അവ ശ്രദ്ധിച്ചുകേൾകുന്നത് നിങ്ങളുടെതന്നെ അറിവും അനുഭവവും വർധിപ്പിക്കും. അവർ നിങ്ങളോട് നൂറു ചോദ്യങ്ങൾ ചോദിക്കും. എല്ലാത്തിനും ഉത്തരം പറയാൻ കഴിഞ്ഞെന്നുവരില്ല. അതിൽ പരിഭ്രമിച്ച് അവരെ നിരുത്സാഹപ്പെടുത്തുകയും ചോദ്യം ചോദിക്കുന്നതിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ചോദ്യംകൊല്ലികളാകാതെ, അവരുടെ ചോദ്യങ്ങൾ ആസ്വദിക്കുകയും അർഥമുള്ള ചോദ്യങ്ങളിലേക്കും അവക്കുള്ള ഉത്തരങ്ങളിലേക്കും അവരെ പതുക്കെ കണ്ടു നയിക്കുകയാണ് വേണ്ടത്.

കുട്ടികളുടെ ചോദ്യങ്ങൾക് മറുപടി പറയാൻ കഴിയണമെങ്കിൽ നമുക്കു പലതും പുതുതായി പഠിക്കേണ്ടിവരും. അതിന് തയ്യാറാകണം. ചുററുമുള്ള ചെടികളുടെയും പൂക്കളുടെയും പേര് പറഞ്ഞുകൊടുക്കണമെങ്കിൽ നമുക്കതറിയണം. കുട്ടികൾക് നക്ഷത്രങ്ങളെ പരിചയപ്പെടുത്താൻ കഴിയണമെങ്കിൽ നക്ഷത്രങ്ങളെ നമുക്ക് പരിചയമുണ്ടാകണം. അവർക് കഥ പറഞ്ഞുകൊടുക്കാൻ സാധിക്കണമെങ്കിൽ നമുക്ക് കഥകൾ നിശ്ചയമുണ്ടാകണം. അവരുടെ മനസിൽ ചോദ്യങ്ങളുടെ വിത്ത്

എറിയണമെങ്കിൽ, നമ്മുടെ ബുദ്ധിയിൽ ചോദ്യങ്ങൾ ഉയരണം.

ഇതിനൊക്കെ നാം തയ്യാറാകണമെന്നതാണ് കാര്യം. ''മനുഷ്യന്റെ പിതാവാണ് കുട്ടി'' എന്ന് അംഗീകരിക്കാൻ നാം തയ്യാറാകണം. അങ്ങനെ തയ്യാറായവരാണ് മനുഷ്യചരിത്രത്തിലെ അറിയപ്പെടുന്ന എല്ലാ പ്രതിഭാശാലികളും.

കുട്ടികളോട് ഇടപഴകുന്നതിന് ഒരു സ്ററാൻഡേർഡ് ശൈലിയൊന്നുമില്ല. നമുക്കോരോരുത്തർകും, നമുക്കുള്ള കഴിവുകളും വാസനകളുമായി ബന്ധപ്പെടുത്തി, കുട്ടികളോട് ഇടപഴകുന്നതിനുള്ള സ്വതസിദ്ധമായ ശൈലി വികസിപ്പിച്ചെടുക്കാനാവും.

കുട്ടികളുമായി ആശയവിനിമയം നടത്തുമ്പോൾ അവരെ മുഷിപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികൾക്ക് മുഷിപ്പ് തോന്നിത്തുടങ്ങുന്നതോടെ അവരുമായുള്ള ആശയവിനിമയം നിലയ്ക്കുന്നു എന്ന് അറിയുക.

ഏറക്കുറെ ഏതു വിഷയത്തെക്കുറിച്ചും കുട്ടികളോട് ആശയവിനിമയം നടത്താം. പക്ഷെ, അതിന് നമുക്ക് വിഷയത്തെക്കുറിച്ച് അറിവുണ്ടായിരിക്കണം. വെറും അറിവുപോരാ. നിഷ്കൃഷ്ടവും സമഗ്രവും ആയ അറിവ്.

കുട്ടികളോട് സംസാരിച്ചാൽമതി, പ്രസംഗിക്കരുത്. അവരോട് കുശലങ്ങൾ ചോദിക്കണം, ചിരിക്കണം. ചോദ്യോത്തരങ്ങളും കഥകളും പാട്ടുകളുമായി കുട്ടികളോടൊത്ത് മുന്നോട്ടുപോകാം. ഒരു കാരണവശാലും അരമണിക്കൂറിലേറെ സംഭാഷണം നീണ്ടുപോകരുത്.

കുട്ടികളുടെ പ്രായപരിധി മനസിലാക്കണം. അതിനനുസരിച്ച് അവതരണരീതിയും ഭാഷാശൈലിയും ക്രമീകരിക്കണം. പല പ്രായങ്ങളിലുള്ള കുട്ടികൾ അടങ്ങുന്ന സദസാണെങ്കിൽ, പ്രായം ഏററവും കുറഞ്ഞ കുട്ടികളുടെ തലത്തിൽ നിന്ന് സംസാരിക്കണം. ധാരാളം കുട്ടികളും ഏതാനും മുതിർന്നവരും ഉള്ള സദസാണെങ്കിൽ, ആദ്യം കുട്ടികളോട് സംസാരിക്കുക. ഒരിക്കലും അവരെ അവഗണിച്ച് മുതിർനവരോട് സംസാരിക്കാനൊരുമ്പെടരുത്. കുട്ടികളോട് സംസാരിച്ചു തീർനശേഷം അവരുടെതന്നെ അനുവാദത്തോടെ മുതിർനവരോട് സംസാരിക്കാം.

ക്ളാസ്റൂം രീതി അവലംബിക്കുന്നത് മിക്കപ്പോഴും അരോചകമാവും. ക്ളാസ്മുറിയിൽ മിക്കപ്പോഴും ഒരേ ദിശയിലുള്ള

—അധ്യാപകനിൽനിന്ന് കുട്ടിയിലേക്ക് മാത്രമായുള്ള—ആശയപ്രവാഹമാണ് നടക്കുന്നത്. ഇത് കുട്ടികളെ മടുപ്പിക്കുന്നു. ക്ലാസ് റൂം കുട്ടികൾക്ക് തടവുമുറിയാകുന്നു. കുട്ടികൾക്ക് മാത്രമല്ല, അധ്യാപകർക്കും ക്ലാസ്മുറികളോട് വെറുപ്പാണ്. സിലബസും പാഠപുസ്തകവുമൊക്കെ അപ്രസക്തവും പ്രായോഗികജീവിതത്തിൽ സഹായിക്കാത്തതുമാണെന്ന ബോധ്യമാണ് അധ്യാപകരുടെ വെറുപ്പിനുകാരണം. അധ്യാപകന് രസിക്കാതെ വരുമ്പോൾ ആ അധ്യാപകൻ പറയുന്നത് കുട്ടികൾകെങ്ങനെ രസിക്കും? അതുകൊണ്ട്, നിത്യപരിചയം കൊണ്ട് വിരസമായി തീർന്നിട്ടുള്ള ക്ലാസ്റൂം രീതി ഉപേക്ഷിച്ച്, പാഠ്യവിഷയങ്ങളെ നിത്യജീവിതാനുഭവങ്ങളോടും പരിചിതമായ സാമൂഹ്യബന്ധങ്ങളോടും കോർത്തിണക്കി അവതരിപ്പിക്കണം. കുട്ടികൾകും അധ്യാപകനും അന്യോന്യം ആശയങ്ങൾ പകരാൻ അവസരം ലഭിക്കണം. തുടക്കത്തിൽതന്നെ, ക്ലാസ്മുറികളിലെ മുഷിപ്പൻ ശൈലിയിൽ നിന്ന് വ്യത്യസ്തമാണ് നമ്മുടെ പ്രവർത്തന ശൈലി എന്ന് കുട്ടികളെ ബോധ്യപ്പെടുത്താൻ കഴിയണം.

കുട്ടികളുമായി സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷ വളരെ പ്രധാനമാണ്. ലളിതവും താളാത്മകവുമായ ഭാഷയാണ് കുട്ടികളുടേത്. പ്രായമനുസരിച്ച് അതിലും വ്യത്യാസം ഉണ്ടാകുന്നു. ഇത് കണ്ടറിഞ്ഞ് അതത് പ്രായക്കാർക്ക് പററിയ ഭാഷ ഉപയോഗിക്കാൻ അധ്യാപകൻ പഠിക്കണം. ഭാഷകൊണ്ട് ആശയവിനിമയത്തിന് തടസം സൃഷ്ടിക്കപ്പെടാതെ സൂക്ഷിക്കണം. ലാളിത്യവും താളാത്മകതയുംപോലെ തന്നെ പ്രധാനമാണ് പറയുന്ന രീതിയിൽ വരുത്തുന്ന പുതുമ. സൂര്യോദയം ഓരോ പ്രഭാതത്തിലും പുതുതും ഉൻമേഷദായകവുമായി തോന്നുന്നതുപോലെ, അധ്യാപകൻെറ ഭാഷയും ഓരോ അവസരത്തിലും പുതുതും ഉൻമേഷകരവുമായി കുട്ടികൾക്ക് തോന്നണം. നിരന്തരമായ പഠനവും തയ്യാറെടുപ്പും ഇതിൽ അനിവാര്യമാണ്.

കുട്ടികൾക്ക് കഥകളും പാട്ടുകളും ചിത്രങ്ങളും ഇഷ്ടമാണ്. വർണ്ണങ്ങൾ അവർകിഷ്ടമാണ്. കളികൾ അവർകിഷ്ടമാണ്. കുട്ടികളുമായി ഇടപഴകുമ്പോൾ ഇവയൊക്കെ ഉപയോഗിച്ചേ മതിയാകൂ.

സർഗാത്മകത ഏററവും സജീവമായിരിക്കുന്ന ബാല്യത്തിൽ എന്തും അവർ പഠിക്കും. തൊഴിലാളികളുടെ സഹായ

ത്തോടെ ആശാരിപ്പണിയും കൃഷിപ്പണിയും കൊല്ലപ്പണിയുമൊക്കെ ഈ പ്രായത്തിൽ അവരെ പഠിപ്പിക്കാൻ കഴിയും. അധ്വാനിക്കുന്നവർ അധ്യാപകരാണെന്ന്, അധ്വാനം സമ്പത്താണെന്ന് പ്രായോഗികാനുഭവത്തിലൂടെ അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാനാവും. ഇന്നത്തെ മുതിർന്നവർക്ക് നഷ്ടപ്പെട്ട ഈ അവസരം ബാലസംഘം വരും തലമുറക്ക് പകർന്നുകൊടുക്കണം.

പുരോഗമനാശയങ്ങളും സിദ്ധാന്തങ്ങളും കുട്ടികളിൽ കുത്തിച്ചെലുത്താൻ അമിതമായി ധൃതികൂട്ടേണ്ടതില്ല. പാത്രം ഉണ്ടാക്കലാണ്, പാത്രം നിറയ്ക്കലല്ല ബാലസംഘം ചെയ്യുന്നത്. കരുത്തും ഈടുമുള്ള ആശയങ്ങൾ ഉൾക്കൊള്ളാനും അർഥവത്തായ ചോദ്യങ്ങൾ ഉയർത്താനും കഴിവുള്ളവരായി അവരെ നമുക്ക് വളർത്താം. അവരുടെ സർഗാത്മകതയെ പ്രോജ്വലിപ്പിക്കാം. അത്രയും ബാലസംഘം ചെയ്യണം. ബാലസംഘം അത്രയും ചെയ്താൽ മതി.

## പഠനവിഷയങ്ങൾ

പ്രകൃതി അഥവാ പ്രപഞ്ചം, സമൂഹം, ശാസ്ത്രം ഇവയുമായി ബന്ധപ്പെട്ട ഏതു വിഷയവും ബാലസംഘം യൂണിററ് യോഗങ്ങളിലും ക്യാമ്പുകളിലും പഠനവിഷയങ്ങളാക്കാവുന്നതാണ്. ഏതുവിഷയം തെരഞ്ഞെടുത്ത് പഠിപ്പിക്കുമ്പോഴും അത് എങ്ങനെ പഠിപ്പിക്കണമെന്ന് നിശ്ചയിക്കുന്നത് ''കുട്ടികളോട് പെരുമാറേണ്ടരീതി'' എന്ന മുൻ അധ്യായത്തിൽ ചൂണ്ടിക്കാട്ടിയ വസ്തുതകൾ പരിഗണിച്ചും കുട്ടികളുടെ പ്രായം, വിഷയം ഉൾക്കൊള്ളാനുള്ള ശേഷി എന്നിവ പരിഗണിച്ചും ആയിരിക്കണം.

സ്ഥൂലപ്രപഞ്ചവും സൂക്ഷ്മപ്രപഞ്ചവും, ഇവ രണ്ടിനും ഒരുപോലെ ബാധകവും പ്രപഞ്ചത്തിന്റെ നിലനിൽപിന്ന് നിദാനവുമായ ചലനം, ദ്രവ്യ—സ്ഥലകാലങ്ങളുടെ സാതത്യം, പ്രപഞ്ചത്തിന്റെ വൈവിധ്യവും സാധർമ്യവും, അചേതന പ്രപഞ്ചവും സചേതന പ്രപഞ്ചവും, അചേതനത്തിൽ സചേതനത്തിലേക്കുള്ള വളർച്ച, ജീവലോകത്തിന്റെ അനുക്രമമായ വികാസത്തിന്റെ ഘട്ടങ്ങളും പരിണാമസിദ്ധാന്തവും, മനുഷ്യന്റെ ഉദ്ഭവവും വളർചയും, മനുഷ്യന്റെ വളർചയിൽ ഭാഷക്കും കൂട്ടായ അധ്വാനത്തിനും ആയുധങ്ങളുടെ പ്രയോഗത്തിനുമുള്ള സ്ഥാനം, ഉൽപാദനോപകരണങ്ങളുടെ വികാസത്തിന്റെയും ഉൽപാദന

രീതിയിൽ അനിവാര്യമായിവന്ന മാററങ്ങളുടെയും ഫലമായി മനുഷ്യസമൂഹത്തിൽ വന്ന മാററങ്ങളുടെ വിവിധഘട്ടങ്ങൾ, ഭക്ഷണം, ആയുധം,പാർപ്പിടം തുടങ്ങി ജീവിതസൗകര്യങ്ങളുടെ രംഗത്തുവന്ന അനുക്രമമായ വികാസം, കല–സാഹിത്യ–സംസ്കാരരംഗങ്ങളിലെ വിവിധ പ്രവണതകൾ, അവക്ക് രൂപംനൽകിയ മഹാപ്രതിഭാശാലികളുടെ ജീവചരിത്രം,ശാസ്ത്രരംഗത്തെ വളർച്ച,വിവിധ ശാസ്ത്രശാഖകൾ, നാനാവിജ്ഞാനമേഖലകളിലെ അന്വേഷണങ്ങൾ, ശാസ്ത്രരംഗത്തെ കണ്ടുപിടുത്തങ്ങൾ നടത്തിയ മേധാശാലികളുടെ ജീവചരിത്രം, ദേശീയ വിമോചനപ്രസ്ഥാനങ്ങൾ, ആദികാലംതൊട്ട് സാമൂഹ്യമാററങ്ങൾക്ക് നേതൃത്വംനൽകിയ ധീരനായകരുടെ ജീവചരിത്രം തുടങ്ങി അനന്തങ്ങളായ വിഷയങ്ങളുണ്ട്. കുട്ടികളെ പഠിപ്പിക്കാൻ തെരഞ്ഞെടുക്കാവുന്നവയായിട്ട്. ഇവയിൽ ചിലത് അനുബന്ധം'(1)ൽ കൊടുത്തിട്ടുള്ളത് കാണുക.

മനുഷ്യരാശിയുടെ വികാസത്തിൻെറ ചരിത്രപരസ്വഭാവം മനസിൽ കണ്ട് അതിന് അനുയോജ്യമായ രീതിയിൽ വേണം ഈ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്കു പകരാൻ.

## ദിനാചരണങ്ങൾ

മാനവരാശിയുടെ മുന്നേററത്തിന് സാക്ഷ്യം വഹിച്ചവയും അറിയപ്പെടുന്നവയുമായ ദിനങ്ങളുടെ സ്മരണ കുട്ടികളിൽ ഉജ്വലിപ്പിക്കാനും ആ സ്മരണയിൽ നിന്ന് ആവേശമുൾകൊണ്ട് നാളത്തെ മുന്നേററത്തിൻെറ ശിൽപികളാകാൻ അവരെ പ്രേരിപ്പിക്കാനും ദിനാചരണങ്ങൾ സഹായിക്കും. കൊടി ഉയർത്തുക, തോരണങ്ങൾ കെട്ടി അലങ്കരിക്കുക, പൊതുയോഗങ്ങൾ ചേരുക തുടങ്ങിയ രീതിയിലുള്ള ദിനാചരണമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. യാന്ത്രികസ്വഭാവം അൽപം പോലും വരാനിടകൊടുക്കാതെ സ്മരണീയദിനത്തിൻെറ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തുകയാണ് ദിനാചരണങ്ങൾകൊണ്ട് ബാലസംഘം ഉദ്ദേശിക്കുന്നത്. കഥ, പാട്ട്, കവിതചൊല്ലൽ, നാടകം, കളി, പുസ്തകവായന തുടങ്ങി ഏതുരൂപവും അവസരത്തിനൊത്ത് യൂണിററിലെ ദിനാചരണത്തിന് ഉപയോഗിക്കാം.

ദേശീയപ്രാധാന്യമുള്ള ദിവസങ്ങൾ, ശാസ്ത്രജ്ഞൻമാർ, സാഹിത്യനായകൻമാർ, കലാകാരൻമാർ, ചിന്തകർ, സാമൂഹ്യ

പരിഷ്കർത്താക്കാം, വിപ്ളവ സേനാനികരം തുടങ്ങിയ മഹാൻമാരുടെ ജൻമദിനങ്ങളും ചരമദിനങ്ങളും, വിശ്വവിശ്രുതങ്ങളായ കണ്ടുപിടുത്തങ്ങരം നടന്ന ദിവസങ്ങരം, ദേശീയവും സാർവദേശീയവുമായി ആചരിക്കുന്ന ശിശുബാലദിനങ്ങരം എന്നിവ ദിനാചരണത്തിന് തെരഞ്ഞെടുക്കാം. കൂടാതെ, സാമൂഹ്യപുരോഗതിക്കുവേണ്ടി പ്രാദേശികതലത്തിൽ പ്രയത്നിക്കുകയും പോരാടുകയും ചെയ്ത ധീരസേനാനികളുടെ സ്മരണയുമായി ബന്ധപ്പെട്ട ദിവസങ്ങളും ദിനാചരണത്തിന് തെരഞ്ഞെടുക്കാവുന്നതാണ്.

ദിനാചരണത്തിന് സ്വീകരിക്കാവുന്ന ഏതാനും ദിവസങ്ങരം അനുബന്ധം (2)ൽ കൊടുത്തിരിക്കുന്നു. യൂണിററുകരംക് യഥോചിതം ഇവയിൽ വെട്ടിക്കുറവ് വരുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്.

## കഥകൾ കാര്യകഥകൾ

കഥകരം ഒരുപാടുണ്ട്. ഏത് സന്ദർഭത്തിനും ഉതകുന്ന കഥകരം കണ്ടെത്താനാവും.ഏതാശയവും ഉരംകൊള്ളുന്ന കഥകരം സൃഷ്ടിക്കാനും കഴിയും.

നാടോടിക്കഥകളാണ് ഏററവും നല്ലത്. അവ അനേകകാലമായി നിലനിൽകുന്നവയാണ്. അതുകൊണ്ടുതന്നെ കാലത്തിൻെറ പരീക്ഷണം അതിജീവിച്ചവയും. അവയിൽ ഏറിയ പങ്കും സാധാരണക്കാരുടെ കഥകളാണ്. നമ്മുടെ വിജയവും തിൻമയുടെ പരാജയവും വിവരിക്കുന്നവ. മിക്കവയിലും ദുഷ്ട കഥാപാത്രങ്ങരം മരിക്കുന്നു. ഇവ ഔചിത്യത്തോടെ നമുക്കുപയോഗിക്കാം.

പുരാണകഥകരം നമ്മുടെ ജീവിതവും സംസ്കാരവുമായി ഇഴുകിച്ചേർനിട്ടുള്ളവയാണ്. അവയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.

ഈ കഥകളിലൊക്കെ അവിശ്വസനീയങ്ങളും അദ്ഭുതകരങ്ങളുമായ സംഭവങ്ങളും അസാധാരണരായ കഥാപാത്രങ്ങളുമുണ്ട്. കുട്ടികരംക് ഇവയൊക്കെ ഇഷ്ടമാണ്. രാക്ഷസൻമാരും മാന്ത്രികവാലുള്ള കുരങ്ങൻമാരും മാന്ത്രികവിളക്കുകളും സ്വർണമുട്ട ഇടുന്ന താറാവും വെള്ളിച്ചിറകുള്ള മാലാഖമാരും ഒക്കെ

അവരുടെ ലോകത്തിലുണ്ട്. ഇളംപ്രായത്തിൽ ഇവയൊക്കെ ആവശ്യമാണെന്നറിയുക. രാവണൻെറ പത്ത് തല പോലും യഥാസ്ഥാനത്ത് ഇരുന്നുകൊള്ളട്ടെ. ജീവിതാനുഭവങ്ങളുടെയും ശാസ്ത്രപഠനത്തിൻെറയും തീച്ചൂടേൽകുമ്പോഴ ക്രമത്തിൽ മാന്ത്രികവിളക്കും വെള്ളിച്ചിറകും പത്തുതലയുമൊക്കെ ഉരുകി അപ്രത്യക്ഷമായിക്കൊള്ളും.

സോഷ്യലിസ്ററ് രാഷ്ട്രങ്ങളിൽ നാടോടിക്കഥകഠം സമാഹരിച്ച് സംരക്ഷിക്കാൻ തീവ്രമായ ശ്രമം നടക്കുന്നുണ്ട്. ജർമനിയിൽ ഗ്രിംസഹോദരൻമാർ അത് ചെയ്യുകയുണ്ടായി. ചൈനയിലും നാടോടികഥകളുടെ വിപുലമായ സമാഹാരങ്ങഠം പുറത്തുവന്നിട്ടുണ്ട്. നമ്മുടെ നാട്ടിലും ഈ വഴിക്കുള്ള ശ്രമങ്ങഠം നടത്തിയില്ലെങ്കിൽ നമ്മുടെ നാടോടിക്കഥാസമ്പത്തും മൺമറഞ്ഞുപോകും.ബാലസംഘത്തിൻെറ ആഭിമുഖ്യത്തിൽ, കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും മുത്തച്ഛൻമാരെയും മുത്തശ്ശിമാരെയും പിടിച്ചിരുത്തി കഥകഠം പറയിച്ച് സമാഹരിക്കുന്നതിനുവേണ്ടിബാലകഥാസദസുകഠം സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

കഥകളെ, അൽപം ഭാവനയുണ്ടെങ്കിൽ, കാര്യകഥകളാക്കി മാററാം. ചരിത്രവും ശാസ്ത്രവും സാമൂഹ്യബന്ധങ്ങളും ഈ കാര്യകഥകളിലൂടെ അവതരിപ്പിക്കാനാവും.

# നാടകങ്ങൾ, പാട്ടുകൾ, കവിതകൾ

## നാടകങ്ങൾ

സർഗപരമായ കഴിവിൻെറ ഏററവും ഉയർന തലമാണ് നാടകങ്ങളിൽ പ്രതിഫലിക്കുന്നതെന്ന തത്വം കുട്ടികളെ സംബന്ധിച്ചും സത്യമാണ്. കുട്ടികളുടെ സർഗപരമായ കഴിവുകളിൽ മുഖ്യമായ ഒരിനമാണ് കളികൾ. കളികളിൽ ഏററവും ഉയർന രൂപമാണ് അവർ നൈസർഗികമായി അവതരിപ്പിക്കുന്ന നാടകങ്ങൾ. മണ്ണപ്പം ചുടുന്നതും വീടുണ്ടാക്കുന്നതും പാഠശാലയിൽ പഠിപ്പിക്കുന്നതുംമുതൽകുള്ള വിഷയങ്ങൾ കുട്ടികൾ സ്വയം നാടകങ്ങൾക്ക് വിഷയമാക്കുന്നു. അവരുടെ ഭാവനാശേഷിയും ജീവിതവീക്ഷണപാടവവും കൂട്ടായി പ്രവർത്തിക്കാനുള്ള കഴിവും നാടകത്തിൽ അവർ ഒത്തുചേർകുന്നു. അനുകരിക്കുക മാത്രമല്ല, സ്വപ്നം കാണുക, കണ്ടെത്തുക, കീഴടക്കുക, പുനഃസൃഷ്ടി നടത്തുക ഇവയെല്ലാം അവർ നാടകത്തിൽ ചെയ്യുന്നു. തലമുറകളിലൂടെ കുട്ടികൾ കളിക്കുന്ന നാടകങ്ങൾ നിരീക്ഷിച്ചാൽ മണ്ണപ്പം ചുടുന്നതിൻെറയും മററും നിലവാരത്തിൽ നിന്ന് രാകേശ്ശർമ ശൂന്യാകാശത്തിലേക്ക് യാത്രചെയ്യുന്നതുവരെ അവ വളർന്നിട്ടുണ്ടെന്ന് കാണാം. സ്കൂൾകെട്ടിടം തകർന്നുവീണ് കുട്ടികൾ മരിക്കുന്നതും ഉരുൾപൊട്ടലിൻെറ ഫലമായി കുടിലുകൾ തകരുന്നതും ഒക്കെ ഇന്ന് അവർ പ്രമേയമാക്കുന്നുണ്ടെങ്കിൽ, ജീവിതാനുഭവങ്ങളിൽവന്ന മാററമാണതിൻെറ പിന്നിലെന്ന് നാം മനസിലാക്കേണ്ടതുണ്ട്.

കുട്ടികളുടെ ഭാവനാശേഷിയും ജീവിതവീക്ഷണപാടവവും കൂട്ടായ്മയും പോഷിപ്പിക്കുകയാണ് ബാലസംഘത്തിലൂടെ ചെയ്യേണ്ടത്. എന്നാൽ, ഇതിനെതിരായുള്ള സ്വാധീനങ്ങളാണ് കുട്ടികളിൽ ചെലുത്തപ്പെടുന്നത്. റേഡിയോനാടകങ്ങളും പ്രൊഫഷണൽ നാടകങ്ങളും രംഗങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ

എന്നിവയെക്കുറിച്ചും സ്റേറജ്, മേക്കപ്പ്, പശ്ചാത്തലം എന്നിവയെക്കുറിച്ചും വളർത്തിയെടുത്തിട്ടുള്ള വികലധാരണകൾ കുട്ടികളുടെ നാടകബോധത്തേയും സ്വാധീനിക്കുന്നതായാണ് സ്കൂൾ—കോളേജ് തലങ്ങളിൽ നടക്കുന്ന നാടകാവതരണങ്ങൾ കാണിക്കുന്നത്. മുതിർന്നവരുടെ സങ്കൽപങ്ങൾ കുത്തിനിറക്കാനുള്ള കാലിച്ചാക്കായി കുട്ടികളുടെ മനസിനെ കാണുന്നതിൻെറ നാടകരംഗത്തുള്ള പ്രതിഫലനമാണ് ഇത്. നന്നെ ഇളപ്പത്തിലെ ചെയ്യുന്നതുപോലെ വളർന്നുവരുമ്പോഴും കുട്ടികളെ സ്വതന്ത്രമായി സ്വന്തം ചുററുപാടുകൾ നിരീക്ഷിക്കാനും സ്വന്തം ജീവിതാനുഭവങ്ങൾ ശ്രദ്ധിച്ചു പഠിക്കാനും പരസ്പരം അനുഭവങ്ങൾ കൈമാറാനും വിടുകയാണെങ്കിൽ ഈ വിപത്ത് ഒഴിവാക്കാനും മണ്ണപ്പം ചുട്ടുകളിക്കുന്ന ലാഘവത്തോടെ നാടകങ്ങൾ കളിക്കാനും അവർക് പിന്നീടും സാധ്യമാകും.

കുട്ടികളുടെ നാടകങ്ങളിൽ നൈസർഗികത്വം പുലരാനനുവദിക്കണമെന്നാണ് മേൽപറഞ്ഞതിൻെറ അർത്ഥം. ഇതിനുവേണ്ടി ബാലസംഘം നടത്തുന്ന പ്രവർത്തനം അവരുടെ നൈസർഗികമായ വളർച്ചക്കും അതിലൂടെ അവരിലെ സർഗാത്മകതയുടെ വികസനത്തിനും കാരണമാകും.

ഈ അടിസ്ഥാനത്തിൽ വേണം ബാലസംഘം നാടകരചനകളെയും നാടകാവതരണത്തെയും കാണാൻ. കൂട്ടായിരുന്ന് നടത്തുന്ന ചർച്ചയിലൂടെ നാടകം വികസിപ്പിച്ചെടുക്കാനും അവതരിപ്പിക്കാനും കുട്ടികളെ പരിശീലിപ്പിക്കാവുന്നതാണ്. പ്രമേയങ്ങൾ അവർതന്നെ കണ്ടെത്തുന്നവയോ ചില സൂചനകളിലൂടെ അവർകു നൽകുന്നവയോ ആകാം. പാഠപുസ്തകങ്ങളിലെ കാവ്യഭാഗങ്ങളും കഥകളും സംഭാഷണങ്ങളും പ്രമേയത്തിന് അടിസ്ഥാനമായെടുക്കാം. അവതരണത്തിന് മേക്കപ്പിൻെറയും സ്റേറജിൻെറയും സങ്കീർണമായ പശ്ചാത്തലസംവിധാനങ്ങളുടെയും സഹായമില്ലാതെതന്നെ അവരെ പരിശീലിപ്പിക്കാവുന്നതേയുള്ളു. പ്രകൃതിയോടും ചുററുപാടുകളോടും കുട്ടികളെ പൊരുത്തപ്പെടുത്തുന്നതിനും അവരിലെ മാനവികത വളർത്തുന്നതിനും ഉള്ള അനന്തമായ സാധ്യതകൾ ഇത്തരത്തിലുള്ള നാടകപരിശീലനത്തിലൂടെ കണ്ടെത്താൻ കഴിയും.

ഒരു നാടകം അനുബന്ധമായി ചേർകുന്നു. ഇതുപോലെ നിരവധി നാടകങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാൻ കഴിയണം.

## പാട്ടുകൾ, കവിതകൾ

കുട്ടികളെ സമീപിക്കുമ്പോൾ പാട്ട് അനിവാര്യമാണ്. ഏത് വിഷയവും ഇടക്ക് പാട്ടുകൾ പാടി പഠിപ്പിക്കാൻ കഴിഞ്ഞാൽ കുട്ടികൾക്ക് ഹൃദ്യമാവും. ഓർമിച്ചുവക്കാൻ എളുപ്പവുമാകും. അതുകൊണ്ട് അതതുവിഷയങ്ങൾ കുട്ടികളുടെ മുമ്പാകെ അവതരിപ്പിക്കുന്നതിന് ഉതകുന്ന പാട്ടുകൾ ഉണ്ടാകണം.

കടങ്കഥകളിലും പഴഞ്ചൊല്ലുകളിലും നാടൻപാട്ടുകളിലും ഈ നാടിൻെറ സംസ്കാരം ഒളിഞ്ഞിരിക്കുന്നു. അവയിലെ സൗന്ദര്യനിരീക്ഷണപാടവം ലളിതവും മധുരവുമാണ്. ധാരാളം ചരിത്രവസ്തുതകളും ശാസ്ത്രസത്യങ്ങളും പ്രകൃതിയുടെ പ്രത്യേകതകളും ഉൾപെടെയുള്ള ഒട്ടേറെ കാര്യങ്ങളുമായി അവയെ ബന്ധപ്പെടുത്താനും അങ്ങനെ കുട്ടികളുടെ വിജ്ഞാനം വളർതാനും കഴിയും. പ്രകൃതിയെ ആഴത്തിൽ നിരീക്ഷിക്കാനും ജീവിതത്തെക്കുറിച്ചുള്ള ധാരണ വളർതാനും അവ കുട്ടികളെ പ്രാപ്തരാക്കുന്നു. അവയിലെ താളം കുട്ടികളിൽ സഹൃദയത്വത്തിൻെറ ആദ്യപാഠങ്ങൾ അറിയാതെ പകർന്നുനൽകും.

തുഞ്ചൻ മുതൽ വൈലോപ്പിള്ളിവരെയുള്ള കവികളുടെ കവിതകൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിലൂടെ ഈ നാടിൻെറ സംസ്കാരവുമായി അവരെ പരിചയപ്പെടുത്താൻ കഴിയും. മനോഹരങ്ങളായ സന്ദർഭങ്ങൾ ഈ കവിതകളിൽനിന്ന് തെരഞ്ഞെടുത്ത് യുക്തമായുപയോഗിച്ചാൽ കുട്ടികൾക്ക് നല്ല കഥകളും ഡയലോഗുകളും നാടകങ്ങളും ആകും. അവരുടെ സഹൃദയത്വം അവ വളർതുകയും ചെയ്യും.

താളത്തോടെ കവിത ചൊല്ലാനും കവിതകളും പാട്ടുകളും ഉറക്കെപ്പാടി ഘോഷയാത്ര നടത്താനും കുട്ടികളെ പഠിപ്പിക്കണം. ഓണം തുടങ്ങിയ ദേശീയോത്സവങ്ങൾ കുട്ടികളുടെ ഉത്സവങ്ങളാക്കി മാററാൻ ധാരാളം കവിതകളും പാട്ടുകളും വേണം. പഴയവ ഔചിത്യത്തോടെ തെരഞ്ഞെടുക്കുകയും പുതിയവ ഉണ്ടാക്കുകയും ആകാം.

കടങ്കഥകളും പഴഞ്ചൊല്ലുകളും നാടൻപാട്ടുകളും തുഞ്ചൻ മുതൽകുള്ളവരുടെ കവിതകളുമായുള്ള പരിചയം കുട്ടികളിലെ സർഗവാസനയെയും പോഷിപ്പിക്കുന്നു. സ്വന്തമായി കവിതകൾ രചിക്കാനുള്ള പ്രചോദനം അവ കുട്ടികൾക്ക് നൽകുന്നു.

നൈസർഗികമായ താളബോധത്തോടെയും പ്രകൃതിയോട് ഇഴുകിച്ചേർന്നും ജീവിതാനുഭവങ്ങൾ ആധാരമാക്കിയും രചനകൾ നടത്താൻ കുട്ടികളെ പ്രേരിപ്പിക്കാൻ അവക്ക് കഴിയും. ഈ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കഥാകവിതകളും കവിതകളും ഗാനങ്ങളും രചിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. അവരുടെ രചനകളിലെ പിഴകൾ തീർകുകയും സ്വന്തം വഴികൾ കണ്ടെത്താൻ അവരെ പ്രേരിപ്പിക്കുകയുംവേണം. കൃത്രിമത്വവും അനുകരണസ്വഭാവവും ഉപേക്ഷിക്കാനും നൈസർഗികത്വം പരമാവധി പാലിക്കാനും അവരെ പ്രേരിപ്പിക്കണം. അതിനുവേണ്ടി കടങ്കഥകളിലെ കൗതുകകരമായ പ്രകൃതിനിരീക്ഷണങ്ങളിലേക്കും നാടൻപാട്ടുകളിലെ ജീവിതാവബോധത്തിലേക്കും കവിതാമുത്തുകളിലെ മനോഹാരിതകളിലേക്കും അവർക്ക് ഉൾക്കാഴ്ച നൽകണം.

ഏതാനും പാട്ടുകളും കവിതകളും അനുബന്ധമായി ചേർത്തിട്ടുണ്ട്. മുഖ്യമായും ഘോഷയാത്രകളിൽ പാടാനുള്ളവയാണവ. ഇവ മാത്രംകൊണ്ടായില്ല. ഓരോ യൂണിററിലും രക്ഷാധികാരികളും കുട്ടികളും ഒരുപോലെ പാട്ടുകളും കവിതകളും രചിക്കാൻ ശ്രമം നടത്തണം.

## കളികൾ

കളികൾ എന്തിന് എന്ന ചോദ്യത്തിന് വൈവിധ്യമാർന്ന ഉത്തരങ്ങളാണ് ലഭിക്കുക. അതിൽനിന്നുതന്നെ ജീവിതത്തിൽ കളികൾക്കുള്ള പ്രാധാന്യം മനസിലാക്കാം. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചക്ക് കളികൾ വളരെയേറെ സഹായിക്കുന്നു.

കളികളിൽ ശ്രദ്ധ ഏറിയാൽ പഠിത്തത്തിൽ ശ്രദ്ധ കുറയില്ലെ? പലരും ചോദിച്ചു കേൾകാറുള്ള ഒരു ചോദ്യമാണിത്. കളികളെ കേവലം കളികൾ മാത്രമായി കാണുന്നതുകൊണ്ടാണ് ഈ ചോദ്യം പൊന്തിവരുന്നത്.

### കളികളിൽകൂടി പഠനം

കുട്ടികളെ സംബന്ധിച്ചിടത്തോളം കളികൾ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ നിറവേററുന്നു. കളിക്കുമ്പോൾ ഉണ്ടാകുന്ന ത്വരിതമായ ശരീരചലനത്തിന്റെ ഫലമായി വർധിക്കുന്ന രക്ത

പ്രവാഹം തലച്ചോറിന് കൂടുതൽ ഉൻമേഷം നൽകുന്നു. അതിന്റെ പ്രവർത്തനം കൂടുതൽ ശക്തിമത്താകുന്നു. കളിക്കുമ്പോൾ ഉണ്ടാകുന്ന ശാരീരികമായ സ്പർശനത്തിലൂടെ കുട്ടികൾ തമ്മിലുള്ള ബന്ധം സുദൃഢമാകുന്നു. ഉറക്കെയുള്ള ചിരിയും ഓട്ടവുമെല്ലാം മനസിന്റെ പിരിമുറുക്കം ഇല്ലാതാക്കുന്നു. തൻമൂലം ഏകാഗ്രത വളരുന്നു. കളികളിലെ നിയമങ്ങളും തന്ത്രങ്ങളും എളുപ്പത്തിൽ സ്വായത്തമാക്കാനുള്ള കഴിവ് ഇതുമൂലം വളരുന്നു.

ഉദാഹരണമായി വലയും പുലിയും എന്ന നാടൻകളിതന്നെ എടുക്കാം. കുട്ടികൾ പരസ്പരം കൈകോർത്തു പിടിക്കുമ്പോഴുണ്ടാകുന്ന സ്പർശനം സാമൂഹ്യമായ ഒത്തൊരുമയുടെ ഫലം ചെയ്യുന്നു. പുലിയിൽ നിന്ന് രക്ഷനേടാൻ വലക്കകത്തു കയറുക, പുലി വലക്കകത്തു കയറുന്ന നിമിഷംതന്നെ വലയ്ക്കു പുറത്തുപോവുക തുടങ്ങിയുള്ള പ്രവൃത്തികൾ നിമിഷങ്ങൾക്കുള്ളിൽ തീരുമാനമെടുക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തുന്നു. അവരിൽ ഏകാഗ്രത, കാര്യഗ്രഹണശേഷി എന്നീ ഗുണങ്ങൾ ഉദ്ദീപിപ്പിക്കുന്നു.

ഇങ്ങനെ നോക്കിയാൽ, കളികളിലുണ്ടാകുന്ന മികവ് കുട്ടികളുടെ പഠനശേഷിയെ തളർത്തുകയല്ല, വളർത്തുകയാണ് ചെയ്യുന്നതെന്ന് കാണാം.

### ഏതെല്ലാം കളികൾ

എല്ലാ നാടൻകളികളും, വിഭിന്നദേശങ്ങളിൽ അവക്കുള്ള പ്രത്യേകതകളോടെ, കുട്ടികൾക്കുവേണ്ടി ഉപയോഗിക്കാം.

നാടൻകളികളോടൊപ്പം സോദ്ദേശ്യകളികളും കുട്ടികൾക്ക് പരിചയപ്പെടുത്തണം. ചില കാര്യങ്ങൾ സോദ്ദേശ്യകളികളിലൂടെ വളരെ ഫലപ്രദമായി പറഞ്ഞുകൊടുക്കാൻ കഴിയും.

ഉദാഹരണത്തിന്, വിനോദയാത്രക്കുപോയ കുട്ടികളുടെ ഒരുസംഘം, ബോട്ടിൽ യാത്രചെയ്തുകൊണ്ടിരുന്നപ്പോൾ ബോട്ടുമുങ്ങിയാൽ എന്തുചെയ്യുമെന്ന പ്രശ്നം എടുത്തിടുക. ഈ ചോദ്യത്തിനുത്തരം പറയുന്നതിനുപകരം ചെയ്തുകാണിക്കാൻ ആവശ്യപ്പെടുക. മുങ്ങുന്ന ബോട്ടിൽനിന്നുചാടി അടുത്തുള്ള ഒരു പാറയിൽ പിടിച്ചുകയറാൻ ശ്രമിക്കുന്നതായി സങ്കൽപിക്കുക. സംഘത്തിലെ എല്ലാ അംഗങ്ങൾക്കും കയറിനിൽകാൻ കഴിയാ

ത്ര വലുപ്പത്തിൽ ഒരു വൃത്തം തറയിൽ വരച്ച്, അത് പാറയാണെന്ന മട്ടിൽ കുട്ടികളോട് രക്ഷപ്പെടുന്നതിന് ശ്രമിക്കാൻ ആവശ്യപ്പെടുക. എല്ലാവരും ബഹളം കൂട്ടുകയും പാറയിൽ സ്ഥലം കിട്ടാനായി തിക്കും തിരക്കും ഉണ്ടാക്കുകയും ചെയ്യും. ഇതിൽപെട്ട് കുറെപ്പേർ വെള്ളത്തിൽ വീഴും. മിക്കവരും സ്വയം രക്ഷപ്പെടാനുള്ള ശ്രമത്തിൽ ആയിരിക്കും. അവർക്ക് വെള്ളത്തിൽ വീണവരെ രക്ഷിക്കുന്നതിൽ താൽപര്യം കാണില്ല. ബലവാൻ രക്ഷപ്പെടുന്നതോടൊപ്പം ദുർബലരെ മരണത്തിൻെറ വായിലേക്ക് തള്ളിവിട്ടെന്നുംവരാം. ജീവിതത്തിലെ ഒരു നിർണായകനിമിഷത്തിൽ ഓരോ വ്യക്തിയും എന്തുചെയ്യും എന്ന് സ്വയം മനസിലാക്കാനുള്ള ഒരു കളിയാണിത്.

കളിക്കുശേഷം ഓരോരുത്തരും സ്വന്തം പ്രവൃത്തിയെ സ്വയം വിമർശനപരമായി വിലയിരുത്തട്ടെ. അതിന് സഹായകമായ നിരവധി ചോദ്യങ്ങൾ സ്വയം ചോദിക്കട്ടെ. താൻ എങ്ങനെ രക്ഷപ്പെട്ടു? രക്ഷപ്പെടുന്നതിനുവേണ്ടി താൻ സ്വീകരിച്ച ഉപായം ശരിയായിരുന്നെന്ന് ഇപ്പോൾ തോന്നുന്നുണ്ടോ? താൻ രക്ഷപ്പെട്ടതോടൊപ്പം മററാരെയെങ്കിലും രക്ഷപ്പെടുത്താൻ കഴിയുമായിരുന്നോ? അത് ചെയ്തോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? തൻെറ പെരുമാററം ന്യായീകരിക്കത്തക്കതായിരുന്നോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഭാവിയിൽ തൻെറ പെരുമാററത്തിന് എന്തെങ്കിലും മാററം ആവശ്യമാണോ? എങ്കിൽ എന്തൊക്കെ മാററം വരുത്തും? തുടങ്ങിയുള്ള നിരവധി ചോദ്യങ്ങൾ കുട്ടികൾ സ്വയം ചോദിക്കട്ടെ. ഉത്തരങ്ങളും സ്വയം പറയണം. ഇതിലൂടെ ഓരോരുത്തരും സ്വന്തം തെററുകൾ മനസിലാക്കുന്നു. തിരുത്താൻ തയ്യാറാകുന്നു. തൻെറ ഓരോ പ്രവൃത്തിയും വിലയിരുത്താൻ പഠിക്കുന്നു. തെററും ശരിയും വിവേചിച്ച് അറിയുന്നു.

സോദ്ദേശ്യകളികൾ കളിക്കുമ്പോൾ കളിക്കുന്നതിനെ അപേക്ഷിച്ച് വളരെയധികം സമയം കളിയെക്കുറിച്ചുള്ള വിലയിരുത്തലിന് വേണ്ടിവരും. ഓരോ കുട്ടിക്കും സ്വന്തം അനുഭവങ്ങൾ ഉണ്ട്. അവ പ്രകടിപ്പിക്കാനുള്ള അവസരം ഓരോരുത്തർക്കും ലഭിക്കണം. തൻെറ മനസിൽ ഉദിക്കുന്ന വികാരവിചാരങ്ങൾ ഒരു സംഘം ആളുകളോട് ചിട്ടയോടും അടുക്കോടും പ്രകടിപ്പിക്കാനുള്ള പരിശീലനവും ഇത്തരം കളികൾ പ്രദാനം ചെയ്യുന്നു.

സോദ്ദേശ്യകളികൾ ബുദ്ധിപരമായ പ്രവർത്തനത്തിന് മുൻതൂക്കം കൊടുത്തിട്ടുള്ളവയാണ്. അതുകൊണ്ട് അവ കളിക്കുന്നതിനിടക്ക് ശാരീരികമായി കുട്ടികളെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി വെറുതെ ശരീരം ചലിപ്പിക്കുന്ന കളികൾ കൊടുക്കണം.

## കുട്ടികൾ തമ്മിലുള്ള ബന്ധം

കുട്ടികൾ തമ്മിൽ നല്ല ബന്ധമുണ്ടാകുന്നത് കളികളുടെ വിജയത്തിന് വളരെ ആവശ്യമാണ്. സാധാരണഗതിയിൽ ഒരു സംഘത്തിലെ എല്ലാവർക്കുമിടയിൽ നല്ലബന്ധം ഉണ്ടാകാനിടയില്ല. ഇത് മനസിലാക്കി, തമ്മിൽ തീരെ ബന്ധമില്ലാത്ത കുട്ടികളെ കൂടുതൽ പ്രാവശ്യം ബന്ധപ്പെടുത്തുന്നതിനുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കണം.

പരസ്പരം സൗഹൃദബന്ധം കുറഞ്ഞ കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് പൊതുവായ ചുമതലകൾ ഏൽപിക്കാം. അവർ തമ്മിൽ ശാരീരികസ്പർശം ഉണ്ടാകാനുള്ള അവസരം പരമാവധി സൃഷ്ടിക്കണം. തങ്ങളിൽ കൈകോർത്തുപിടിച്ച് ഒരു വൃത്തമാകുക, എന്നിട്ട് ഒരാൾ മററൊരാളിന്റെ തോളിൽ പിടിച്ച് വൃത്തത്തിൽ ഓടുക മുതലായ അഭ്യാസങ്ങൾ കൊടുക്കണം.

തമ്മിൽ സംസാരിച്ചിട്ടില്ലാത്ത കുട്ടികളെ വേർതിരിച്ചറിഞ്ഞ് രണ്ടോ മൂന്നോ മിനിട്ട് ഏതെങ്കിലും വിഷയത്തെക്കുറിച്ച് പരസ്പരം സംസാരിക്കാൻ അവരോടാവശ്യപ്പെടാം.

ഇത്തരം ചെറിയ അഭ്യാസങ്ങൾകുപോലും കുട്ടികളിൽ ശക്തമായ പ്രതികരണവും അവർ തമ്മിൽ ഗാഢമായ ബന്ധവും സൃഷ്ടിക്കാൻ കഴിയും.

## കളികളിൽ പൂർണപങ്കാളിത്തം

കളികളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉണ്ടാക്കുക പ്രായേണ എളുപ്പമാണ്. എന്നാൽ ചില കുട്ടികൾ സംഘത്തിന്റെ പൊതുധാരയിൽ നിന്ന് ഒഴിഞ്ഞുമാറി നിൽകുന്നതായി കണ്ടേക്കാം. അത്തരം കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുകയും ബോധപൂർവം പ്രവർത്തിച്ച് അവരെ കളികളിൽ പങ്കാളികളാക്കുകയും വേണം. സംഘസംരംഭങ്ങളിൽ പങ്കെടുക്കാൻ അവർക്ക് വിഷമമുണ്ടാകില്ല. അങ്ങനെ അവർക്ക് കളികളിൽ പങ്കാളികളാകാനുള്ള വൈമനസ്യം കുറച്ചുകൊണ്ടുവരാൻ കഴിയും.

കളികൾ കണ്ട് ആസ്വദിക്കാൻ ഏത് കുട്ടിക്കും താൽപര്യമുണ്ടാകും. എന്നാൽ ആസ്വാദനം മാത്രമായുള്ള നിഷ്ക്രിയമായ പങ്കാളിത്തം ഒഴിവാക്കണം.

കുട്ടികൾ തമ്മിൽ ഇടപഴകുന്നതിനും നല്ല ബന്ധം സ്ഥാപിക്കുന്നതിനും സംഘം ചേർന്നുള്ള കളികൾ സഹായിക്കുന്നു. സംഘമായി പ്രവർത്തിക്കുമ്പോൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കാൻ കുട്ടികൾ പഠിക്കുന്നു.

## കുട്ടികളെ ചെറുസംഘങ്ങളായി തിരിക്കൽ

മൊത്തം കുട്ടികളെ ചെറുസംഘങ്ങളായി തിരിക്കുന്നതിൽ വളരെയധികം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. മിക്കപ്പോഴും വളരെ അടുത്ത് ഇടപഴകുന്നവർ അടുത്തടുത്ത് ഇരിക്കുകയും മിക്ക സംരംഭങ്ങളിലും ഒരുമിച്ച് പങ്കെടുക്കാനുള്ള ശ്രമം നടത്തുകയും ചെയ്യും. ഇത് അവർ തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നെങ്കിൽ, മററുള്ളവരുമായുള്ള ബന്ധം ക്ഷയിപ്പിക്കുകയും ചെയ്യുന്നു. ഒരേ നിറമുള്ള കുട്ടികൾ, ഒരേതരം കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികൾ, ഒരേ ജാതിയിൽപെട്ടവർ, ബന്ധുക്കൾ, അയൽകാർ എന്നിവർ പലപ്പോഴും ഒരുമിച്ച് നടക്കുകയും ഒരുമിച്ച് പ്രവർത്തനങ്ങളിൽ ഏർപെടുകയും ചെയ്യുന്നതുകാണാം. ഒരുമിച്ച് അടുത്തടുത്ത് ഇരിക്കാനും അവർ ഇഷ്ടപ്പെടും. സംഘസംരംഭങ്ങളിലും ഒരുമിച്ചു പങ്കെടുക്കാനായിരിക്കും അവർകിഷ്ടം. ഇവരെ വ്യത്യസ്തസംഘങ്ങളിൽ ഉൾപെടുത്തി താരതമ്യേനബന്ധം കുറഞ്ഞ അംഗങ്ങളുമായി ബന്ധപ്പെടുത്താനാണ് ശ്രദ്ധിക്കേണ്ടത്.

കുട്ടികളെ ചെറിയസംഘങ്ങളായി തിരിക്കുമ്പോൾ, യാതൊരു കാരണവശാലും ഒരേ ബഞ്ചിൽ ഇരിക്കുന്നവരെ/അടുത്തടുത്ത് ഇരിക്കുന്നവരെ ഒരേ സംഘത്തിൽ ഉൾപെടുത്തരുത്. മൊത്തംകുട്ടികളെ എത്ര സംഘങ്ങളായിതിരിക്കണമോ അത്രയുംനമ്പരുകൾ ക്രമമായി പറയിക്കുക. അതിനുശേഷം നമ്പരുകൾ വീണ്ടും ആവർത്തിക്കുക.ഒരേ നമ്പരുകാരെ ഒരേ സംഘത്തിൽ ഉൾപെടുത്തുക. അപ്പോൾ അടുത്തടുത്ത് ഇരുന്നവർ വ്യത്യസ്തസംഘങ്ങളിലായിരിക്കും പ്രവർത്തിക്കേണ്ടിവരിക. തൻമൂലം ബന്ധം കുറഞ്ഞ അംഗങ്ങളുമായി ബന്ധപ്പെടുന്നതിന് അവസരം ലഭ്യമാകുന്നു.

## കായികാഭ്യാസത്തിന്റെ പ്രാധാന്യം

മിക്കവാറും എല്ലാ കളികളിൽനിന്നും കായികമായ ചലനം ലഭിക്കുന്നുണ്ട്. അത് കുട്ടികളെ ഊർജസ്വലരാക്കുന്നു. അതുകൊണ്ടാണ് കുട്ടികൾക്ക് കളികളോട് ഇത്രയേറെ താൽപര്യം. കായികാധ്വാനം കുറഞ്ഞ കളികൾ കൊടുക്കുമ്പോഴും ബുദ്ധിപരമായ അഭ്യാസങ്ങൾ കൊടുക്കുന്നതിനു മുമ്പും ശരീരം ഇളകുന്ന തരത്തിലുള്ള കളികളോ കായികാഭ്യാസമോ നിർബന്ധമായും കൊടുത്തിരിക്കണം. അതേപോലെതന്നെ, ചർച്ചകൾകും ക്ലാസുകൾകും ഇടക്കും ശരീരത്തിന്റെ ചലനത്തെ സഹായിക്കുന്ന അഭ്യാസങ്ങൾ കൊടുക്കുന്നത് നന്നായിരിക്കും. കുറെ നേരം തുടർച്ചയായി ബുദ്ധിപരമായ വ്യാപാരങ്ങളിൽ ഏർപ്പെട്ടാൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവ് ക്രമേണ കുറഞ്ഞുവരും. അതൊഴിവാക്കാനും ഉൻമേഷം ലഭ്യമാക്കാനും ഇടക്കിടക്ക് ഇടവേളകളും ശരീരചലനത്തിനുള്ള അവസരങ്ങളും നൽകണം.

## ഒരു കളിപ്പാട്ട്

ഒരുവിരലൊരു വിരലാടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാംകളിയാടാം

ഒരുവിരലിരുവിരലാടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാം കളിയാടാം

ഒരുവിരലിരുവിരലൊരു കൈ ആടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാം കളിയാടാം

ഒരുവിരലിരുവിരലൊരുകൈ ഇരുകൈ ആടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാം കളിയാടാം

ഒരുവിരലിരുവിരലൊരുകൈ ഇരുകൈ
ഒരുകാലാടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാം കളിയാടാം

ഒരുവിരലിരുവിരലൊരുകൈ ഇരുകൈ
ഒരു കാലിരുകാലാടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാം കളിയാടാം

ഒരുവിരലിരുവിരലൊരുകൈ ഇരുകൈ
ഒരുകാലിരുകാലൊരു തല ആടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാം കളിയാടാം.

ഒരു വിരലിരുവിരലൊരുകൈ ഇരുകൈ
ഒരു കാലിരുകാലൊരുതല ഒരുമെയ്
ആടുമ്പോൾ
ആടുമ്പോൾതന്നെ
ആടാം പാടാം കളിയാടാം

ഈ പാട്ട് പാടുകയും കളിക്കുകയും ഒരുമിച്ച് ചെയ്യാം. ഓരോ വരി പാടി തുടങ്ങുമ്പോഴും ഓരോ അവയവവും ചലിപ്പിക്കുക. അങ്ങനെ അവസാനം ശരീരം മുഴുവനും ചലിക്കുന്നു.

കുട്ടികൾ ആടിത്തിമിർകുന്നു.

## പ്രൊജക്ടുകൾ

ഒററക്കോ സംഘംചേർന്നോ ചെയ്യുന്ന നിർമാണപ്രവർത്തനങ്ങളെയാണ് പ്രൊജക്ടുകൾ എന്ന് വിളിക്കുന്നത്. കാർഡ്ബോർഡ്, കടലാസ്, നൂൽ തുടങ്ങിയവ ഉപയോഗിച്ച് വിവിധ വസ്തുക്കളും കലാരൂപങ്ങളും നിർമിക്കൽ (ഓറിഗാമി), സ്ററാമ്പ്, നാണയങ്ങൾ, തൂവലുകൾ, ഇലകൾ, കല്ലുകൾ, വിത്തുകൾ, വിവിധയിനം മണ്ണുകൾ, ശംഖ്, ചിപ്പി തുടങ്ങിയവ ശേഖരിക്കൽ—ചായങ്ങൾ ഉപയോഗിച്ച് വിവിധങ്ങളായ രൂപമാതൃകകൾ സൃഷ്ടിക്കൽ—ഇങ്ങനെ പ്രൊജക്ടുകൾ പലതുമാകാം. ചില പ്രൊജക്ടുകളെക്കുറിച്ച് മാത്രം ഇവിടെ പറയാം.

## ഓറിഗാമി: കടലാസുകൊണ്ടൊരു കോണി

4 ഇഞ്ച് വീതിയിലും 24 ഇഞ്ച് നീളത്തിലും ടിഷ്യൂ പേപ്പർ എടുക്കുക. അകത്ത് ചെറിയൊരു ദ്വാരം നിലനിൽക്കത്തക്ക രീതിയിൽ കടലാസ് ചുരുട്ടുക. അററം പശകൊണ്ട് പുറം പാളിയിൽ ഒട്ടിക്കുക. നാലിഞ്ച് നീളമുള്ള ഒരു കുഴലാണ് ഇപ്പോഠം നമുക്ക് കിട്ടിയിട്ടുള്ളത്. ഇനി കുഴലിൻെറ രണ്ടററത്തു നിന്നും ഓരോ ഇഞ്ച് നീളത്തിൽ കത്രികകൊണ്ട് മുറിക്കുക. മുറിച്ചശേഷം കടലാസ്ചുരുഠം കൈവെള്ളയിൽ വച്ച് ഉരുട്ടി അതിൻെറ കുഴൽരൂപം ഒന്നുകൂടി ശരിപ്പെടുത്തുക. എന്നിട്ട് മുറിച്ചഭാഗം കീഴോട്ട് മടക്കുക.

ചെറിയ കത്രികകൊണ്ട് മുകഠംഭാഗം മുറിക്കുക. മുറിച്ചു കഴിഞ്ഞാൽ അതിനെ നേർപകുതിയായി മടക്കണം. മടക്കിക്കഴിഞ്ഞ് താഴത്തെ അററം കൈകൊണ്ട് പിടിച്ച് മുകളററത്ത് നിന്നും ഒരു പാളി കടലാസ് മുകളിലോട്ട് വലിച്ച് നിവർത്തുക. വളരെ നീളത്തിൽ കോണിയുടെ ആകൃതിയിൽ കടലാസ്പാളികഠം നിവർനു നിവർനുവരും.

ഇതുപോലെ കടലാസുപയോഗിച്ച് പൂക്കഠം, വള്ളം, തൊപ്പി, ഉടുപ്പ്, നിക്കർ, കിളി, കാററാടി, വിമാനം, മഷിക്കുപ്പി തുടങ്ങി പലതും ഉണ്ടാക്കാം.

ഒരു മരക്കഷണവും കുറെ പഴയ തുണിയും കുറച്ച് ചാക്കുനൂലും ഏതാനും ഇഞ്ചുനീളത്തിൽ വണ്ണം കുറഞ്ഞ കമ്പിയും ഉപയോഗിച്ച് പലതരം പാവകഠം ഉണ്ടാക്കാൻ കഴിയും.

കട്ടിയുള്ള കാർഡ്ബോർഡ് വെട്ടിയെടുത്ത് കോൺക്രീററ് വീടുണ്ടാക്കാം. ഓടിട്ട വീട് വേണമോ? ഒരു ചോക്കുപെട്ടിയെടുക്കു. 501 ബാർ സോപ്പ് നിറച്ചുവരുന്ന പെട്ടിയുടെ അകത്തുള്ള വളഞ്ഞബോർഡ് പല കഷണങ്ങളായി വെട്ടി ചോക്കുപെട്ടിയുടെ മുകളിൽ ഒട്ടിക്കു. എന്നിട്ട് ചെമന്നചായം അടിക്കുക. ചായം ഉപയോഗിച്ച് ചോക്കുപെട്ടിമേൽ വാതിലും ജനലും മററും വരച്ച് വച്ചാൽ ഒരു നല്ല ഓടിട്ടവീടായി! പുറത്ത് ചകിരി പശവച്ചൊട്ടിച്ചാൽ ഓലമേഞ്ഞ വീടുമായി.

## ഉരുളക്കിഴങ്ങ് ഉപയോഗിച്ച് നക്ഷത്രചിഹ്നം!

ബാലസംഘം പതാകയിലെ നക്ഷത്രചിഹ്നം ഉണ്ടാക്കാൻ എത്ര എളുപ്പം! ഒരു ഉരുളക്കിഴങ്ങ് നേർ പകുതിയായി മുറിക്കൂ. ബ്ളെയിഡുകൊണ്ട് ഉരുളക്കിഴങ്ങിൻെറ മുറിച്ചെടുത്ത വശത്ത് നക്ഷത്രരൂപത്തിൽ രണ്ടു മില്ലിമീററർ കനത്തിൽ വെട്ടിയുണ്ടാക്കൂ. നക്ഷത്രരൂപത്തിൻമേൽ ചായംപുരട്ടി വെള്ളക്കടലാസിലോ തുണിയിലോ പതിക്കൂ. നല്ല നക്ഷത്രചിഹ്നം! എത്ര കൊടി വേണമെങ്കിലും വളരെ പെട്ടെന്ന് ഉണ്ടാക്കിക്കൂടെ? ഉരുളക്കിഴങ്ങിനുപകരം മരക്കിഴങ്ങായാലും മതി.

നക്ഷത്രചിഹ്നം മാത്രമല്ല, ബാലസംഘം എന്ന വാക്കിലെ അക്ഷരങ്ങൾ, പൂവ്, ചിത്രശലഭം തുടങ്ങി കരവിരുതുണ്ടെങ്കിൽ ഏതുരൂപവും ഉരുളക്കിഴങ്ങിലോ മരക്കിഴങ്ങിലോ കൊത്തിയെടുക്കാം.

മുള്ളിലവിൻ തടി മുറിച്ചെടുത്ത് ഏതു സീലും അതുപയോഗിച്ച് ഉണ്ടാക്കാൻ കഴിയും.

വെണ്ടക്ക രണ്ടായി മുറിച്ച്, മുറിച്ച അഗ്രം മഷിയിൽ മുക്കി വെളുത്ത പേപ്പറിലോ തുണിയിലോ പതിക്കൂ. തുടർച്ചയായി വീണ്ടും വീണ്ടും പതിക്കൂ. ഭംഗിയുള്ള എന്തെല്ലാം ഡിസൈനുകളാണ് കിട്ടുക!

## ഓലപ്പീപ്പിയും കാററാടിയും

പച്ച ഓലകൊണ്ട് എത്രയെത്ര കളിപ്പാട്ടങ്ങൾ ഉണ്ടാക്കാമെന്നോ? പീപ്പി, പന്ത്, കിളി, വാച്ച്, കാററാടി, പാമ്പ്, കണ്ണാടി തുടങ്ങി നിരവധി സാധനങ്ങൾ.

മച്ചിങ്ങയും ഈർകിലുംകൊണ്ട് വിളക്ക്, തയ്യൽമെഷീൻ തുടങ്ങിയ വസ്തുക്കൾ; പ്ളാവിലയും ഈർകിലുംകൊണ്ട് കാള, തൊപ്പി, ബെൽററ്, തവി, കലം, മുയൽ ഇങ്ങനെ പലതും പലതും ഉണ്ടാക്കാൻ കഴിയും.

## വിവിധ വസ്തുക്കളുടെ ശേഖരണങ്ങൾ

വൈക്കോൽ, ഉണക്കപ്പുല്ല്, ചാക്കുനൂല് എന്നിവ വെളുത്ത പ്രതലത്തിൽ നല്ല പശ ഉപയോഗിച്ച് വിവിധ രൂപമാതൃകക

ളിൽ ഒട്ടിക്കുക. എന്നിട്ട്, അവക്ക് യുക്തമായ ചായം പൂശുക. ചിത്രശലഭം, പൂക്കൾ, പക്ഷികൾ, വൃക്ഷങ്ങൾ, നദി തുടങ്ങി വിവിധ ചിത്രങ്ങൾ ഇങ്ങനെ ഉണ്ടാക്കാം.

## വൈക്കോൽ ഉപയോഗിച്ച് ചിത്രങ്ങൾ

നമ്മുടെ ചുററുമുള്ള എന്തെല്ലാം സാധനങ്ങൾ നമുക്ക് ഇനം തിരിച്ച് ശേഖരിച്ചുവെക്കാൻ കഴിയും?ഇലകളുടെ കാര്യമെടുക്കൂ? ചുററും പ്രകൃതിയിലുള്ള നാനാസസ്യലതാദികളുടെ ഇലകൾ ശേഖരിക്കൂ. പഴയ പുസ്തകത്തിൻെറ താളുകൾക്കകത്ത് അവ സൂക്ഷിച്ചുവക്കുക. കുറച്ചുദിവസം കൊണ്ട് അവയിലെ ജലാംശം നഷ്ടപ്പെട്ട് ഉണങ്ങിയിരിക്കും. ഒരു ആൽബത്തിൽ അവ ഒട്ടിച്ച് വെക്കുക. ഓരോ ഇലയുടെയും താഴെ അതത് ചെടിയുടെ/വൃക്ഷത്തിൻെറ/ലതയുടെ പേരെഴുതുക.

ഇതുപോലെ വിവിധ ഇനം വിത്തുകൾ, വേരുകൾ, പൂക്കളുടെ കേസരങ്ങൾ, പക്ഷിത്തൂവലുകൾ, കല്ലുകൾ, മണ്ണ്, ചിപ്പി, മുത്ത് എന്നിവ ശേഖരിച്ച് ഇനം തിരിച്ച് സൂക്ഷിക്കാം. നാണയങ്ങൾ, സ്ററാമ്പുകൾ, തീപ്പെട്ടിച്ചിത്രങ്ങൾ ഇവയുടെ ആൽബം ഉണ്ടാക്കാം. മൺപാത്രകഷണങ്ങൾ, വളപ്പൊട്ടുകൾ എന്നിവപോലും ഭംഗിയിൽ സൂക്ഷിച്ചുവക്കാം.

എന്തൊരു വിജ്ഞാനഭണ്ഡാഗാരമായിരിക്കും ഈ ശേഖരങ്ങൾ ഒരുക്കിത്തരിക! സസ്യശാസ്ത്രം, ജന്തുശാസ്ത്രം, ഭൂവിജ്ഞാനീയം, അർഥശാസ്ത്രം, ചരിത്രം തുടങ്ങി വിവിധ വിജ്ഞാനശാഖകളിലേക്ക് വെളിച്ചം തരുന്ന അമൂല്യനിധികളായിരിക്കും അവ.

നിസാരമെന്ന് പറഞ്ഞ് ചവററുകുട്ടയിൽ വലിച്ചെറിയുന്ന വസ്തുക്കൾ കൊണ്ടുണ്ടാക്കാവുന്ന ഏതാനും സാധനങ്ങളെക്കുറിച്ചുമാത്രമാണ് മുകളിൽ പറഞ്ഞത്. പ്രൊജക്ട് വർകുകൾക് ഇവയുടെ ശേഖരണവും ക്രമീകരണവും ഏതാനും ചില ഉദാഹരണങ്ങൾ മാത്രം. പത്രമാസികകൾ, പാഠപുസ്തകങ്ങൾ ഇവയുടെ ഇനം തിരിച്ചും കാലാനുക്രമത്തിലുള്ള ശേഖരണവും നല്ല പ്രൊജക്ടുകളാണ്.

ഫിംഗർ പെയിൻറിംഗ്

മറെറാരു പ്രൊജക്ടാണ് ഫിംഗർ പെയിൻറിംഗ്. മൈദ മാവ് കുറുക്കിയുണ്ടാക്കുന്ന പശയിൽ വിവിധ വർണത്തിലുള്ള ചായങ്ങൾ കലർത്തിയെടുത്തശേഷം അവയിൽ വിരൽ മുക്കി വിരലുകൾകൊണ്ട് യഥേഷ്ടം പെയിൻറിംഗ് നടത്തുന്നതാണ് ഫിംഗർ പെയിൻറിംഗ്.

ബ്രഷും ചായവുമുപയോഗിച്ചുനടത്തുന്ന സാധാരണ രീതിയിലുള്ള പെയിൻറിംഗും യൂണിററുകളിലും ക്യാമ്പുകളിലും പ്രൊജക്ടായി സ്വീകരിക്കാവുന്നതാണ്.

പ്രകൃതിനിരീക്ഷണം

നഗരസംസ്കാരം പ്രകൃതിയിൽനിന്ന് മനുഷ്യനെ പാടേ മാററാൻ ശ്രമിക്കുന്ന ഇന്ന് ബോധപൂർവമുള്ള പ്രകൃതിനിരീക്ഷണത്തിന് കുട്ടികൾക്ക് അവസരമുണ്ടാക്കിക്കൊടുക്കുന്നത് അത്യന്താപേക്ഷിതമാണ്.

പ്രകൃതിയുടെ അനന്തവൈവിധ്യങ്ങൾ ശ്രദ്ധിച്ചിട്ടുള്ളവർ എത്രപേരുണ്ട്? നമുക്കുചുററും വളരുന്ന തരുലതാദികളെ എത്രപേർക്ക് തിരിച്ചറിഞ്ഞ് പേര് പറയാനാകും? എത്രപേർക്ക് പക്ഷികളെ ആകൃതികൊണ്ടോ നിറംകൊണ്ടോ ശബ്ദംകൊണ്ടോ തിരിച്ചറിയാനാകും? രാത്രിയിൽ മാനത്ത് വിരിയുന്ന നക്ഷത്രക്കൂട്ടങ്ങളെ എത്രപേർക്ക് വേർതിരിച്ചറിയാം? ഇതൊക്കെ പഠിക്കലാണ് പ്രകൃതിനിരീക്ഷണം.

നേരം പുലരുന്നതിനുമുമ്പേ പ്രകൃതിനിരീക്ഷണം തുടങ്ങാം. കുന്നിൻപുറമോ ആററുവക്കോ കടൽത്തീരമോ വനമധ്യമോ പ്രകൃതിനിരീക്ഷണത്തിന് ഏതുമാകാം. കിഴക്ക് വെള്ളകീറുന്നതിന് മുമ്പേ പ്രകൃതിയിൽ ഓരനുനിമിഷം വരുന്ന ഭാവമാററം ശ്രദ്ധിക്കൂ. ഇരുളിൻെറ പാളികൾ ഒന്നൊന്നായി ചക്രവാളത്തിൽനിന്ന് അടർന്നുവീഴുമ്പോൾ, നിങ്ങൾക്ക് ചുററുമുള്ള ലോകം ഉണർന്നുണർന്ന് വരുന്നത് നിങ്ങൾക്ക് കാതുകൊണ്ടും കണ്ണുകൊണ്ടും സ്പർശംകൊണ്ടും അനുഭവിച്ചറിയാം. ഉണർന്ന് പാടാൻതുടങ്ങുന്ന കിളികളുടെ കളനാദങ്ങൾ വേർതിരിച്ചറി

യാനും, ചുററുമുള്ള പുൽപരപ്പിൽ ചലിക്കാൻ തുടങ്ങുന്നപുൽച്ചാടികളുടെ നനുത്ത പാദപതനംകോംകാനും ചെകിടോർകൂ.ചീവീടുകളുടെ ശബ്ദം ഒരു നിമിഷം കൊണ്ട് ഒററയടിക്ക് നിന്നുപോകുന്നത് ശ്രദ്ധിക്കൂ. വെളിച്ചം പറക്കുമ്പോാം പലതരം പക്ഷികാം ചക്രവാളത്തിലേക്ക് പറന്നകലുന്നത് ശ്രദ്ധിക്കൂ. അവ അണിചേരുന്ന രീതിയും പറക്കലിലുള്ള വൈവിധ്യവും ഗ്രഹിക്കാൻ ശ്രമിക്കൂ. കിഴക്കുയരുന്ന സൂര്യൻ ഉയരെ മേഘപാളികളിലും താഴെ ആററിലെ വെള്ളത്തിലും വരുത്തുന്ന, എത്ര നാാം കണ്ടാലും എന്നെന്നും പുതുപുത്തനായി തോന്നുന്ന വർണ്ണഭംഗി നുകരൂ.

ചുററുമുള്ള സസ്യജാലങ്ങാം ഒന്ന് പരിശോധിച്ച് നോക്കൂ. നിലത്ത് പടർനുപരക്കുന്ന കറുകയും മുത്തങ്ങയും മുതൽ ആകാശം മുട്ടെ വളരുന്ന മഹാവൃക്ഷങ്ങാംവരെ, പാറക്കെട്ടുകാംകിടയിൽനിന്ന് ഒളിഞ്ഞുനോക്കുന്ന പേരറിയാത്ത നീലപ്പൂവും മുക്കുററിപ്പൂവും മുതൽ തെററിയും അശോകവും ചെമ്പരുത്തിയും വരെ, ആർകും വേണ്ടാത്ത കാരയ്ക്കാപ്പഴം മുതൽ ആരും കൊതിക്കുന്ന മാമ്പഴം വരെ—എന്തെല്ലാം വൈചിത്ര്യങ്ങാം, വൈവിധ്യങ്ങാം!

ഈ വൈചിത്ര്യങ്ങളുടെയും വൈവിധ്യങ്ങളുടെയും കാരണങ്ങളിലേക്കൊന്നിറങ്ങി നോക്കൂ. വംശവർധനവിനും ആത്മരക്ഷക്കും ആവശ്യത്തിന് വെള്ളവും വെളിച്ചവും കിട്ടുന്നതിനുവേണ്ടിയും എന്തെല്ലാം സംവിധാനങ്ങാം? വേരുകളുടെ ഘടനയിൽ, കാണ്ഡത്തിൻെറ വലുപ്പത്തിൽ, ഇലകളുടെ വിന്യാസക്രമത്തിൽ, വള്ളികളുടെയും പ്രതാനങ്ങളുടെയും സ്വഭാവത്തിൽ, മുള്ളുകളുടെ സംവിധാനത്തിൽ, പൂക്കളുടെ ഘടനയിലും നിറത്തിലും മണത്തിലും—എല്ലാമെല്ലാം.

ഇവയെല്ലാം നിരീക്ഷിച്ച്, വേർതിരിച്ചറിഞ്ഞ് ബോധ്യപ്പെടലാണ് പ്രകൃതിനിരീക്ഷണം. അത് വിജയിക്കണമെങ്കിൽ വിദഗ്ധരായ ബൊട്ടാണിസ്ററുകളുടെ സേവനം ആവശ്യമായിവരും. പലപ്പോഴും ബൊട്ടാണിസ്ററുകളെക്കാളേറെ നിങ്ങളെ സഹായിക്കുക, ഗ്രാമത്തിലെ പരിചയസമ്പന്നരായ വൃദ്ധജനങ്ങളായിരിക്കും.

### ശാസ്ത്രപരീക്ഷണങ്ങൾ

കുട്ടികൾക്ക് ശാസ്ത്രപരീക്ഷണങ്ങൾ വളരെ ഇഷ്ടമാണ്. വിദ്യാലയങ്ങളിൽ പലപ്പോഴും പരീക്ഷണങ്ങൾ കാണിച്ചുകൊടുക്കാറില്ല. പരീക്ഷണങ്ങളെക്കുറിച്ചുള്ള വെറും വിവരണം മുഷിപ്പനായും അനുഭവപ്പെടുന്നു.

വലിയ ചെലവില്ലാതെ ഒട്ടേറെ പരീക്ഷണങ്ങൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കാൻ കഴിയും. ഏതാനും ഉദാഹരണങ്ങൾ അനുബന്ധം IIൽ കൊടുത്തിട്ടുണ്ട്.

ധാരാളം ചെറുപരീക്ഷണങ്ങൾ കാണിച്ചുകൊടുക്കുന്നതുപോലെ പ്രാധാന്യമർഹിക്കുന്നതാണ്, അവ അവതരിപ്പിക്കുന്ന രീതിയും അവയിലൂടെ കുട്ടികളുടെ വിജ്ഞാനചക്രവാളം വികസിപ്പിക്കുന്നതും. ഒരു പരീക്ഷണത്തിൽനിന്ന് അടുത്തതിലേക്ക് അനായാസം കുട്ടികളെ കൊണ്ടുപോകാൻ കഴിയണം. പല പരീക്ഷണങ്ങളും മാജിക്ക് കാണുന്ന അനുഭവം കുട്ടികളിലുണ്ടാക്കും. മാജിക്കുകാരൻ തൻെറ വേലയുടെ പിന്നിലെ രഹസ്യം ഒളിച്ചുവക്കുന്നെങ്കിൽ, ഇവിടെ രഹസ്യം വെളിവാക്കുന്നു എന്നുള്ള വ്യത്യാസം ഉണ്ട്. പരീക്ഷണങ്ങൾ ശൃംഖലാബദ്ധമായി ആസൂത്രണംചെയ്തവതരിപ്പിക്കുന്നതിലൂടെ ഭൗതികപ്രവർത്തനങ്ങളുടെ ഒട്ടേറെ സമാനസ്വഭാവങ്ങളും വൈജാത്യങ്ങളും ഫലപ്രദമായി കുട്ടികൾക്ക് പരിചയപ്പെടുത്താൻ കഴിയും.

## കുട്ടികൾകുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ

കുട്ടികൾകുവേണ്ടി കേരളത്തിൽ പ്രചരിപ്പിക്കുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ നിരവധിയാണ്. മലയാളത്തിലും ഇംഗ്ലീഷിലുമായി അമ്പതിൽ കുറയാത്ത ആനുകാലികങ്ങൾ—മാസികകളും ദ്വൈവാരികകളും വാരികകളുമായി—ഇറങ്ങുന്നുണ്ട്. ദിനപത്രങ്ങളുടെ വാരാന്തപ്പതിപ്പുകളിലും വാരികകളിലും ഉള്ള ബാലപംക്തികൾ, പല പത്രങ്ങളിലും വരുന്ന ചിത്രകഥകൾ എന്നിവ വേറെയും. കൂടാതെ, പല ബാലപ്രസിദ്ധീകരണങ്ങളും സ്വന്തമായി ചിത്രകഥാപുസ്തകസീരിയലുകളും ഇറക്കുന്നു. ഇവക്കു പകരംവെക്കാൻ സ്വന്തമായി ബാലപ്രസിദ്ധീകരണങ്ങൾ ഇറക്കാൻ കഴിയുന്നതുവരെ,ഇവയുടെ പരിമിതികൾ മനസിലാക്കി ഇവതന്നെ ഉപയോഗിക്കാൻ നാം നിർബന്ധിതരാണ്.

കുറച്ച് മുതൽമുടക്കി കൂടുതൽ ലാഭം ഉണ്ടാക്കുക എന്ന കച്ചവടലാക്കോടെ ഇറക്കുന്നവയാണ് മേൽ ചൂണ്ടിക്കാണിച്ച ബാലപ്രസിദ്ധീകരണങ്ങളിൽ ഏറിയ കൂറും. വിക്രമാദിത്യൻ കഥകൾ അതേപടി അച്ചടിച്ചുവിടുന്ന 'അമ്പിളിയമ്മാമൻ' പോലുള്ളവ കുറവും, കുട്ടികളെ വൻതോതിൽ ആകർഷിക്കാൻ ഉതകുന്ന വിദഗ്ധമാർഗങ്ങൾ അനുവർത്തിക്കുന്ന ആനുകാലികങ്ങൾ കൂടുതലുമാണ് ഈ രംഗത്തിന്നുള്ളത്. മുതിർന്നുവരുമ്പോൾ പൈങ്കിളിക്കഥകൾ വായിക്കാൻ പററിയ വളക്കൂറ് അവരുടെ ഹൃദയങ്ങളിൽ നേരത്തെ സൃഷ്ടിക്കാനാണ് അവയിൽ പലതിൻെറയും ശ്രമം. തുടർനോവലുകൾ, തുടർജന്തുകഥകൾ, തുടർഭൂത-പ്രേത കഥകൾ, തുടർ ഡിററക്ടീവ്കഥകൾ എന്നീ 'തുടര'ൻമാർ കുട്ടികളുടെ ജിജ്ഞാസയെ വളർത്തുന്നതിന് ഉദ്ദേശിച്ചുള്ളവയല്ല. മറിച്ച് അവരെ മത്തുപിടിപ്പിച്ച് ആ കഥകളിൽ കെട്ടിയിടുന്നതിനും തുടർലക്കങ്ങൾ വാങ്ങാൻ അവരെ പ്രേരിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളവയാണ്.

കുട്ടികൾക്കുള്ള ആനുകാലികങ്ങളിൽ വരുന്ന കഥകളിൽ നല്ലൊരുപങ്ക് ജീർണിച്ച ഫ്യൂഡൽസംസ്കാരം നിലനിർത്താനും മുതലാളിത്തസംസ്കാരം വളർത്താനും മുതിർന്നവർ ബോധപൂർവം നടത്തുന്ന ശ്രമത്തിൻെറ ഭാഗമാണ്. ആനുകാലിക ജീവിതവുമായോ ജീവിതയാഥാർഥ്യങ്ങളുമായോ യാതൊരു ബന്ധവുമില്ലാതെ വിക്രമാദിത്യൻ കഥകളുടെയും കോമിക്കുകളുടെയും ട്രഷർഹണ്ടറുകളുടെയും മായാലോകത്തിൽ കുട്ടികളെ ആഴ്ത്തിയിടാൻ അവ ശ്രമിക്കുന്നു.

അതുപോലെതന്നെ, അന്ധവിശ്വാസങ്ങൾ, അശാസ്ത്രീയതകൾ, ജാതി-മത-വർണ-വംശഭേദ ചിന്തകൾ എന്നിവ കുട്ടികളിൽ വളർത്താനുള്ള ബോധപൂർവമായ ശ്രമവും ബാലപ്രസിദ്ധീകരണങ്ങളിൽ പ്രകടമാണ്. ദേശീയബോധം പ്രോജ്വലിപ്പിക്കുന്നതിൻെറ പേരിൽ ഇറങ്ങുന്ന ചരിത്രപുരുഷൻമാരുടെ ജീവിതകഥകൾ പലപ്പോഴും മതവിദ്വേഷം വളർത്തുന്നവയാണ്.

മാത്സര്യം, പക, അസൂയ എന്നിവ വളർത്തുന്ന കഥകൾക്ക് കുട്ടികൾക്കുവേണ്ടിയുള്ള ആനുകാലികങ്ങൾ കൊടുക്കുന്ന പ്രാധാന്യം ശ്രദ്ധേയമാണ്. കാട്ടിലെ എല്ലാ മൃഗങ്ങളെയും ചതിക്കുന്ന മിടുക്കനായ കുറുക്കൻ നമ്മുടെ പഴയകഥകളിലെ ഒരു പ്രധാന

കഥാപാത്രമാണല്ലൊ. ഫ്യൂഡൽവ്യവസ്ഥയിൽനിന്ന് മുതലാളിത്തവ്യവസ്ഥയിലേക്കു വളരുന്ന ഇന്നത്തെ സമൂഹത്തിൽ ഈ 'സൃഗാല'സംസ്കാരം വളരെ പഥ്യമാണെന്നു തോന്നിക്കുന്നവയാണ് ബാലപ്രസിദ്ധീകരണങ്ങളിലെ പല കഥകളും.

കഥ പറയുന്ന രീതിയിലായാലും അച്ചടിയുടെ കാര്യത്തിലായാലും കടലാസിൻെറ ഗുണമെടുത്താലും ചിത്രങ്ങളുടെ നിലവാരം നോക്കിയാലും അക്ഷരശുദ്ധി, ഭാഷാശൈലി എന്നിവയെടുത്താലും മലയാളത്തിലെ ബാലപ്രസിദ്ധീകരണങ്ങൾ നാലാംകിടയിൽപെടുന്നു.

ചിത്രങ്ങളെക്കാളും കഥകളെക്കാളും പരിതാപകരമാണ് ബാലപ്രസിദ്ധീകരണങ്ങളിൽ വരുന്ന കവിതകളുടെയും പാട്ടുകളുടെയും സ്ഥിതി. ഉറക്കെ പാടി രസിക്കാൻ പററുന്ന താളാത്മകതപോലും ഈ കവിതകളിലും പാട്ടുകളിലും മിക്കതിനും ഇല്ല.

ഇതിനൊക്കെ പകരമായി, ചെയ്യേണ്ടതും ചെയ്യാവുന്നതുമായ പലതും ഈ രംഗത്തുണ്ട്.

നമ്മുടെ നാട്ടിലെ സാധാരണക്കാരൻെറ സാംസ്കാരികപൈതൃകത്തിൻെറ ഭാഗമായ നാടൻപാട്ടുകളും പഴങ്കഥകളും വിദഗ്ധമായ സംസ്കരണപ്രക്രിയക്ക് വിധേയമാക്കി പുനരാഖ്യാനം ചെയ്യുകയാണ് യഥാർഥത്തിൽ വേണ്ടത്. സോവിയററ് നാട്ടിലും ചൈനയിലുംനിന്ന് കുട്ടികൾക്കുവേണ്ടി പുറത്തിറങ്ങുന്ന കഥകളിലും പാട്ടുകളിലും, സോഷ്യലിസ്ററ്സംസ്കാരം കുട്ടികളിൽ വളർത്താനുള്ള ബോധപൂർവമായ ശ്രമത്തിൻെറ ഭാഗമായി ഈ പ്രക്രിയ വളരെ വൈദഗ്ധ്യത്തോടെ ചെയ്തിട്ടുള്ളതായി കാണാം.

വേദപുരാണേതിഹാസാദികളിലെ കഥകളും ഇത്തരം സംസ്കരണപ്രക്രിയക്ക് വിധേയമാക്കാവുന്നതാണ്. വിശ്വസാഹിത്യത്തിലെയും ഭാരതീയസാഹിത്യത്തിലെയും മുത്തുകളായ കൃതികൾ കുട്ടികൾക്കനുയോജ്യമായ രീതിയിൽ പുനരാഖ്യാനം ചെയ്യാം. സ്പാർടക്കസിൻെറ കാലം മുതൽ നടന്നതും ഇന്നും തുടരുന്നതുമായ മോചനപ്പോരാട്ടങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താം. മാനവസംസ്കാരത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ എഴുത്തുകാരുടെയും ചിന്തകരുടെയും ശാസ്ത്രജ്ഞൻമാരുടെയും ജീവിതകഥകൾ പറഞ്ഞുകൊടുത്ത് അവരെ ആവേശം കൊള്ളിക്കാം.

ഈ കാഴ്ചപ്പാടോടെ ഇറക്കുന്ന പ്രസിദ്ധീകരണങ്ങൾ വളരെ ചുരുക്കമേ ഇന്ന് മലയാളത്തിലുള്ളു. *യുറീക്ക* വളരെ ആത്മാർഥതയോടെ ഈ വഴിക്ക് ശ്രമിക്കുന്നുണ്ട്, പോരായ്മകൾ പലതും അതിന് ഉണ്ടെങ്കിലും. ഈ കാഴ്ചപ്പാട് കുറച്ചൊക്കെ വച്ചുപുലർത്തുന്ന *തത്തമ്മ* പോലുള്ള മററു ചില പ്രസിദ്ധീകരണങ്ങളും കാണും.

നമുക്ക് മെച്ചപ്പെട്ട ഒട്ടേറെ ബാലപ്രസിദ്ധീക്രണങ്ങൾ വേണം. പല പ്രായത്തിലുള്ള കുട്ടികൾക് വേറെ വേറെ വേണം. 7-8വയസിന് താഴെയുള്ള കുട്ടികൾക് ചിത്രങ്ങൾ കൂടുതലും അക്ഷരങ്ങൾ കുറവുമായവ, 7-8 മുതൽ 12-13 വയസുവരെ ഉള്ളവർക് ചിത്രങ്ങളുടെ സഹായത്തോടെ കഥകളും പാട്ടുകളും മററും അവതരിപ്പിക്കുന്നവ, 12–13മുതൽ 16–17വരെയുള്ള പ്രായക്കാർക് ഗൗരവമുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവ— ഈ രീതിയിൽ.

എന്നാൽ ഈ ആഗ്രഹങ്ങൾ സഫലമായി വരാൻ ഇനിയും വളരെ കാലം പിടിക്കും. ഒരു പ്രസിദ്ധീകരണംപോലും സ്ഥിരമായി ഇറക്കാൻ ഇന്ന് കഴിയില്ല. ചെയ്യാവുന്നത് ഇന്നുള്ള ബാലപ്രസിദ്ധീകരണങ്ങൾ അവയിലുള്ള എല്ലാ തിൻമയോടും നൻമയോടും കൂടി ഉപയോഗിക്കുകയാണ്. അവ മെച്ചപ്പെടുത്തണമെന്ന ബഹുജനാഭിപ്രായം സൃഷ്ടിക്കുകയാണ്. കൂട്ടത്തിൽ, *ദേശാഭിമാനി*വാരികയിലെ 'ബാലപംക്തി' ഈ കാഴ്ചപ്പാടോടെ വികസിപ്പിക്കുകയും, *ദേശാഭിമാനി*പത്രത്തിൻെറ വാരാന്ത്യപ്പതിപ്പിൽ അരപ്പേജെങ്കിലും കുട്ടികൾകു വേണ്ടി മാററിവയ്ക്കുകയുമാണ്. *യുറീക്ക*യെ കുറെക്കാലത്തേക്കുകൂടി ആശ്രയിക്കേണ്ടിവരും. 'സയൻസ് ക്രീം' പുസ്തകങ്ങളുടെ മാതൃകയിൽ നമ്മുടെ ആവശ്യം കണക്കിലെടുത്ത് കുറെയേറെ പുസ്തകങ്ങൾ അടിയന്തരമായി ഇറക്കുകയും ആകാം.

# അനുബന്ധം (i)

## പഠനവിഷയങ്ങൾ

1 പ്രപഞ്ചത്തിൻെറ ഘടനയും വലുപ്പവും
2 പ്രപഞ്ചത്തിൻെറ വലുപ്പവും ചെറുപ്പവും
3 ചലനം—പ്രപഞ്ചത്തിൻെറ അടിസ്ഥാനസ്വഭാവം.
4 ദ്രവ്യം, സ്ഥലം, കാലം എന്നിവയും പരസ്പര ബന്ധവും
5 ജീവപ്രപഞ്ചവും അചേതനപ്രപഞ്ചവും
6 അചേതനത്തിൽനിന്ന് സചേതനത്തിലേക്കുള്ള രാസപരിണാമം
7 ജീവപരിണാമം: പരിണാമവാദത്തിൻെറ പശ്ചാത്തലത്തിൽ
8 ജീവലോകത്തിൻെറ ഉൽപത്തിയെപ്പററിയുള്ള വിവിധ സങ്കൽപങ്ങൾ
9 വാനരനിൽ നിന്ന് നരനിലേക്കുള്ള വളർച്ച
10 ഭാഷ, അധ്വാനം, ആയുധം
11 മനുഷ്യൻെറ സാമൂഹ്യവളർച്ചയുടെ വിവിധഘട്ടങ്ങൾ, പ്രാകൃതദശയിൽ നിന്ന് ആധുനികയുഗംവരെ
12 കൃഷിയുടെ വികാസം
13 ശാസ്ത്രത്തിൻെറ വികാസം
14 കലകളുടെ വളർച്ച
15 മതവും മനുഷ്യജീവിതവും—ചരിത്രപരമായ പഠനം
16 മനുഷ്യൻ നായാട്ടുകാരനിൽ നിന്ന് കൃഷിക്കാരനിലേക്ക് വളർന്നത്
17 നദീതടസംസ്കാരങ്ങൾ
18 അടിമകളുടെ മോചനം—സ്പാർടക്കസിൻെറ കഥ

19 മനുഷ്യചരിത്രത്തിലെ ഇരുണ്ട യുഗങ്ങളും വളർചയുടെ കാലഘട്ടങ്ങളും

20 വിവിധ നരവംശങ്ങളുടെ ചരിത്രം

21 ഭൂമിയുടെയും വൻകരകളുടെയും ഭൂമിശാസ്ത്രപരമായ ചരിത്രം

22 സൂര്യൻെറയും മററു ഖഗോളങ്ങളുടെയും ചരിത്രം

23 വസ്ത്രം, പാർപിടം, ആയുധം ഇവയുടെ വികാസ ചരിത്രം

24 അച്ചടിയുടെ ചരിത്രം

25 ചക്രങ്ങളുടെ കണ്ടുപിടുത്തവും ഗതാഗതോപാധികളുടെ വളർചയും—റോക്കററ്യുഗംവരെ

26 ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം-മൈക്കൽ ആഞ്ജലോ മുതൽ ഐൻസ്റൈറൻവരെ

27 ഭരണാധികാരികളുടെ ജീവചരിത്രം

28 കലാകാരൻമാരുടെയും സാഹിത്യകാരൻമാരുടെയും ജീവചരിത്രം

29 വിവിധ രാജ്യങ്ങളിലെ ഭാഷകരം, സംസ്കാരങ്ങരം, ആചാരങ്ങരം—സാധർമ്യങ്ങളും വൈധർമ്യങ്ങളും

30 സസ്യജാലങ്ങരം, വൃക്ഷലതാദികരം, അമീബ മുതൽകുള്ള ജന്തുജാലങ്ങരം

31 ഊർജരൂപങ്ങരം

32 ഭൂമിശാസ്ത്രം, കാലാവസ്ഥ, കാററുകരം, മഴ

33 പരിസരസംരക്ഷണം

34 ആരോഗ്യപാലനം, വിവിധ ചികിത്സാക്രമങ്ങരം

35 ലോകത്തിൻെറ-പ്രപഞ്ചത്തിൻെറയും—വിവിധ ഭാഗങ്ങരം കണ്ടുപിടിക്കാനുള്ള യാത്രകരം

36 വാർതാവിനിമയം.

37 വായു

38 വെള്ളം

39 മണ്ണ്

40 ബലങ്ങരം

41 ശാസ്ത്രഗവേഷണങ്ങരം—18-ാം നൂററാണ്ടിനു മുമ്പും പിമ്പും

42 ശിലായുഗം

43 അയോയുഗം
44 നവോത്ഥാനകാലം
45 വ്യവസായവിപ്ളവം
46 യന്ത്രങ്ങൾ
47 ലോകം മാററിമറിച്ച തത്വചിന്തകർ—സോക്രട്ടീസ് മുതൽ— തത്വചിന്താപദ്ധതികൾ
48 ഇന്ത്യയിലെ സമൂഹത്തിൻെറ വളർച്ച— സിന്ധുനദീതടസംസ്കാരം മുതൽ
49 വേദങ്ങളുടെ കാലം
50 തെക്കെ ഇന്ത്യ
51 ഇന്ത്യയിലെ ജനങ്ങളും ജീവിതരീതികളും
52 ഇന്ത്യയിലെ നവോത്ഥാനകാലവും നവോത്ഥാന നായകരും
53 ഇന്ത്യൻ സംസ്കാരം—വിവിധ സംസ്കാരങ്ങളുടെ സമ്മേളനം
54 ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറയും സമരനായകരുടെയും കഥ
55 ഇന്ത്യയിലെ സാമൂഹ്യപരിഷ്കർത്താക്കൾ
56 കേരളത്തിലെ സാമൂഹ്യപരിഷ്കർത്താക്കൾ— ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി, വി ടി മുതലായവർ
57 കേരളത്തിലെ സമരനായകർ; പഴശിരാജ, വേലുത്തമ്പി ദളവ, പാലിയത്തച്ഛൻ, പി കൃഷ്ണപിള്ള, എ കെ ജി
58 ഭഗത്സിങ്ങ്, ചന്ദ്രശേഖർ ആസാദ്
59 യുദ്ധവും മനുഷ്യനും
60 ഇന്നലത്തെ ലോകം, ഇന്നത്തെ ലോകം, നാളത്തെ ലോകം

## അനുബന്ധം (ii)

## ശാസ്ത്രപരീക്ഷണങ്ങൾ

പരീക്ഷണം—1

### ഊതിവീർപ്പിച്ച ബലൂൺ ഏത്?

സാമാന്യം വലുപ്പമുള്ള ഒരു ബലൂൺ ഏതാണ്ട് ഒരു ഫുട്ട് ബോളിൻെറ വലുപ്പത്തിൽ ഊതി വീർപ്പിച്ച് അതിൻെറ വായ്കെ

ട്ടിവക്കുക. അതുപോലത്തെ മററൊരു ബലൂൺ ഏതാണ്ട് അത്ര തന്നെ വലുപ്പം വരത്തക്കവിധത്തിൽ ഒരു കൈപ്പമ്പ് ഉപയോഗിച്ച് കാററടിച്ച് വീർപ്പിച്ച് വായ്കെട്ടിവക്കുക. ഇപ്പോൾ കണ്ടാൽ ഏതാണ്ട് ഒരേ മാതിരിയുള്ള ഒരേ വലുപ്പത്തിൽ വീർപ്പിച്ച രണ്ട് ബലൂണുകൾ. ഇനിയാണ് ചോദ്യവും പരീക്ഷണവും ആരംഭിക്കുന്നത്. ബലൂൺ വീർപ്പിച്ചത് കാണാത്ത ഒരു കുട്ടിക്ക് ഏത് ബലൂണാണ് ഊതി വീർപ്പിച്ചത്, ഏതാണ് പമ്പ് ഉപയോഗിച്ച് വീർപ്പിച്ചത് എന്ന് ഒരു ലഘുപരീക്ഷണം നടത്തി പറയാൻ പററുമൊ? പററും.

എങ്ങനെയെന്ന് നോക്കാം. മൂന്നു നാലുദിവസത്തിലധികം പഴക്കം വരാത്ത കുറച്ചു ചുണ്ണാമ്പുവെള്ളം വൃത്തിയായി കഴുകിയ രണ്ടു പാത്രത്തിൽ എടുക്കുക. നല്ല ചിരട്ടയായാലും മതി. ചുണ്ണാമ്പുവെള്ളത്തിന് നിറമുണ്ടായിരിക്കുകയില്ല. എന്നിട്ട് വീർപ്പിച്ച ബലൂണിൻെറ വായ് ചുണ്ണാമ്പുവെള്ളത്തിൽ മുക്കി പതുക്കെ കെട്ടഴിക്കുക. ചുണ്ണാമ്പുവെള്ളത്തിൻെറ നിറത്തിനു വരുന്ന മാററം ശ്രദ്ധയോടെ നോക്കുക. രണ്ടു ബലൂണിൻെറയും അകത്തെ വായു ഇങ്ങനെ വെവ്വേറെ ചിരട്ടകളിൽ എടുത്തിട്ടുള്ള ചുണ്ണാമ്പുവെള്ളത്തിൽ കൂടി കടത്തിവിട്ടാൽ ഒരു ചിരട്ടയിലെ വെള്ളം പാൽനിറമാകും. മറേറ ചിരട്ടയിലെ വെള്ളത്തിന് നിറവ്യത്യാസമൊന്നും വരികയില്ല. പാൽനിറമാകുന്ന ചിരട്ടയിലെ വെള്ളത്തിൽകൂടി കടത്തിവിട്ട വായു തീർച്ചയായും ഊതിവീർപ്പിച്ച ബലൂണിലേതായിരിക്കും. എന്താ, ഇങ്ങനെ പാൽനിറമാകാൻ കാരണം?

നാം ശ്വസിച്ചു പുറത്തേക്കുവിടുന്ന വായുവിൽ കാർബൺ ഡയോക്സൈഡിൻെറ അംശം കൂടുതൽ ഉണ്ട്. ഈ കാർബൺ ഡൈ ഓക്സൈഡ് ചുണ്ണാമ്പുവെള്ളവുമായി പ്രതിപ്രവർത്തിച്ച് അതിനെ പാൽനിറമാക്കുന്നു. എന്നാൽ പമ്പുപയോഗിച്ച് നിറച്ച ബലൂണിലെ വായുവിൽ കാർബൺഡയോക്സൈഡിൻെറ അളവ് വളരെ കുറവായതുമൂലം ചുണ്ണാമ്പുവെള്ളത്തിൻെറ നിറത്തിന് മാററം വരുന്നില്ല.

പരീക്ഷണം—2

## നിറം എങ്ങനെ കൊടുക്കാം?

ഭക്ഷണസാധനങ്ങൾക്ക് പ്രത്യേകിച്ച് മിഠായി, കേക്ക്, ശീതളപാനീയങ്ങൾ തുടങ്ങിയവക്ക് നിറം കൊടുക്കുന്നത് സർവ

സാധാരണമായിത്തീർന്നിരിക്കുകയാണ്. ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കുമ്പോൾ നിശ്ചയമായും ഒട്ടുംതന്നെ വിഷകരമല്ലാത്തതും അപകടമില്ലാത്തതും ആയ ചായങ്ങൾ മാത്രമേ ചേർകാൻ പാടുള്ളു. എളുപ്പത്തിൽ നിർമിക്കാവുന്ന ഒരു ചായമാണ് കാരാമൽ. എങ്ങനെയാണത് ഉണ്ടാക്കുക? ഒരു സ്പൂണിൽ അൽപം പഞ്ചസാര എടുത്ത് മെഴുകുതിരിയുടെ ജ്വാലയിൽ ചൂടാക്കുക. ഏതാണ്ട് തവിട്ടുനിറമാകുമ്പോൾ ജ്വാലയിൽനിന്നും മാററുക. പിന്നീട് അത് വെള്ളത്തിൽ ലയിപ്പിച്ചാൽ ഭംഗിയുള്ള ഇരുണ്ട ചുവന്ന നിറം— വീഞ്ഞിൻെറ നിറം—കിട്ടുന്നതാണ്. പഞ്ചസാര ചൂടാക്കുമ്പോൾ ഉണ്ടാകുന്ന കാരാമൽ എന്ന രാസവസ്തുവാണ് ഈ നിറത്തിന് കാരണം.

ഈ നിറം മാററാൻ സാധ്യമാണോ? അതെ, എളുപ്പത്തിൽ മാററാവുന്നതാണ്. മൂന്നുനാല് കഷണം ചിരട്ടക്കരി ഈ വെള്ളത്തിൽ ഇട്ട് നന്നായി ഇളക്കി കുറച്ചുനേരം വെക്കുക. സാവധാനം നിറമില്ലാത്തതായിത്തീരുന്നതാണ്. ചിരട്ടക്കരി വെള്ളത്തിലെ ചായത്തെ വലിച്ചെടുക്കുന്നതുമൂലമാണ് നിറമില്ലാതായിത്തീരുന്നത്. ചിരട്ടക്കരിക്കുപകരം ഉമിക്കരിയായാലും മതി. ഉമിക്കരി കൊണ്ട് നാം പല്ലുതേക്കുമ്പോൾ ഇതേ പ്രക്രിയ തന്നെയാണ് നടക്കുന്നത്. കരി പല്ലിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നു.

പരീക്ഷണം—3

## നിറം എങ്ങനെ അകററാം?

പൂക്കൾ ഇഷ്ടപ്പെടാത്തവരായി ആരും തന്നെ കാണുകയില്ല. എന്തുകൊണ്ടാണ് പൂക്കൾ ഇഷ്ടപ്പെടുന്നത്? കാഴ്ചക്ക് ഭംഗി, പല നിറങ്ങൾ, നല്ലമണം അതുകൊണ്ട് ഒക്കെ തന്നെയല്ലേ. പൂക്കളുടെ നിറങ്ങൾക്കു കാരണം ചില രാസവസ്തുക്കൾ പൂക്കളിൽ ഉള്ളതുമൂലമാണ്. ഈ രാസവസ്തുക്കൾ മാററിയാൽ പൂക്കളുടെ നിറവും മാറും. ഇത് എളുപ്പത്തിൽ സാധ്യമാണോ? അതെ, മിക്ക മരുന്നുഷാപ്പുകളിലും കിട്ടുന്ന ഒന്നാണ് ബ്ളീച്ചിങ്ങ്പൗഡർ. ഒരു കുപ്പിയിൽ അൽപം ബ്ളീച്ചിങ്ങ് പൗഡർ എടുത്ത് അത് ലയിക്കുവാനാവശ്യമായത്ര വെള്ളം ചേർകുക. അപ്പോൾ മൂക്കിൽ തുളച്ചു കയറുന്ന മാതിരി മണമുള്ള ഒരു വാതകം കുപ്പിയിൽ ഉണ്ടാകുന്നതാണ്. അത് ക്ലോറിൻ

വാതകമാണ്. നിറമുള്ള പൂക്കളുടെ ഏതാനും ഇതളുകൾ കുപ്പിയിട്ട് അടച്ചുവെക്കുക. പത്ത് പതിനഞ്ച് മിനിട്ടുകൾക്കുള്ളിൽ തന്നെ ഇതളുകളുടെ നിറം മാറിയതായി കാണാവുന്നതാണ്. ഈ പ്രതിപ്രവർത്തനത്തിൽ ബ്ളീച്ചിങ്ങ് പൗഡറിലെ ക്ലോറിൻ പൂവിനു നിറം നൽകുന്ന രാസവസ്തുക്കളെ നശിപ്പിക്കുകയാണ് ചെയ്യുന്നത്.

പരീക്ഷണം-4

## ചോരാത്ത ഓട്ടപ്പാത്രം

ഭദ്രമായ അടപ്പുള്ള ഒരു തകരപ്പാത്രമെടുത്ത്—അമൂൽടിന്നിന്റെ വലുപ്പത്തിലുള്ള ഒന്നോ അതിൽ ചെറുതോ ആകാം—അതിന്റെ അടിത്തട്ടിൽ ആണികൊണ്ട് മൂന്നോ നാലോ ഓട്ടകളിടുക. ഒരു തുള കുറച്ച് നീങ്ങി ഒരരികിലേക്കും ആവട്ടെ. ടിന്നിന്റെ അടപ്പിൻമേലും ഒരരികിൽ ഒരു തുളയിടണം. എന്നിട്ട് ടിൻ നിറച്ച് വെള്ളമെടുക്കുക. ടിൻ അടയ്ക്കാതെയിരിക്കുമ്പോഴും അടച്ചുകഴിഞ്ഞ് നോക്കുമ്പോഴും അടിത്തട്ടിലെ ഓട്ടയിലൂടെ വെള്ളം ചോർന്നുപോകുന്നത് കാണാം. ഇനി ടിന്നിൽ നിറയെ വെള്ളമെടുത്ത് ഭദ്രമായി അടയ്ക്കുക. എന്നിട്ട് അടപ്പിന്റെ മുകളിലുള്ള തുള ഒരു വിരലുകൊണ്ട് അടച്ച് പാത്രം പൊക്കിപ്പിടിക്കുക. വെള്ളം ഒട്ടുംതന്നെ ചോർന്നുപോകുകയില്ല. എന്താ കാരണം? ആദ്യം ടിൻ അടയ്ക്കാതിരുന്നപ്പോൾ ജലത്തിന്റെ ഭാരവും മുകളിൽനിന്നുള്ള അന്തരിക്ഷമർദവും വെള്ളത്തെ താഴേക്കമെർതി വെള്ളം ചോർന്നുപോയി. ടിൻ ഭദ്രമായി അടച്ചപ്പോഴും അടപ്പിന് ഓട്ടയുണ്ടായിരുന്നതുമൂലം—ഇതേ കാരണം മൂലം—വെള്ളം ചോർന്നുപോയി. എന്നാൽ വിരലുകൊണ്ട് അടപ്പിന്റെ ഓട്ട അടയ്ക്കുമ്പോൾ വെള്ളം ചോർന്നുപോകാത്തതിന്റെ കാരണം ടിന്നിന്റെ ഉള്ളിൽ അന്തരിക്ഷമർദം ഇല്ല എന്നുള്ളതുകൊണ്ടാണ്. ജലത്തിന്റെയും അൽപം വായുവിന്റെയും ഭാരംകൊണ്ടുള്ള മർദം മാത്രമാണുള്ളത്. എന്നാൽ പാത്രത്തിന്റെ അടിയിൽനിന്ന് മുകളിലോട്ടുള്ള അന്തരിക്ഷമർദം താഴോട്ടുള്ളതിനേക്കാൾ കൂടുതൽ ആണ്. ടിൻ ചരിച്ചു പിടിച്ച് അരികിലുള്ള തുളയിൽകൂടി ഉള്ളിലേക്ക് വായു കടക്കുവാൻ അനുവദിച്ചാൽ ടിന്നിൽനിന്നും പുറത്തേക്ക് ജലം വരുന്നത് കാണാം. കാരണം ഇപ്പോൾ കൂടുതൽ മർദം താഴേക്കാണ്. വീണ്ടും നേരെ പിടിച്ചാൽ അൽപം ചോർന്നശേഷം ചോരാതെയാകും.

പരീക്ഷണം-5

## കടലാസുപാത്രത്തിൽ വെള്ളം തിളപ്പിക്കാം

കട്ടിക്കടലാസുകൊണ്ട് ഒരു പാത്രമുണ്ടാക്കുക. ഒരു മുട്ട മുങ്ങുവാൻ മാത്രം വെള്ളം കൊള്ളത്തക്ക വലുപ്പം മതി പാത്രത്തിന്. ഒഴിഞ്ഞ ഒരു ഐസ്ക്രീംകപ്പ് ആയാലും മതി. ഒരു കൊച്ചടുപ്പിനു മുകളിൽ ഈ പാത്രം വച്ച് അതിൽ മുക്കാൽ ഭാഗം വെള്ളം നിറയ്ക്കുക. എവിടെയെങ്കിലും വെള്ളം ചോരുന്നുണ്ടെങ്കിൽ അവിടം അടച്ച് ചോരാതാക്കണം. ഇനി വെള്ളത്തിൽ മുട്ടയിടാം. കത്തിച്ച മണ്ണെണ്ണവിളക്കോ മെഴുകുതിരിയോ പാത്രത്തിൻെറ ചുവട്ടിൽ വച്ച് വെള്ളം ചൂടാക്കുക. ക്രമേണ വെള്ളം തിളക്കും. മുട്ട വേവുകയുംചെയ്യും. കടലാസിന് തീപിടിക്കുകയും ഇല്ല. കാരണം ജ്വാലയിൽനിന്നുള്ള ചൂട് കടലാസിൽ കേന്ദ്രീകരിക്കാതെ വെള്ളം അത് മുഴുവൻ വലിച്ചെടുക്കുന്നു. വെള്ളം തിളക്കുന്ന ചൂടിൽ കടലാസ് കത്തുകയും ഇല്ല.

പരീക്ഷണം-6

## കോർക് വെള്ളത്തിൽ എങ്ങനെ താഴ്ത്തണം?

ഒരു കോർകോ ഒരു ചെറിയ മരക്കട്ടയോ, നിറയെ വെള്ളം എടുത്തിട്ടുള്ള ഒരു പ്ളാസ്ററിക് മഗ്ഗിലോ പാത്രത്തിലോ ഇടുക. കോർക് പൊങ്ങിക്കിടക്കും. മരക്കട്ടയായാലും അങ്ങനെ തന്നെ. ഇനി ഈ കോർകിൽ തൊടാതെ എങ്ങനെ ഇതിനെ വെള്ളത്തിൽ താഴ്ത്താം എന്നുള്ളതാണ് ചോദ്യം. ഒരു കുപ്പിഗ്ളാസ് എടുത്ത് കോർകിൻെറ മുകളിൽ കമഴ്ത്തി വെള്ളത്തിൽ താഴ്ത്തിയാൽ കോർക് വെള്ളത്തിൽ താണുപൊയ്ക്കൊള്ളും. കാരണം ഗ്ളാസിൻെറ ഉള്ളിലെ വായുവിൻെറ മർദം കോർകിനെ വെള്ളത്തിൽ താഴ്ത്തുന്നു. വെള്ളം ഒരു പരിധിവരെ മാത്രമെ ഗ്ളാസിൽ കയറുകയുള്ളു.

## അനുബന്ധം (iii)

## പാട്ടുകൾ, കവിതകൾ, സംഘഗാനങ്ങൾ

### 1. നമ്മുടെ കൊടി

ഉയരുക ഉയരുക ശുഭ്രപതാകെ
ഉജ്വല കർമപതാകെ
രക്തതാരക മാറിൽ ചാർത്തിയ
ബാലസംഘപതാകെ
ഉജ്വലകർമ പതാകെ മാനവ
സൗഹൃദരത്ന പതാകെ ഉയരുക ഉയരുക........

വിണ്ണിൻ നെഞ്ചിൻ കൂട്ടിൽവളർത്തിയ
വെള്ളിൽപ്പറവകണക്കല്ലോ
മാനവശാന്തിക്കുയിരിന്നുയിരായ്
നീയുണരുന്നൂ നാടുകളിൽ ഉയരുക ഉയരുക........

പുലരിക്കതിരിന്നഴകിൽ തുന്നിയ
തത്വത്തിൻ സന്ദേശവുമായ്
പഠനം മനനം ചലനമതിൻ
മണിമന്ത്രം ചാർത്തിയ കുറികളുമായ്
ഉയർനുപറന്നു കളിക്കുകനീളെ
അനന്തവിശാല വിഹായസിൽ ഉയരുക ഉയരുക........

പട്ടിണി തടവറ തൊഴിലില്ലായ്മ
മർദനനീതികരം നിയമങ്ങരം
ഇന്ത്യൻ ബാല്യമതിൻെറ വിമോചന
വീഥിക്കെതിരേ ഉയരുമ്പോരം
അതിനുനേരെ പൊരുതും ഞങ്ങടെ
അഭിമാനക്കൊടിയല്ലോ നീ! ഉയരുക ഉയരുക........

### 2. മുന്നോട്ട്

വെള്ളിൽപ്പറവകണക്കേ വെള്ള
ക്കൊടികളുമായ് നാം മുന്നോട്ട്!
മാനവ സേവന കർമപഥത്തിൻ
ചങ്ങാതികളേ മുന്നോട്ട്!

നമ്മൾ കേരളമക്കൾ ഭാരത—
മല്ലോ നമ്മുടെ മുത്തശ്ശി
ഇല്ലാ ജാതിമതങ്ങൾ നമ്മൾ
ഉടൽപിറപ്പുകളാണല്ലോ
ഉദയക്കതിരിനുഷസിന് നമ്മുടെ
ചോരക്കും നിറമൊന്നല്ലോ
മാനവമോചന ചിന്തകൊളുത്തിയ
മനസിനുമിന്നാ നിറമല്ലോ
പഠനം മനനം വിശ്വവികാസം
മാനവ സൗഹൃദ സംസ്കാരം
ഇതാണിതല്ലോ നമ്മളുയർത്തും
കൊടിയുടെ ഹൃദയസ്പന്ദങ്ങൾ
ഇതാണിതല്ലോ നമ്മളുയർത്തും
സംസ്കാരത്തിൻ പന്തങ്ങൾ!

## 3. പുതിയ ശക്തി

ബലികുടീര ഭൂമികൾ
ചൂടിടും കിനാവുകൾ
പുതിയ സംഘഗാഥപാടും
ഞങ്ങൾ പുതിയ ശക്തികൾ
ആയിരങ്ങളായിരങ്ങ
ളായിരങ്ങളായിതാ
അണിനിരന്ന് കൊടിപിടിച്ചു
വരികയായി വരികയായ്
ഞങ്ങൾ പുതിയ ശക്തികൾ
ബാലസംഘ ശക്തികൾ
ബാലമോചനത്തിനരുണ
കിരണ മാലപോലവെ
ഞങ്ങളൊത്തുചേർനിതാ
വരുന്നു സംഘശക്തികൾ
ബാലസംഘശക്തികൾ
ഞങ്ങൾതൻ കരങ്ങളിൽ

അരിയവെൺപതാകകൾ
പുതിയൊരുദയ രശ്മികൾ
നെയ്ത വെൺപതാകകൾ
നൂറു നൂറുവർഷമായു–
ണർന്നൊരക്ഷരങ്ങളിൽ
തെളിഞ്ഞതേൻ നുകർന്നു ഞങ്ങൾ
പുതിയശക്തി നേടിടും.
കുന്നിടിച്ച് കുഴിനികത്തി
മന്നിടത്തിലാകവെ
പുലരിനിന്ന് നൃത്തമാടും
'നല്ലനാളെ' വാർകുവാൻ
നെഞ്ചുറച്ച് സംഘശക്തി
സംഭരിച്ചു വരികയായ്
ഞങ്ങൾ പുതിയ ശക്തികൾ
ബാലസംഘ ശക്തികൾ!

## 4. പഠിക്കണം

നേതൃത്വമേറെറടുത്തു
നാടിനെ നയിക്കുവാൻ
പഠിക്കണം പഠിക്കണം
പഠിച്ച് നമ്മളുയരണം
വൈകിയില്ല സമയമിനിയു
മതിനുനമ്മളോർകുവിൻ
പഠിക്കണം പഠിക്കണം
പഠിച്ചുനമ്മളുയരണം.
അക്ഷരങ്ങളാദ്യമായ്
പിന്നെ വാചകങ്ങളായ്
പിന്തിരിഞ്ഞിടാതെ നമ്മ–
ളഖിലവും പഠിക്കണം.
പഠിക്കണം പഠിക്കണം
പഠിച്ചുനമ്മളുയരണം.

## 5. നമ്മൾ പറയിപെററ മക്കൾ

കേരളം കേരളം, ഐക്യകേരളം
ജൻമഭൂമി കേരളം, കർമഭൂമി കേരളം
ധീരഭാരതത്തിനരിയ വീരപുത്രി കേരളം
കേരളം കേരളം ഐക്യകേരളം

മൂന്നുകോണിൽനിന്നു–
നാടിതൊത്തുചേർന്ന സുദിനമേ
നിനക്ക് ഞങ്ങറം നേരിടുന്നു
ജൻമമംഗളം....ഞങ്ങറം നിത്യമംഗളം

വീരസമര ഭൂമികറം
സസ്യഹരിത വനികകറം
പാൽനുരച്ചിലമ്പണിഞ്ഞ
നൂററു പുഴകളരുവികറം
ഒത്തുചേർന്ന താളമേള
ഭംഗിയാർന്ന കേരളം
പണ്ട് നമ്മുടെ കേരളം
പണ്ട് നമ്മുടെ കേരളം

മണ്ണൊലിച്ച് മലയിടിഞ്ഞ്
മരമൊഴിഞ്ഞ കേരളം
മഴയൊഴിഞ്ഞ് കിളിയൊഴിഞ്ഞ്
പുഴവരണ്ട കേരളം
ഇന്ന് വന്ധ്യമോഹമാർന്ന്
കേണിടുന്നു കേരളം

പറയിപെററ മക്കളൊററ
വീട്ടിൽവാണ നാടിതിൽ
ജാതിരാക്ഷസൻെറയസുര–
വാദ്യ നൃത്ത മേളകറം
ഇന്ന് വന്ധ്യമോഹമാർന്ന്
കേണിടുന്നു കേരളം

തൊഴിലുതെണ്ടി കാലുതേഞ്ഞ
യുവജനത്തിൻ പടയണി
വേലയില്ല കൂലിയില്ല
നാട്ടിലാകെ പട്ടിണി
ഇന്ന് വന്ധ്യ മോഹമാർന്ന്
കേണിടുന്നു കേരളം

നമ്മറം പുതിയ പുലരിയുടെ
ഹൃദയരാഗ ദീപ്തികറം
കുന്നിടിച്ച് കുഴിനികത്തി
ഈ നല്ല ഭൂമിയിൽ
പണിയണം നമുക്കു സമത
പൂത്തിടുന്ന കേരളം
പുതിയൊരൈക്യ കേരളം
കേരളം.... കേരളം.... ഐക്യകേരളം

## 6. ഉണരുണരൂ

തിന്ത തിന്തക, തിന്ത തിന്തക, തിന്തകത്താരാ തൈതൈ
തിന്ത തിന്തക, തിന്ത തിന്തക, തിന്തകത്താരാ
കിളിപ്പാട്ടാൽ മധുരിച്ച
കാഞ്ഞിരത്തിൻ ചോട്ടിൽനിന്ന്
നാട്ടിലാകെ തുയിലുണർത്തും
പാടിയെത്തും കിടാങ്ങറം ഞങ്ങറം
പഴയനാട്ടുപാണനാരുടെ
പുതിയ രൂപങ്ങറം ഞങ്ങറം
പാട്ടുപൈതങ്ങറം
തിന്ത തിന്തക, തിന്ത തിന്തക
തിന്തകത്താരാ തൈതൈ........
വിലകേറി പഞ്ഞമേറി
വലയുന്നോരമ്മമാരെ
പശിയാററാൻ പണിതേടി—
തളരുന്ന ചേച്ചിമാരെ

ഇവിടെ വാടിക്കൊഴിയുന്ന
പുതിയ യൗവ്വനശക്തികളെ
നരകജീവിത ഭാരമേററി
ത്തളരുന്ന നാട്ടുകാരെ
നമ്മളൊരുനിരചേർന്ന്
പടയണി ചേരുവാനായ്
ഉണരുണരൂ !
തിന്ത തിന്തക തിന്ത തിന്തക
തിന്തകത്താരാ തൈതൈ
തിന്ത തിന്തക........
പറയിപെററ പന്തിരുകുല
മക്കളൊന്നായ് വാണനാട്ടിൽ
ജാതിചൊല്ലി മതംചൊല്ലി
ഭ്രാന്തിളക്കും പ്രമാണിത്തം
കൊടിയുയർത്തും നാലുകെട്ടുകൾ
ചുട്ടെരിക്കാൻ ഉണരുണരൂ.
അക്രമത്തിനുമനീതിക്കും
അഴിമതിക്കും മറുപടിയായ്
ഉണരുണരൂ ഉണരുണരൂ
ഉണരുണരൂ കൂട്ടുകാരെ
തിന്ത തിന്തക തിന്ത തിന്തക തിന്തകത്താരാ തൈതൈ
തിന്ത തിന്തക തിന്ത തിന്തക തിന്തകത്താരാ

## 7. മാടപ്പിറാക്കളെ പാടൂ

വിശ്വസമാധാന മാടപ്പിറാക്കളെ
സൗഹൃദസംഗീതമാലപിക്കൂ!
നാളത്തെലോകം വരുംവഴിയൊക്കെയും
പുഷ്പങ്ങളാലിന്നലങ്കരിക്കൂ!
സൗരയൂഥത്തിൻെറ വാർമടിത്തട്ടിലൊരു
സൗഗന്ധികപ്പൂകണക്കെ
വിടരാൻ വിതുമ്പുന്ന ഭൂമിതന്നുള്ളിലെ
ഹർഷങ്ങളായ് നിങ്ങൾപാടൂ (വിശ്വസമാധാന)

നിന്ദയും ചതിയും ദുരകളുമില്ലാത്ത
ലോകം പുതിയൊരു ലോകം
ജോലിയും കൂലിയും ജോലിക്കു മേൻമയും
നൽകുന്ന പുതിയൊരു ലോകം
യൗവനം മോഹിച്ച മോഹങ്ങളൊക്കെയും—
സത്യമായ് മാറുന്ന ലോകം
സിന്ദൂരവൈഭാതരശ്മിയിൽ മുങ്ങിയ
നാളത്തെ നമ്മുടെ ലോകം
കണികണ്ടു കുളിർകൊണ്ടു പാടുക പാടുക—
മാടപ്പിറാക്കളെനിങ്ങൾ (വിശ്വസമാധാന............)

## 8. ഒരുമയോടെ

ഒരമ്മപെററ മക്കളെപ്പോ-
ലൊരുമയോടെ പോകനാം
കേരളത്തിൻ മക്കളെ
കേളികേട്ട മക്കളെ

ഹൈന്ദവൻെറ ക്രൈസ്തവൻെറ
മാപ്പിളയുടെ സിരകളിൽ
ഒഴുകിടുന്ന രക്തമോ
ചെന്നിണമതു കൂട്ടരെ
കത്തിക്കാളും വയറിൻെറ
ജാതിയേതുകൂട്ടരെ
കരഞ്ഞിടുന്ന കുഞ്ഞിൻെറ
ജാതിയേതു കൂട്ടരെ

## 9. ഞങ്ങൾ വരുന്നു

വരുന്നു ഞങ്ങൾ വരുന്നു ഞങ്ങൾ ബാലിക ബാലൻമാർ
പുതിയൊരു ഭാരത സൃഷ്ടിക്കായ്പൊരുതും ബാലകർ ഞങ്ങൾ
പഠിച്ചു ഞങ്ങൾ നല്ലവരാകും, ജയിച്ചുഞങ്ങൾ മുന്നേറും
പടുത്തുയർത്തും ഭാരതമണ്ണിൽ സമത്വസുന്ദര നവലോകം

* * * * *

ഒരുതുള്ളിപ്പാലിനായ്, ഒരുതുള്ളികഞ്ഞിക്കായ്
ഉഴലുന്നോരവശരാം ശിശുലക്ഷങ്ങൾ
ഒരു കുഞ്ഞുടുപ്പിനായ്, ഒരു കളിപ്പന്തിനായ്
കൊതിപൂണ്ടോരവശരാം ശിശുലക്ഷങ്ങൾ
അവരുടെ കവിളിലെ ചുടുകണ്ണീരൊപ്പുവാൻ
അവരുടെ പൊരിയുന്ന വയർനിറയ്ക്കാൻ
അവരുടെ കൺകളിൽ പുതുജീവൻ പകരുവാൻ
വരവായീ, വരവായീ ബാലകർ ഞങ്ങൾ

## 10. എന്തുകൊണ്ട്?

എന്തുകൊണ്ട് ? എന്തുകൊണ്ട് ?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട് ?
മാനത്തു മാരിവില്ലെന്തുകൊണ്ട് ?
താരങ്ങൾ മിന്നുന്നതെന്തുകൊണ്ട് ?
രാവും പകലുമുറങ്ങാതെയിത്തിര—
യെന്നും കലിതുള്ളുന്നതെന്തുകൊണ്ട് ?
(എന്തുകൊണ്ട് ? എന്തുകൊണ്ട് ? ........)

തുമ്പപ്പൂവെന്തേ വെളുത്തിരിക്കാൻ
ചെമ്പരത്തിപ്പൂ ചുവന്നിരിക്കാൻ
മിന്നാമിനുങ്ങിൻെറ പിന്നിലിടയ്ക്കിടെ
ചൂട്ടുമിന്നീടുന്നതെന്തുകൊണ്ട് ?
(എന്തുകൊണ്ട് ? എന്തുകൊണ്ട് ? ........)

കാക്കയും പ്രാവും പറക്കുന്നപോലെൻെറ
പൂച്ചപറക്കാത്തതെന്തുകൊണ്ട് ?
അണ്ണാറക്കണ്ണനും കുഞ്ഞിക്കിളികളും
ആർത്തുചിലയ്ക്കുന്ന ചേലിലെൻ മാമ്പഴം
പൊട്ടിച്ചിരിക്കാത്തതെന്തുകൊണ്ട് ?
(എന്തുകൊണ്ട് ? എന്തുകൊണ്ട് ? ........)

അങ്ങേ മലയിലെ മാമരമൊക്കെയും
കള്ളൻമാർ വെട്ടുന്നതെന്തുകൊണ്ട് ?
നഞ്ചുകലക്കിപ്പുഴകളെയൊക്കെയും
വഞ്ചകർ കൊല്ലുന്നതെന്തുകൊണ്ട്?
(എന്തുകൊണ്ട് ? എന്തുകൊണ്ട് ? ........)

എന്നും ചിരിക്കേണ്ട കുഞ്ഞിളംകണ്ണുകൾ
എന്നും കരയുന്നതെന്തുകൊണ്ട്?
(എന്തുകൊണ്ട്? എന്തുകൊണ്ട്?....)
കുട്ടനും കുഞ്ഞിച്ചിരുതയുമമ്മയും
പിച്ചതെണ്ടീടുന്നതെന്തുകൊണ്ട്?
(എന്തുകൊണ്ട്? എന്തുകൊണ്ട്?....)
ജാതിമതങ്ങൾതൻ വേലികൾക്കുള്ളിൽ നാം
നീറിപ്പിടയുന്നതെന്തുകൊണ്ട്?
(എന്തുകൊണ്ട്? എന്തുകൊണ്ട്?....)
പട്ടിണി എന്തുകൊണ്ട്?
ദാരിദ്ര്യമെന്തുകൊണ്ട്?
അജ്ഞതയെന്തുകൊണ്ട്?
(എന്തുകൊണ്ട്? എന്തുകൊണ്ട്?....)
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ടെന്നുള്ള
ചോദ്യമുയർത്തുവാൻ നേരമായി
എങ്ങെങ്ങനീതി തലയുയർത്തീടുന്നി–
തങ്ങൊക്കെയങ്ങൊക്കെ നിർഭീതരായ്
നെഞ്ചും തലയുമുയർത്തിയത്യുച്ചത്തിൽ
എന്തുകൊണ്ടെന്നുള്ള ചോദ്യമുയർത്തുവിൻ!
എന്തുകൊണ്ട്?

## 11. താതെയ്യം നാട്ടീന്ന്

താതെയ്യം താതെയ്യം താതെയ്യംതാരോ
തികതെയ്യം തികതെയ്യം തികതെയ്യം താരോ
താതെയ്യം താരോ താതെയ്യം താരോ
തികതെയ്യം തികതെയ്യം തികതെയ്യം താരോ
താതെയ്യം നാട്ടീന്നും തികതെയ്യം നാട്ടീന്നും
പാടിപ്പറന്നെത്തും കൂട്ടുകാരേ....
നാളത്തെപ്പാടത്തെ കൊയ്ത്തുകാരേ........
ഇന്നു നാം പാടുമീത്തീപ്പാട്ടിൻ നാളങ്ങൾ
നാടെങ്ങും നീളെപ്പടർന്നിടട്ടേ
ഇരുളിൻെറ കോട്ടകൾ കത്തിജ്വലിക്കട്ടെ
പുതുവർണപൂക്കൾ വിടർന്നിടട്ടേ
താതെയ്യം താരോ.... താതെയ്യം താരോ....

തികതെയ്യം തികതെയ്യം തികതെയ്യം താരോ
ഇരുളിൻെറ കോട്ട തകർകുവാൻ വെട്ടത്തിൻ
ചുററിക തീർകുവോർ നമ്മൾ
പുതുപുത്തൻ ചുററിക തീർകുവോർ നമ്മൾ—
(താതെയ്യം....തികതെയ്യം....)
എങ്ങെങ്ങനീതിതന്നട്ടഹാസങ്ങളും
ചങ്ങലക്കെട്ടുമുണ്ടോ....
അങ്ങൊക്കെ സ്വാതന്ത്ര്യഗാഥ പാടീടുവാൻ
വന്നണഞ്ഞീടുവോർ നമ്മൾ
നാളത്തെപ്പാട്ടുകാർ നമ്മൾ....
നാളത്തെ കൊയ്ത്തുകാർ നമ്മൾ
(താതെയ്യം....തികതെയ്യം)
എങ്ങും പ്രഭാതം വിടരുവാനെന്നെന്ന്
മെങ്ങും പ്രകാശം പുലരാൻ
കേഴുന്ന മണ്ണിനും മർത്ത്യനും സ്നേഹത്തിൻ
ഗാഥ ചമക്കുവോർ നമ്മൾ....
നാളത്തെപ്പാട്ടുകാർ നമ്മൾ
നാളത്തെക്കൊയ്ത്തുകാർ നമ്മൾ
(താതെയ്യം....തികതെയ്യം........)
ഈയിളം കണ്ഠങ്ങൾ പാടുന്ന പാട്ടിൻെറ
താളം ശ്രവിക്കുവോരേ....
ഞങ്ങളാമോദം വിളിക്കട്ടെ നിങ്ങളെ
ഞങ്ങളോടൊത്തു പാടാൻ....
ഞങ്ങളോടൊത്തുപാടാൻ....
(താതെയ്യം....തികതെയ്യം....)

## 12. നാളെയുടെ നായകർ

നാം പഠിച്ചു നാം ജയിച്ചു നാം ഉണർന്നുപാടുകിൽ
നമ്മൾ നല്ല നാളെയുടെ നായകരായിടും
നാം പിറന്ന മണ്ണിലും നാം വളർന്ന നാട്ടിലും
നമ്മൾ നല്ല നാളെയുടെ നൻമകൾ കൊയ്തിടും (നാം പഠിച്ചു....)
കുട്ടികളാം നമ്മളിന്ന് കൂട്ടുചേർന്നുനിൽകുകിൽ
നാട്ടുകാർകതെന്തൊരിഷ്ടം പോരൂ പോരൂ കൂട്ടരേ
(നാം പഠിച്ചു....)

ജാതിചിന്ത വേണ്ട, ശാസ്ത്രചിന്ത നേടൂ കൂട്ടരേ
വീരധീരരായ് വളരാൻ നാം ശ്രമിക്ക കൂട്ടരേ (നാം പഠിച്ചു....)
ചോരയേകി ജീവനേകി നാടുകാത്ത നമ്മുടെ
പൂർവികർനടന്ന പാത നമ്മളും പിന്തുടർന്നിടും (നാം പഠിച്ചു ...)

## 13. നല്ല നാളെ നേടാൻ

വന്നു വന്നു ഞങ്ങളൊന്നുചേർന്നിതാ കരങ്ങളിൽ
ചെന്നിറംപകർന്ന താരം മിന്നിടുന്ന കൊടിയുമായ്
ബാലസംഘ കൂട്ടുകാർ, ഭാവിലോക നായകർ
കാലമിന്നു നമ്മളോട് ചൊല്ലിടുന്നു കടമകൾ
ജാതി വർണഭേദവും ഭ്രാന്ത മതവിരോധവും
ഏതുമില്ല ഞങ്ങളിൽ, മണ്ണിതിൻ കിടാങ്ങളിൽ

പാഠപുസ്തകങ്ങളിൽ, പാഠശാലമുറികളിൽ
നേടുമറിവ് കൊണ്ടുഞങ്ങൾ തൃപ്തരാവുകില്ലിനി
തേടുമറിവു ഞങ്ങളെന്നുമെന്നുമെ മിടുക്കരായ്
കണ്ണുകൾ കരഞ്ഞിടാ, നല്ല ഞങ്ങൾ കാൺമതീ
യെണ്ണമററ ദുരിതമെങ്ങു മലയടിച്ചിടുന്നതും
പിഞ്ചുകുട്ടികൾ വിശന്നു മണ്ണടിഞ്ഞിടുന്നതും
എല്ലുമുറിയെ പണിയെടുത്തു പശിയടക്കിടുന്നതും
ഞങ്ങളിച്ചെറിയ കണ്ണുകൾതുറന്നു കാണുമീ
തിൻമകൾ പടർന്നു കേറിടുന്ന വലിയ ഭൂമിയെ
ഭൂമിയിൽ മനുഷ്യർതമ്മിൽ സ്നേഹമുള്ള നാൾവരും
പൂവുകൾ വിടർന്നു നീളെ പുഞ്ചിരിക്കും നാൾവരും
ആ വിശാലലോകമാണ് ഞങ്ങൾതൻ കിനാക്കളിൽ,
ആ മഹൽ പ്രതീക്ഷയാണ് ഞങ്ങൾതൻ മനസിലും

വേലചെയ്തു വേർപൊഴുക്കി ഞങ്ങളെ വളർത്തുവാൻ
പാടുപെട്ട രക്ഷിതാക്കളെന്നുമർധപട്ടിണി
കൂലിയെന്നുമിണ്ടിയാലവർകു മർദനങ്ങൾതാൻ
കാലമാട്ടെ, ഞങ്ങളന്നു തീർത്തിടും കണക്കുകൾ

അച്ചടക്ക, മാത്മധൈര്യമൊക്കെഞ്ഞങ്ങൾ നേടിടും
ചിട്ടയോടെ ബാലസംഘ കൂട്ടുകാർ വളർന്നിടും
ഞങ്ങൾ കയ്യിൽ വെൺപതാകയേന്തി മാർചുചെയ്തിടും

ഞങ്ങളീപതാകതൻ വെളുപ്പുവാനിനേകിടും
ചേരുകൂട്ടുകാരെയീ ചേരിയിൽ കരുത്തരായ്
കാലമിന്നു നമ്മളെ വിളിപ്പതൊന്നു കേട്ടുവോ?

ഞങ്ങരം ഞങ്ങരം ഞങ്ങരം പാടും സംഘഗീതകങ്ങളിൽ
നിങ്ങരം കേട്ടുവോ മുഴങ്ങുമിന്ത്യതൻ പ്രതീക്ഷകരം
ഇന്ത്യയിൽ കിടാങ്ങരം വാടിവീണിടാത്ത നാരംവരും,
കണ്ണുകരം നിറഞ്ഞിടാത്ത നൻമപൂക്കും നാരംവരും
നാളെ നാളെ നല്ലനാളെ നേടിടാൻ കിടാങ്ങളെ
പോരുകിക്കൊടിക്കുകീഴെ, ഏറെസമയമില്ലിനി.

## 14. പുലരിയുടെ തേരൊലി

പുലരിവരും തേരൊലികേരംപൂ
ഉണരുണരൂ പൂമൊട്ടുകളേ,
കുരവയിടു കുഞ്ഞാററകളേ,
കുരുവികളേ, പൂങ്കുയിലുകളേ

പുലരിയുടെ തേരുവരുമ്പോരം,
ഇരുളിൻെറ കോട്ടതകർത്തീ
പുലരിയുടെ തേരുവരുമ്പോരം
ചിറകുവിടർത്തുയരും പറവ—
ക്കൂട്ടത്താൽ നമ്മളുയർത്തുക
നാം നമ്മുടെ കാലത്തിൻെറ
സ്വാതന്ത്ര്യപ്പൂപ്പന്തലുകരം
പുലരിവരും........

ഒരു പറയി പെററുവളർത്തിയ
പന്തീർകുലമല്ലോനമ്മരം,
ജാതി മതം മനസിൽപാകിയ
മാറാലകരം മാററിയനമ്മരം.
ഈ മണ്ണിലൊരുക്കുക സൗഹൃദ—
സംഗീതപ്പൂക്കണിമേളം.
പുലരിവരും........

തുഞ്ചത്താചാര്യനുണർത്തിയ
പഞ്ചാരപൈങ്കിളിമകളേ,

ഇപ്പിഞ്ചുമനസുകടംതോറും
സിന്ദൂരവെളിച്ചമുണർത്താൻ
ചെഞ്ചുണ്ടിൽ അക്ഷരകലയുടെ
അഗ്നിയുമായിതുവഴിവായോ
പുലരിവരും........

## 15. അ ആ ഇ ഈ

അ ആ ഇ ഈ ഉ ഊ എ
ഏ ഐ ഒ ....ഒ ഓ ഔ അം അഃ
അ....അമ്മ....അരിവാ൦....അടിമ....അടിമത്തം
ഇ....ഇടവം....ഇടവപ്പാതി....ഇടിമിന്നൽ
ഉ....ഉപ്പ് ...ഉടമ....ഉടവാ൦....ഉടമസ്ഥൻ
എ....എന്ത്....എന്തിന്....എങ്ങനെ....എന്നാലേ!
ഒ....ഒന്ന്....ഒന്ന്....ഒന്ന്....ഒന്നിക്കുന്നത് ഒത്തൊരുമ
ക....കററ....കന്നിവയൽ
കന്നിക്കൊയ്ത്ത് കരിമേഘം
ച....ചങ്ങല....ചമ്മട്ടി
ചങ്കുകലങ്ങണ്....ചങ്ങാതി
പ....പാടം....പണിയാളി
പാരിനെ വെല്ലും പടയാളി
ത....താമര....താനാട്ടം
തങ്കക്കതിരിനുതുള്ളാട്ടം
ജ....ജൻമം....ജൻമിത്തമ്പ്രാൻ
ജയിലറകൊണ്ടേ ജയഭേരി
ഞ....ഞാറ്....ഞാലിപ്പൂവൻ
ഞാററുവേല....കൈവേല.

കാർമേഘങ്ങ൦ നിരക്കുമ്പോ൦
ഇടവപ്പാതി ചുരത്തുന്നു
പണിയാളൻമാർ പാടത്ത്
ഉഴവിനിറങ്ങി നിരക്കുന്നു.

....ക....കററ....കന്നിവയിൽ
ചിരുത തിരുത ചിരുതേയി
ഞാറുനടന്നുപാടുന്നു

ഞാററുവേലകൾ കഴിയുന്നു
ഞാറുകൾ കതിരായുണരുന്നു.

....ഞ....ഞാറ്....ഞാലിപ്പൂവൻ

അരിവാൾ പാടത്തണയുന്നു
കതിരുകൾ കൊയ്ത്തുമെതിക്കുന്നു
കാര്യസ്ഥൻമാർ നെൻമണികൾ
അറയിൽകൊണ്ടുനിറക്കുന്നു

....ക....കററ....കന്നിവയൽ

കുടിലിൽ പട്ടിണി പൊരിയുന്നു
നെൻമണിയറയിലുറങ്ങുന്നു
ചെറുമനുവയറുപയിക്കുന്നു
തമ്പ്രാനുണ്ടുമദിക്കുന്നു

....ജ....ജൻമം....ജൻമിത്തമ്പ്രാൻ

പണിയാളൻമാർപണിയുന്നു
മേലാളൻമാരുണ്ണുന്നൂ
പൂണൂലിട്ടൊരുതത്വങ്ങൾ
ഉടവാളേന്തിയ നിയമങ്ങൾ

....ച....ചങ്ങല....ചമ്മട്ടി
ചങ്ക് കലങ്ങണ് ചങ്ങാതി.

## 16. കഥവരമ്പും കേറി കളിവരമ്പും കേറി

കാതിലൊരാലോലമൂഞ്ഞാലുകെട്ടിയ
മുത്തശ്ശി, കഥയുടെ കെട്ടഴിച്ചു.
കഥയുടെ കെട്ടിൽനിന്നായിരം തൂമണി-
മുത്തുകൾ ചുററും ചിതറിവീണു.

കാതിലൊരാലോലം....

മൂക്കില്ലാരാജാവിൻ കഥകേട്ടു ഞങ്ങള-
ന്നറിയാതെ മൂക്കത്ത് വിരലുവച്ചു.
രാജകുമാരിയെ രാക്ഷസൻ കട്ടപ്പോ-
ളാകവേ ഞെട്ടിത്തരിച്ചു ഞങ്ങൾ.

കാതിലൊരാലോലം....

ആമ മുയലിനെ നാണം കെടുത്തിയ
കഥയുടെ തുമ്പിലുറങ്ങി ഞങ്ങരം.
കഥവരമ്പും കേറി, കളിവരമ്പും കേറി
കളകളം പാടി നടന്നു ഞങ്ങരം.

കാതിലൊരാലോലം.........

കഥവരമ്പും കേറി, കളിവരമ്പും കേറി
കാര്യക്കരിമലയേറിടട്ടെ.
ഞങ്ങരം....
കരകാണാക്കടലിൻെറ കരകാണട്ടെ.

കാതിലൊരാലോലം.........

## 17. ഞങ്ങൾ പന്തങ്ങൾ

ഭാരതനാടിൻ സ്വാതന്ത്ര്യത്തിനു
പൊരുതി മരിച്ച പിതാക്കൻമാർ
കാലച്ചുവരിൽ ചോരയിലെഴുതിയ
പാട്ടുകരം ഞങ്ങരം പന്തങ്ങരം!

നാനാവർണ്ണ സുഗന്ധ ശരീരികരം
പൂവുകരം ഞങ്ങടെ സ്വപ്നങ്ങരം
ഇല്ലാ ജാതി മതങ്ങരം ഞങ്ങരം
ഒരേ കുടുംബത്തായ് വഴികരം;

തലമുറകരം തന്നനുഭൂതികളേ
അക്ഷരകലയുടെ അഗ്നികളേ
ഞങ്ങടെ മനസിൽ വന്നു കൊളുത്തൂ
വിജ്ഞാനത്തിൻ കൈത്തിരികരം!

ഞങ്ങടെ ചോര ഞരമ്പിൽ പുതിയൊരു
സ്വാതന്ത്ര്യത്തിന്നഗ്നി തരൂ!
കാലത്തെത്തുടികൊട്ടിയുണർത്താൻ
ഞങ്ങരംകാകെ ശക്തി തരൂ !

## 18. നമ്മൾ ഭാരതപൗരൻമാർ

ഒരമ്മ തൻ മക്കൾ നമ്മൾ
ഒരേ കുടുംബക്കാർ
എഴുപത് കോടികൾ
ഉടപ്പിറപ്പുകൾ
ഭാരതപൗരൻമാർ

ഹിമവൽഗിരിമുടി ചൂടുകയല്ലോ
നമ്മുടെ ഔന്നത്യം
സിന്ധുവിൽ ഗംഗയിൽ ഉണരുകയല്ലോ
നമ്മുടെ സൗന്ദര്യം

രവീന്ദ്രഭാരതി നമ്മുടെ മനസിൻ
സ്വരലയതാളങ്ങൾ.
ഭാരതിയാരുടെ മൊഴികൾ ഭാരത–
ഹൃദയവസന്തങ്ങൾ

പല പല ഭാഷകൾ പല വേഷങ്ങൾ
നമ്മൾക്കെന്നാലും
തങ്ങളിലിഴുകിച്ചേരും പുതിയൊരു
ഭാരത സിംഫണി നാം.

## 19. പതാകഗാനം

പൊങ്ങിപ്പറക്കുക,
പാറിപ്പറക്കുക
ബാലസംഘത്തിൻെറ
വെൺപതാകെ!
സത്യവും നീതിയും
തൂകുന്ന തൂവെൺമ
ലോകസമാധാന
വാഞ്ഛയല്ലോ!
നിന്നിൽ തിളങ്ങുന്ന
രക്തനക്ഷത്രമോ
ഭാവിതൻ ഭാസുര
പൊന്നുഷസ്സ്!

വന്നണഞ്ഞീടുക
    കൂട്ടുകാരേ നമ്മരം
നമ്മരം തൻ വെള്ള—
    ക്കൊടിക്കുകീഴിൽ
നമ്മരംതൻ സ്വപ്നങ്ങരം
    പൂവണിയേണ്ടയോ?
നമ്മരംക് ശക്തി
    വളരേണ്ടയോ ?
പൊങ്ങിപ്പറക്കുക
........................

## 20. ഞങ്ങൾ

ബാലൻമാർ ഞങ്ങരം,
    ബാലികമാർ ഞങ്ങരം.
യുഗനാളങ്ങരം ഞങ്ങരം,
    യുഗതാളങ്ങരം ഞങ്ങരം
മലയാളികരം ഞങ്ങരം,
    ഭാരതമക്കരം ഞങ്ങരം
ഇംഗ്ളീഷ് മോഡൽ സംസ്കാരത്തിൻ
    എതിരാളികരം ഞങ്ങരം
എതിരാളികരം ഞങ്ങരം.
പുതിയൊരുമാനവ—
    സംസ്കാരത്തിൻ
വിത്തുവിതപ്പവർ ഞങ്ങരം
    വിത്തുവിതപ്പവർ ഞങ്ങരം.

## ശാസ്ത്രഗാനങ്ങൾ

### 1. എണ്ണീട്ടുമെണ്ണീട്ടും

എണ്ണീട്ടുമെണ്ണീട്ടും തീരാത്ത നക്ഷത്ര—
    ക്കണ്ണുകരം മാനത്ത് മിന്നിടുന്നു.
എണ്ണീട്ടുമെണ്ണീട്ടും തിരാത്തിരമാല
    എന്നും കടലിലുയർന്നിടുന്നു.

കടലിൻെറ തീരത്തെ പഞ്ചാരമണലിൻെറ
തരിയെണ്ണി തരിയെണ്ണി നാം തളർന്നു
കടലിൻെറ പാത്രത്തിൽ എത്രകുടം വെള്ളം
അറിയില്ലിതുവരെയാർകുമാർകും
എണ്ണിയാൽ തീരാത്തളക്കുവാനാകാത്ത–
തെന്തൊക്കെയെന്തൊക്കെയാണ് ചുററും.

## 2. നമ്മുടെ ഭൂമി

ഒരു കോടിയല്ല, ല്ലൊരുപാടു കോടിയു-
ണ്ടകലെയായ് നക്ഷത്രക്കൂട്ടങ്ങൾ
അവയിരമ്പിപ്പാഞ്ഞു മേവുമാകാശത്തി-
ന്നളവില്ലതിരില്ല വഴികളില്ല.
അതിലൊരു നക്ഷത്രക്കൂട്ടത്തിലൊരു കൊച്ചു
തരിയാണുകൂട്ടരേ സൂര്യബിംബം.
സൂര്യബിംബത്തിൻെറ ചുററും കറങ്ങുന്ന
ഒമ്പതു പുന്നാര സുന്ദരിമാർ.
അതിലേററം സുന്ദരിയാരെന്നറിയാമോ
അവളാണ് നമ്മുടെ ഭൂമിദേവി!

## 3. ചെറുത്

കടലിൻെറ തീരത്തെ
ചെറുമണൽ തരിയെക്കാൾ
ചെറുതായി ചെറുതായിട്ടെന്തുണ്ട്?
കടുകുമണിയോളം, സൂചിത്തലപ്പോളം
ചെറുതായിച്ചെറുതായിട്ടെന്തുണ്ട്?
കുഞ്ഞനുറുമ്പിൻെറ മൂക്കിൻെറ തുഞ്ചത്തെ
മീശരോമത്തെക്കാൾ ചെറുതെന്തുണ്ട്?

## 4. ചലനം, ചലനം

വലുതിലും വലുതായതൊക്കെ ചലിക്കുന്നു
ചെറുതിലും ചെറുതായതൊക്കെ ചലിക്കുന്നു
വാച്ചിൻെറ സൂചി ചലിക്കുന്നു, രാപ്പകൽ
ഭേദമില്ലാതിതാ ഭൂമി ചലിക്കുന്നു.

പരമാണുവുമതിന്നുള്ളിലെ ച്ചെറുചെറു
കണികകളുമിതാ തുള്ളിക്കളിക്കുന്നു
ഉള്ളിലും പുറമെയുമുള്ളിൻെറയുള്ളിലും
എല്ലാം ചലിക്കുന്നു, ചലനമേ വാഴ്കനീ.

* * *

ചലനം, ചലനം സർവത്ര
നിശ്ചലമെന്നൊന്നില്ലെങ്ങും

## സമൂഹഗീതങ്ങൾ

### 1. ആയുധമുണ്ടായി

ചൂടും തണുപ്പുമേററാകെ തളർന്നും
കാട്ടുമൃഗങ്ങളെ പേടിച്ചരംഭും
കാടും തെണ്ടിക്കുരങ്ങൻമാരോടൊത്തു
കായ്കനിതിന്നു കഴിഞ്ഞൊരുനാൾ
നമ്മുടെ മുതു മുതു മുത്തച്ഛനന്നൊരു
കല്ലിൻകഷണം കടന്നെടുത്തു
ആയതുകൊണ്ടവൻ കാട്ടുചെടിയുടെ
മൂടുതുരന്നു കിഴങ്ങെടുത്തു
അന്നാദ്യമായി മനുഷ്യനെ സൃഷ്ടിച്ചൊ-
രായുധമുണ്ടായി, ശാസ്ത്രമുണ്ടായ്!

### 2. ആയുധം, ഭാഷ, കൂട്ടായ്മ

പണിയെടുക്കാനായുധമുണ്ടായീ
പലതും പറയാൻ ഭാഷയുണ്ടായീ
കൂട്ടുചേർന്ന ജീവിതമുണ്ടായി
അങ്ങനെ, കൂട്ടുകാരേ മനുഷ്യരുണ്ടായീ.

### 3. പണ്ടൊരുകാലം

പണ്ടൊരു കാലം മനുഷ്യർ കാട്ടിൽ
മൃഗങ്ങളായി നടന്നു....
മഴയും മഞ്ഞും വെയിലും കൊണ്ടവർ
മൃഗങ്ങളായി നടന്നു....
അവർ പഴങ്ങൾ തേടി നടന്നു.

മൃഗങ്ങരം തേടി നടന്നു.
കല്ലും വടിയും കൈകളുമല്ലാ–
തായുധമൊന്നും കൂടാതെ
വേട്ടനടത്തി, ഗുഹയിലുറങ്ങി
അവർ മൃഗങ്ങളായി നടന്നു.

## 4. അടിമകൾ മാടുകൾക്കൊപ്പം

ശൂലങ്ങരം നീളവേ, ചാട്ടവാർ പുളയവേ
മാടുകരംകൊപ്പം പണിയെടുത്തു...
അടിമകരം മാടുകരംകൊപ്പം പണിയെടുത്തു.
മാമരച്ചോട്ടിലോ മാനത്തിൻ കീഴിലോ
മേനിതളർന്നവർ വീണുറങ്ങി.
കാലൊന്നനങ്ങിയാൽ ചങ്ങല കിലുങ്ങിയാൽ
കാവലാരം ഗർജിക്കും, ചാട്ടമൂളും!
വയലിൽ മുളപ്പിച്ച്, വഴികരം വെടുപ്പാക്കി
മേടകരം നിർമിച്ച്, മഞ്ചൽ ചുമന്നു.
മേലാരംകു മേൽഗതി നൽകുന്ന ദേവിക്ക്
ചോരനൽകീടാൻ കഴുത്തുനീട്ടി...
അടിമകരം ചോരനൽകീടാൻ കഴുത്തുനീട്ടി.

## 5. പൊലിയേ പൊലി

മലവെട്ടി, തിനവിതച്ചു, വയലുഴുതു, വിത്തിട്ടു
നിറപൊലിയേ കതിർപൊലിയേ,
പൊലി പൊലിയേ, പൊലി പൊലിയേ.
പക്ഷെ,........
പൊലിയെല്ലാം പടിക്കലേക്ക്,
തമ്പ്രാൻെറ പടിക്കലേക്ക്.
തമ്പ്രാനോ, പൊന്നോണം
എന്നെന്നും പൊന്നോണം.
അടിയാൻെറ കുമ്പിളിലോ?
കണ്ണീര്, കണ്ണീര്, എന്നെന്നും കണ്ണീര്
മലവെട്ടി.......................

## 6. നമ്മുടെ സംസ്കാരം

സംസ്കാരം, സംസ്കാരം, ഭാരതസംസ്കാരം
സിന്ധുനദീതട സൈകത ഭൂവിൽ
പിറന്നുവീണൊരു സംസ്കാരം—
സംസ്കാരം,....

മൊഹഞ്ജദാരോ, ലോഥൽ, രൂപഭ്
ഹാരപ്പകളിലെ സംസ്കാരം
ആര്യദ്രാവിഡജനതകൾ മേളി—
ച്ചിവിടെ വളർന്നൊരു സംസ്കാരം
സംസ്കാരം,........

യവന, അറേബ്യർ, ഹൂണർ, ചീനർ
പാർസികൾ, തുർക്കികൾ, സിഥിയൻമാർ
ബുദ്ധ,നശോകൻ, ഗുരുനാനാക്കും
കാളിദാസൻ, തുളസീദാസും
കമ്പർ, കബീറും തുഞ്ചൻ, കുഞ്ചൻ
ഊട്ടിവളർത്തിയ സംസ്കാരം....
സംസ്കാരം..............

മുഗളൻമാരും വെള്ളക്കാരും
പരിപോഷിച്ചൊരു സംസ്കാരം
ഗാന്ധി, ഭഗത്സിങ്ങ്, എ കെ ജിയും
പ്രാണൻ നൽകിയ സംസ്കാരം
ഇന്ത്യൻ ജനതക്കിന്ത്യൻ ജനത
പകർന്നേകിയതാം സംസ്കാരം.
സംസ്കാരം, സംസ്കാരം, ഇത് നമ്മുടെ സംസ്കാരം.

# ഒരുപിടിനെല്ല്

എ ആർ ചിദംബരം

(പശ്ചാത്തലത്തിൽ ഒരു ഗാനം വിരുത്തമായി ഉയർന്നു കേഠംകുന്നു.)

വിത്തമെന്തിനു മർത്ത്യർക്ക്
വിദ്യ കൈവശമാകുകിൽ,
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ?

വിദ്യ വിട്ടു നരന്നാമോ
വിശ്വംഭരയിൽ വാഴുവാൻ,
ആയുധം കയ്യിലില്ലാത്തോ-
നടരാടുവതെങ്ങനെ?

പുറംകണ്ണു തുറപ്പിപ്പൂ
പുലർ വേളയിലംശുമാൻ,
അകംകണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം.

ശബ്ദം: കൂട്ടരെ! ഗുരുനാഥൻ എഴുന്നള്ളാററായി. വേഗമാകട്ടെ. പൂജാദ്രവ്യങ്ങളൊരുക്കൂ.

(നാലുകുട്ടികഠം തിരക്കിട്ടുവരുന്നു. രണ്ടുപേരുടെ കയ്യിൽ പൂക്കൂടയുണ്ട്. മററു രണ്ടുപേർ പൂപറിച്ചുകൊടുക്കും. കൂട കയ്യിലുള്ളവർ വശം പറഞ്ഞുകൊടുക്കുകയും ഇലകഠംകിടയിലും മററും മറഞ്ഞുനിൽകുന്ന പൂക്കഠം ചൂണ്ടിക്കാട്ടിക്കൊടുക്കുകയും ചെയ്യും. അവർ നേരിട്ടുപണിയെടുക്കുന്നില്ലെന്ന കാര്യം അഭിനയത്തിൽ സ്പഷ്ടമാകണം. കൂട കയ്യിലിരിക്കുന്നവർ ഒന്നാമൻ, രണ്ടാമൻ, പൂപറിക്കുന്നവർ മൂന്നാമൻ, നാലാമൻ.

ഓരോ ഗ്രൂപ്പിലും കൂടുതൽ കുട്ടികളെ ഉഠംപെടുത്തി അഭിനയിപ്പിക്കാം. അപ്പോഠംഓരോ ഗ്രൂപ്പിൻെറയും സംഭാഷണം അതതു ഗ്രൂപ്പിൽപെട്ട ആരെങ്കിലും പറഞ്ഞാൽ മതി. ഗ്രൂപ്പിൻെറ സ്വഭാവം നിലനിർത്തണമെന്നേ ഉള്ളു.)

മൂന്നാമൻ: കണ്ടില്ലേ? ഈ നീല തുളസി തൊഴുകയ്യോടെ നിൽകുന്നത്?

നാലാമൻ: നിന്നെ കണ്ടാൽ അവരം തൊഴാതിരിക്കുമോ? നീയല്ലേ വെള്ളം കൊടുത്തു വളർത്തിയത്.

മൂന്നാമൻ: (അടുത്തുചെന്ന് തുളസിയെ ഓമനിച്ചുകൊണ്ട്) അതിനെന്താ, അവളെനിക്ക് പൂ തരുന്നില്ലെ?

നാലാമൻ: ഇന്നും അവളുടെ പൂതന്നെ വാങ്ങണമെന്ന ശാഠ്യമായിരിക്കും. (അടുത്തുചെന്ന് ഓമനിക്കുന്നു.)

ഒന്നാമൻ: നേരം പോകുന്നു. മരങ്ങളോടല്ലെ വർത്തമാനം..........

രണ്ടാമൻ: വേഗമാകട്ടെ, താമസിച്ചാൽ ഗുരുദേവൻ ശാസിക്കും.

മൂന്നാമനും നാലാമനും (പൂപറിക്കുന്നു. വളരെ സാവധാനം. ചെടിക്ക് കേടുപററാതെ സൂക്ഷിച്ച്. ഒന്നാമൻെറയും രണ്ടാമൻെറയും കൂടയിൽ ഇട്ടുകൊടുക്കുന്നു)

ഒന്നാമൻ: ഓ....ആ ചെത്തിപ്പു കൂടി.

രണ്ടാമൻ: ആ മന്ദാരം.... ആ ജമന്തി....

(ഓരോ പൂവും ചൂണ്ടിക്കൊടുക്കുന്നു)

ഒന്നാമൻ: (മുകളിലേക്ക് ചൂണ്ടി) ആ നിൽകുന്ന അശോകപ്പൂങ്കുല കൂടിയായാൽ ഇന്നത്തേക്ക് മതി.

രണ്ടാമൻ: എങ്ങനെ പറിക്കും? കയ്യെത്തില്ലല്ലൊ....

മൂന്നാമൻ: നോക്കിനിൽകാതെ. ഒരു പീഠം എടുത്തുകൊണ്ടു വരൂ....

ഒന്നാമൻ: സമയം പോകും. ആ കമ്പെടുത്തു തല്ലിയാൽ പോരേ?

മൂന്നാമൻ, നാലാമൻ: ങ് ഹാഹാ—തല്ലാനോ? ചേതമുണ്ട്. നമുക്ക് പൂ തരുവാൻ വേണ്ടി നിറഞ്ഞ് ചിരിച്ചുനിൽകുന്ന ഇവനെ തല്ല! നോവിക്കാനോ?

ഒന്നാമൻ: വയ്യെങ്കിൽ വേണ്ട. വൈകിയാൽ ഗുരുദേവൻ കോപിക്കും. ഞാൻ പോകുന്നു. (കൂടയെടുത്ത് പോകാൻ തുടങ്ങുന്നു. രണ്ടാമൻ പെട്ടെന്ന് ഒരു വടിയെടുത്ത് പൂങ്കുല തല്ലുന്നു. മൂന്നും നാലും കൂടി അവനെ പിടിച്ചുമാററുന്നു. ചെറിയ അടിപിടി. രണ്ടാമനെ സഹായിക്കാൻ ഒന്നാമനും കൂടുന്നു. വഴക്കിനിടക്ക് പൂക്കൂട തട്ടിമറിയുന്നു.)

ശബ്ദം: എന്താ ബഹളം? പൂപറിച്ചു തീർന്നില്ലെ? (കുട്ടികരം വഴക്ക് നിറുത്തി. മറിഞ്ഞ് കിടക്കുന്ന പൂക്കൂടയിൽ നോക്കി വിഷണ്ണരായി)

ഒന്നാമൻ: നേരം പോയി. വേഗം വാരിയിട്....

മൂന്നാമൻ: മണ്ണിൽ വീണ പൂക്കൾ പൂജക്ക് കൊള്ളില്ല.

രണ്ടാമൻ: സമയമായി. നമ്മളെന്തു ചെയ്യും? (ഒന്നാമനും രണ്ടാമനുംപൂക്കൾ വാരി കൂടയിലിടാൻ തുടങ്ങുന്നു)

മൂന്നാമൻ, നാലാമൻ: ഛെ....പൂജിക്കാൻ ചവിട്ടിത്തേച്ച പൂക്കളോ?....

ഒന്നാമൻ, രണ്ടാമൻ: നിങ്ങളല്ലേ ചവിട്ടിത്തേച്ചത്?

മൂന്നാമൻ, നാലാമൻ: നിങ്ങളാണ്....

ഒന്നാമൻ, രണ്ടാമൻ: കള്ളം പറഞ്ഞാലുണ്ടല്ലൊ. ഞാൻ ഗുരുവിനോടുപറയും.

(ഗുരുവിനോട് പറയാൻ ഓടുന്നു. ഗുരു അവിടേക്ക് വരുന്നു.കുട്ടികൾ പരിഭ്രമിച്ച് വണങ്ങി നിൽകുന്നു.)

ഗുരു: പൂപറിച്ചു കഴിഞ്ഞില്ലെ? എന്താ ഇവിടൊരു ബഹളം കേട്ടത്? നേരംപോയതറിയാതെ കളിച്ചു നടക്കുകയായിരുന്നു, അല്ലെ? എവിടെ പൂക്കൾ?

(കുട്ടികൾ കുററബോധത്തോടെ പേടിച്ചുനിൽകുന്നു. ഗുരു തറയിൽ വീണു കിടക്കുന്ന പൂക്കൾ കാണുന്നു.) എന്താണിത്? ആരാണീപൂക്കൾ തട്ടിക്കളഞ്ഞത്?

ഒന്നാമൻ, രണ്ടാമൻ: ഇവർ.

മൂന്നാമൻ, നാലാമൻ: ഞങ്ങളല്ല.

ഒന്നാമൻ: ഞങ്ങൾ ആ അശോകപ്പൂങ്കുല പറിക്കാൻ തുടങ്ങിയപ്പോൾ ഇവർ വഴക്കുണ്ടാക്കി.

ഒന്നാമൻ: പൂക്കൂട തട്ടി നിലത്തിട്ട് ചവിട്ടി.

മൂന്നാമൻ, നാലാമൻ: (വിക്കിവിക്കി) ഞങ്ങൾ....ഞങ്ങൾ....

(ഗുരുവിൻെറ രൂക്ഷമായ നോട്ടംകണ്ട് ഭയപ്പെട്ട് വാക്കുകൾ പുറത്ത് വരുന്നില്ല. ഗുരു ഒരു നിമിഷം ആലോചിക്കുന്നു. കാര്യങ്ങളുടെ കിടപ്പ് പിടികിട്ടുന്നു. ഒരു തീരുമാനമെടുക്കുന്നതായി നടിക്കുന്നു. ശാന്തനായി.)

ഗുരു: ഉണ്ണികളെ, നിങ്ങളുടെ വിദ്യാഭ്യാസകാലം കഴിഞ്ഞിരിക്കുകയാണ്. ഇനി ഗുരുദക്ഷിണ തന്ന് പിരിയുകയേ വേണ്ടു. നിങ്ങൾ എന്താണ് തരാൻ പോകുന്നത്?

എല്ലാവരും: കൽപിച്ചാലും........

ഗുരു: കൽപിക്കുന്നതെന്തും തരാൻ നിങ്ങളെക്കൊണ്ട് കഴിയുമോ?

ഒന്നാമൻ: ഇക്കാണുന്ന ഗ്രാമമെല്ലാം, എന്റെ അച്ഛന്റെ വക യാണ്. ഒന്ന് സൂചിപ്പിക്കുകയേ വേണ്ടൂ....

രണ്ടാമൻ: നാട്ടിലുള്ള കച്ചവടസ്ഥാപനങ്ങളെല്ലാം എന്റെ അച്ഛന്റെ വകയാണ്. ഒന്ന് സൂചിപ്പിക്കുകയേ വേണ്ടൂ....

മൂന്നാമൻ, നാലാമൻ: ഞങ്ങൾക്ക് കച്ചവടമോ കൃഷിയിടങ്ങളോ ഇല്ല. എങ്കിലും കൽപിച്ചാൽ....ഞങ്ങളാലാവത്....

ഗുരു: നമുക്ക് യാതൊന്നും വേണ്ട. എന്നാൽ നാം നിങ്ങൾക്ക് ഒരു പരീക്ഷ നിശ്ചയിക്കുന്നു. അതിൽ ജയിക്കുന്നവർക്ക് നമ്മുടെ അനുഗ്രഹം പൂർണമായിട്ടുണ്ടായിരിക്കും.... എല്ലാവർകും സമ്മതമാണല്ലൊ.

(കുട്ടികൾ നമിച്ച് നിൽകുന്നു.)

എന്റെ നല്ല ശിഷ്യൻമാരായ നിങ്ങൾ എന്നും രണ്ട് കക്ഷിയായിരുന്നല്ലൊ. ഓരോ കക്ഷിക്കും ഓരോ പിടി നെല്ല് ഞാൻ തരുന്നു. ഒരുവർഷത്തെ കാലാവധിയും തരുന്നു. കാലാവധി തീരുമ്പോൾ ഓരോ ചാക്ക് നെല്ലുമായി നിങ്ങൾ തിരികെ വരണം.

(ഓരോ ഗ്രൂപ്പിനും ഓരോ പിടി നെല്ല് കൊടുക്കുന്നു.)

ഒന്നാമൻ: ഒരു വർഷമെന്തിന്?

രണ്ടാമൻ: ഇന്നുതന്നെ കൊടുത്തയക്കാമല്ലൊ.

(രണ്ടുപേരും ഉത്സാഹത്തോടെ ഓടാൻ തുടങ്ങുന്നു. ഗുരു തടയുന്നു)

ഗുരു: മഠയൻമാരെ, ഞാൻ നിങ്ങൾകുതന്ന ഒരു പിടി നെല്ലിൽ നിന്ന് ഒരുചാക്ക് നെല്ലുണ്ടാക്കണം. മനസിലായോ?....

(ഒന്നാമനും രണ്ടാമനും വിഷണ്ണരായി നിൽകുന്നു) മനസിലായോ?

മൂന്നാമൻ, നാലാമൻ: മനസിലായി.

(മൂന്നാമനും നാലാമനും നമസ്കരിക്കുന്നതുകണ്ട് ഒന്നാമനും രണ്ടാമനും അനുകരിക്കുന്നു)

"ഗുരുബ്രഹ്മാ ഗുരുർവിഷ്ണു
ഗുരുർദ്ദേവോ മഹേശ്വര;
ഗുരുദേവ പരബ്രഹ്മ:
തസ്മൈ ശ്രീ ഗുരുവേ നമഃ"

ഗുരു: (പ്രണാമം ഏററുവാങ്ങിക്കൊണ്ട്)

ഗുരുവായ നാം ദൈവവും പരബ്രഹ്മവുമാകുന്നു. വിദ്യാഭ്യാസം പൂർതിയാക്കിയ നിങ്ങളും ഞാനും തമ്മിൽ ഇനി

മേൽ വ്യത്യാസമില്ലെന്ന കാര്യം മറക്കാതിരിക്കുക. ഞാനും നിങ്ങളും ഒന്നുതന്നെ ...പൊയ്ക്കൊള്ളുക.

(രണ്ടു ഗ്രൂപ്പിനെയും രണ്ട് വശത്തുകൂടി തിരിച്ചുവിടുന്നു. പോകുന്നു.)

*    *    *    *

(അലഞ്ഞുതളർന്ന് ഒന്നാമനും രണ്ടാമനും അടങ്ങുന്ന ഗ്രൂപ്പ് രംഗത്തുവരുന്നു. തലപുകഞ്ഞ് ആലോചനയാണ്.)

ഒന്നാമൻ: ഒരുപിടി നെല്ലിൽനിന്ന് ഒരു ചാക്ക് നെല്ലുണ്ടാക്കുക അസാധ്യം.

രണ്ടാമൻ: അസാധ്യം.

ഒന്നാമൻ: അസാധ്യമാണെങ്കിൽ ഗുരുദേവൻ അങ്ങനെ കൽപിക്കുമോ?

രണ്ടാമൻ: ഞാൻ പറയാം: നമുക്ക് കച്ചോടം നടത്തിയാലോ? കുറച്ചു വിലകൂട്ടി വിൽകുക. കിട്ടുന്ന തുക കൊടുത്ത് കുറെ കൂടുതൽ നെല്ല് വാങ്ങുക.... പിന്നെയും കൂട്ടിവിൽകുക.... അങ്ങനെ....അവസാനം....എന്താ....?

ഒന്നാമൻ: കച്ചവടത്തിൽ നഷ്ടം വന്നാലോ?

രണ്ടാമൻ: വരില്ല. താൻ കൂടെ നിന്നാൽമതി.

(ഇരുവരും ആവശ്യക്കാരെ അന്വേഷിക്കുന്നു.)

ഒന്നാമൻ, രണ്ടാമൻ: ഒരു പിടി നെല്ലുണ്ട്; വേണോ?

ഒരു പിടി നെല്ലുണ്ട്; വേണോ?

ശബ്ദം: ഒരു പ ടിമാത്രമായിട്ട് ആർകുവേണം? കോഴിക്കുപോലും തിന്നാൻ തികയുകയില്ലല്ലൊ?

രണ്ടാമൻ: ശരിയാ........ആർകും വേണ്ട....

ഒന്നാമൻ: ഒരു പിടിനെല്ലിൽ നിന്ന് ഒരു ചാക്കുനെല്ലുണ്ടാക്കണം അസാധ്യം....

രണ്ടാമൻ: അസാധ്യം....

(തളർന്നു നടക്കുന്നു. അങ്ങനെ പോകുമ്പോൾ ശാന്തഗംഭീരനായ ഒരു സന്യാസിയെ കണ്ടുമുട്ടുന്നു, നമസ്കരിക്കുന്നു.)

സന്യാസി: നിങ്ങൾക് എന്തുവേണം?

ഒന്നാമൻ, രണ്ടാമൻ: ഞങ്ങൾ ക്ഷീണിച്ചുവരികയാണ്. ഒരു പിടിനെല്ലിൽനിന്ന് ഒരു ചാക്ക് നെല്ലുണ്ടാക്കുന്ന വിദ്യ പഠിക്കണം.

സന്യാസി: (ഒരു നിമിഷം കണ്ണടച്ചു ധ്യാനിച്ച് അന്തരിക്ഷത്തിൽ കൈ വീശി രണ്ടു മിഠായി എടുത്തുകൊടുക്കുന്നു.)

നമ്മുടെ പ്രസാദം എങ്ങനെയിരിക്കുന്നു?

ഒന്നാമൻ, രണ്ടാമൻ: അങ്ങ് ഞങ്ങളെ അനുഗ്രഹിക്കണം.

(അദ്ഭുതാദരങ്ങളോടെ വണങ്ങുന്നു)

സന്യാസി: ഉണ്ണികളേ, നിങ്ങൾ കളങ്കമില്ലാത്ത ഹൃദയത്തോടു കൂടി നമ്മെ ഭജിച്ചുകൊള്ളുക. നമുക്ക് കാണിക്കയിടുന്ന ഓരോ ധാന്യവും ഓരോ നാണയവും ഒന്നു പത്തായിട്ടും പത്ത്നൂറായിട്ടും തിരിച്ചു കിട്ടും....

(അനുഗ്രഹിച്ചു നിൽകുന്നു. കുട്ടികൾ 'ഗുരുബ്രഹ്മാ....' ഉരുവിട്ട് വലംവക്കുന്നു. ഇരിക്കുന്നു. ജപിക്കുന്നു. ഗുരുവും കൂടെയുണ്ടായിരുന്ന അനുയായികളും സ്ഥലംവിടുന്നു. കുറെ കഴിഞ്ഞ് കുട്ടികളും ജപിച്ചുകൊണ്ടുപോകുന്നു. ഈ സമയം മൂന്നാമനും നാലാമനും ഉൾപെട്ട കുട്ടികളുടെ രണ്ടാം ഗ്രൂപ്പ് അലഞ്ഞുതിരിഞ്ഞ് നടന്നുവരുന്നു)

മൂന്നാമൻ: വിത്തുള്ളവന് കൃഷി ചെയ്യാൻ നിലമില്ല.

നാലാമൻ: നിലമുള്ളവന് വിത്തിൻെറ ഉപയോഗമറിയില്ല. (നടക്കുമ്പോൾ വയലിൽ കൃഷി ചെയ്യുന്നത് കാണുന്നു. കൃഷിപ്പാട്ടിന് ചേർന്ന നൃത്തത്തിലൂടെ കൃഷിയുടെ വിവിധഘട്ടങ്ങൾ അഭിനയിക്കുന്ന കൃഷിക്കാർ കുറെനേരം നോക്കി നിന്നിട്ട് അവർ കൂടെച്ചേരുന്നു. പാട്ടു നിൽകുമ്പോൾ കൃഷിക്കാർ കുട്ടികളെ സ്വാഗതംചെയ്യുന്നു.)

കൃഷിക്കാർ—ഒന്നാമൻ:

തെയ്യന്നം പാടത്ത് കറുകവരമ്പത്ത്
ചെളി വെള്ളം തീണ്ടാതെ തമ്പ്രാൻ നിന്നേ-
വെയില് മറക്കട്ടെ വേലകൊഴുക്കട്ടെ.
പാടിപ്പണിയെടാ ചെറുമൻമാരേ....

കൃഷിക്കാർ—രണ്ടാമൻ:

വെയിലത്ത് പണിതിട്ടും മഴയത്തു
പണിതിട്ടും
പാടിപ്പണിതിട്ടുമെന്തുകിട്ടി?
തെയ്യന്നം പാടത്തെ പൊന്നാര്യൻ
കൊയ്തപ്പോ
തമ്പ്രാനൊരുവട്ടി പതിരിതന്നേ....

കൃഷിക്കാർ—മൂന്നാമൻ:

കാലം പിഴച്ചെടാ വിളവ് കുറഞ്ഞെടാ
കള്ളം പറഞ്ഞപ്പം വയറ് ചാടി
വയറുള്ള തമ്പ്രാൻമാരുണ്ണാനിരുന്നപ്പം
വയററിനകത്താരോ പാട്ടു പാടി....

കൃഷിക്കാർ:

കുഞ്ഞുങ്ങളെ! നിങ്ങൾ എവിടെ
പോകുന്നു ?

കുട്ടികൾ മൂന്നാമൻ: ഒരുപിടി നെല്ലിൽനിന്നും ഒരു ചാക്ക് നെല്ലുണ്ടാക്കുന്ന വിദ്യപഠിക്കണം. കൃഷി ചെയ്യാനറിയില്ല.

നാലാമൻ: കൃഷിചെയ്യാൻ വയലുമില്ല.

കൃഷിക്കാർ: നിങ്ങൾക്ക് പണിയെടുക്കാൻ മനസുണ്ടോ? കാത്തിരിക്കാൻ ക്ഷമയുണ്ടോ?

മൂന്നാമൻ, നാലാമൻ: എന്തിനും തയ്യാർ. കാര്യം നടക്കണം.

കൃഷിക്കാർ: (ഒരു നൃത്തത്തിൻെറ രൂപത്തിൽ എല്ലാം പഠിപ്പിക്കുന്നു.)

അൻപുള്ള കുഞ്ഞാളെ,
പണിയാളെ വന്നാട്ടെ....
പണിയാനും പാടാനും
ആശാൻമാർ ഞങ്ങളല്ലൊ....
വെളുക്കും മുൻപുണരേണം,
വെളുത്തമുണ്ടുടുക്കരുത്,
കറുത്താലും പണിയേണം,
കറികൂട്ടി തിന്നരുത്.
കരിവരമ്പിൽ കിടക്കേണം
കണ്ണടച്ചാലുറങ്ങരുത്.
കരിപ്പാടമൊരുക്കേണം
കരുപ്പട്ടിക്കയ്യാളേ........

കുട്ടികൾ: പാടമൊരുക്കുന്ന
തെങ്ങനെ? പറയാമോ!

കൃഷിക്കാർ: പാടമൊരുക്കുന്ന
തെങ്ങനെ ചങ്ങാതി....

കുട്ടികൾ: പാടമൊരുങ്ങിയാൽ
പിന്നെന്ത് ചങ്ങാതി?

കൃഷിക്കാർ: പാടമൊരുങ്ങിയാൽ
വിത്തിടാം ചങ്ങാതി.

കുട്ടികൾ: വിത്തിടീലെങ്ങനെ,
എങ്ങനെ ചങ്ങാതി?

കൃഷിക്കാർ: വിത്തിടിലിങ്ങനെ,
ഇങ്ങനെ ചങ്ങാതീ.

കുട്ടികൾ: വിത്തിട്ടാൽ പിന്നെന്ത്?
വീട്ടിൽ പോയുറങ്ങാമോ?

കൃഷിക്കാർ: വിത്തിട്ടാലത് പിന്നെ
മുത്താകും നാൾവരെയും
വീട്ടിപോയൂണില്ല,
വീട്ടിൽപോയുറക്കമില്ല,
മുളയ്ക്കുമ്പോൾ വളമിട്ട്
ഇടയിളക്കി കളയെടുത്ത്
ഒരുനാളും മുടങ്ങാതെ
നൂറുപണി ചെയ്യേണം.
നൂറുപണി തീരുമ്പോൾ
നൂറുപണി ഓടിവരും
അപ്പണിയും തീരുമ്പോൾ
മററുപണി ചാടിവരും:
ഓടിയും ചാടിയും
ദിവസങ്ങൾ നീങ്ങുമ്പോൾ
തെയ്യന്നം പാടത്ത്
കൊയ്ത്തല്ലേ ചങ്ങാതി....

കുട്ടികൾ: കൊയ്യുന്നതെങ്ങനെ?
എങ്ങനെ ചങ്ങാതി?

കൃഷിക്കാർ: കൊയ്യുന്നതിങ്ങനെ
ഇങ്ങനെ ചങ്ങാതി.

കുട്ടികൾ: കൊയ്ത്ത് കഴിഞ്ഞെന്തെല്ലാം
പറയെടോ ചങ്ങാതി.

കൃഷിക്കാർ: കളംമെഴുകി കററവച്ച്
മെതിയല്ലേ ചങ്ങാതി.

കുട്ടികൾ: മെതിയെല്ലാം കഴിഞ്ഞാലോ
പിന്നെന്ത് ചങ്ങാതി.

കൃഷിക്കാർ: മെതിയെല്ലാം തീരുമ്പോൾ
പണിതീർന്നു ചങ്ങാതി

പിന്നത്തെ പണിയെല്ലാം
മേലാറക് ചങ്ങാതി.

(പാട്ട് തീരുമ്പോൾ നെല്ല് മെതിച്ച് വാരിക്കൂട്ടിയിരിക്കുന്ന തായി കണ്ട് സന്തോഷം)

കൃഷി: ഇതാ കണ്ടില്ലേ? (നെല്ല് വാരിത്തൂവി ആഹ്ളാദിച്ചുകൊണ്ട്)നാം സൃഷ്ടിക്കുന്നു. അതുകൊണ്ട് ലോകം പുലരുന്നു.

മൂന്നാമൻ: ഗുരുദേവൻ പറഞ്ഞത് ഓർക്കുക............

ഇന്നു മുതൽ നിങ്ങളുടെ ഗുരുവും ദൈവവും നിങ്ങൾ തന്നെ.

നാലാമൻ: അതെ സത്യം. അധ്വാനിക്കാനും സൃഷ്ടിക്കാനുമുള്ളു നമ്മുടെ ശക്തിയാണ് ദൈവം. അതാണ് ബ്രഹ്മം....

"ഗുരുബ്രഹ്മാ...........
..............................
..............................
.............................."

(വന്ദിച്ച് ചുമടും തലയിലെടുത്ത് രണ്ടുപേരും കൂടി പോകുന്നു.)

മൂന്നാമൻ: നാം പോന്നിട്ട് ഇന്നൊരുവർഷം തികയുന്നു.

നാലാമൻ: അതെ; ഗുരുദക്ഷിണ കൊടുക്കേണ്ട ദിവസം....

* * *

(ജപിച്ചുകൊണ്ടിരുന്ന ഒന്നാമനും രണ്ടാമനും എഴുന്നേൽക്കുന്നു.)

ഒന്നാമൻ: എന്തുചെയ്യും? ഗുരുദക്ഷിണ കൊടുക്കേണ്ട ദിവസം ഇന്നാണ്.

രണ്ടാമൻ: കളിപ്പിൽപെട്ടോ?

(അവരുടെ തൽകാലഗുരുവായ സന്യാസി വരുന്നു. പരിവാരങ്ങൾ ആവാം.)

സന്യാസി: ധൈര്യമായിപൊയ്കൊള്ളുക. ഗുരുസന്നിധിയിൽ എത്താറാകുമ്പോഴെക്കും ഒരു ചാക്ക് നെല്ല് നിങ്ങളുടെ തലയിൽ വന്നു ചേരും. കണ്ണും കാതും തുറന്നിരിക്കുക.

(അന്തരിക്ഷത്തിൽ നിന്നും മിഠായി എടുത്തുകൊടുത്ത് അദ്ഭുതപ്പെടുത്തി ആശ്വസിപ്പിച്ചുവിടുന്നു. ആദ്യത്തെ ഗ്രൂപ്പ് പോയതിൻെറ എതിർദിശയിലൂടെ പോകുന്നു.

അകത്തുപോയതിനുശേഷം എതിർ ദിശകളിലൂടെ കടന്നു വരുന്ന രണ്ടുഗ്രൂപ്പുകാരും തമ്മിൽ കണ്ടുമുട്ടുന്നു. സതീർഥ്യർ ഒരുവർഷത്തിനുശേഷം കണ്ടുമുട്ടുന്നതിൻെറ ആഹ്ലാദം.)

മൂന്നാമൻ: അല്ല....നിങ്ങളുടെ കയ്യിൽ ഗുരുദക്ഷിണ ഇല്ലല്ലൊ.

രണ്ടാമൻ: (നിസാരഭാവം) അതൊക്കെ അവിടെ എത്തിക്കാൻ ഏർപാടായിട്ടുണ്ട്.

(നാലുപേരുംകൂടി ഒത്തു നടക്കുന്നു. രണ്ടാംഗ്രൂപ്പ്—മൂന്നാമനും നാലാമനും—ചുമടു ചുമന്നു തളർനവരാണ്.)

നാലാമൻ: മടുത്തു. അൽപം ഇരുന്നിട്ടു നടക്കാം....

മൂന്നാമൻ: വെളുത്തപ്പോഴ് തുടങ്ങിയ നടപ്പാണ്..

(എല്ലാവരും ഒരു മരച്ചുവട്ടിൽ ഇരിക്കുന്നു. മൂന്നാമനും നാലാമനും തളർനുറങ്ങിപ്പോകുന്നു. ഒന്നാമനും, രണ്ടാമനും ഇതുതന്നെ അവസരമെന്നു കരുതി നെല്ല് മോഷ്ടിച്ച് കടന്നുകളയുന്നു. മൂന്നാമനും നാലാമനും ഉണർന്നു നോക്കുമ്പോഴ് നെല്ല് കാണാതെ കാര്യം മനസിലാക്കുന്നു. ഓടുന്നു.)

* * * * *

(ഗുരുദേവസന്നിധി. ഒന്നാമനും രണ്ടാമനും അനുഗ്രഹം വാങ്ങാൻ കാത്തുനിൽകുന്നു.)

ഗുരു: നിങ്ങളുടെ കൂട്ടുകാരെവിടെ?

രണ്ടാമൻ: വഴിയിലിരുന്ന് വിശ്രമിക്കുന്നു. ഉടനെ വന്നുചേരും.

ഗുരു: നിങ്ങഠം ഒരുമിച്ച് പോരാത്തതെന്ത്?

ഒന്നാമൻ: അങ്ങയെ കാണാനള്ള തിടുക്കം കൊണ്ട് ഞങ്ങഠം ഓടിപ്പോന്നു.

ഗുരു: ഇത്രയും നെല്ലുണ്ടാക്കാൻ ഉണ്ണികഠം വളരെ പാടുപെട്ടു. അല്ലെ?

ഒന്നാമൻ, രണ്ടാമൻ: ഗുരുദേവൻെറ അനുഗ്രഹത്താൽ ഒരു പ്രയാസവും ഉണ്ടായില്ല.

(അനുഗ്രഹത്തിനുവേണ്ടി തലകുനിച്ച് നിൽകുന്നു. മൂന്നാമനും നാലാമനും ഓടിക്കിതച്ച് എത്തുന്നു).

മൂന്നാമൻ, നാലാമൻ: അത് ഞങ്ങളുണ്ടാക്കിയതാണ്. ഇവർ....

ഒന്നാമൻ, രണ്ടാമൻ: കള്ളം....

മൂന്നാമൻ: നിന്നെ ഞങ്ങഠം....

നാലാമൻ: ഇവിടെ പൂജക്ക് പൂനുള്ളാൻപോലും മടിയുള്ള നിങ്ങഠം നെല്ലുണ്ടാക്കുമത്രെ!

(ഒരു ആക്രമണത്തിന് ഒരുമ്പെടുന്നു. ഗുരു വിനോദമട്ടിൽ നിൽകുന്നു—അൽപം നടന്നുകൊള്ളട്ടെ എന്ന മട്ടിൽ.

ഒന്നാമൻ: ഈ തിരുസന്നിധിയിൽപോലും ഇവർക് വിനയമില്ല.

രണ്ടാമൻ: കഷ്ടം! ഈ ഗുരുകുലത്തിനു പോലും ചീത്തപ്പേരുണ്ടാക്കും.

ഒന്നാമൻ: നിങ്ങൾക് ഗുരുദേവൻെറ അനുഗ്രഹമില്ല.

മൂന്നാമൻ, നാലാമൻ: അത് അദ്ദേഹം തീരുമാനിക്കും. പക്ഷെ, ഞങ്ങൾക് ആരുടെയും അനുഗ്രഹത്തിൻെറ ആവശ്യമില്ല. ഞങ്ങളുടെ ഗുരുവും ദൈവവും ഞങ്ങൾതന്നെ. ഈ പാഠം പഠിപ്പിച്ചുതീരുംവരെ അദ്ദേഹം ഗുരുവായിരുന്നു. പഠിച്ചുതീരുംവരെ ഞങ്ങൾ ശിഷ്യൻമാരും. (മുഷ്ടി ചുരുട്ടി) ഈ കൈകൾ കണ്ടോ? സകലതും സൃഷ്ടിക്കാൻ കരുത്തുള്ള കൈകൾ?........ സൃഷ്ടിക്കാൻ മാത്രമല്ല, രക്ഷിക്കാനും ശിക്ഷിക്കാനും.....

(മുഷ്ടി ചുരുട്ടി ഇടിക്കാൻ അടുക്കുന്നു. ഒന്നാമനും രണ്ടാമനും ഭയപ്പെട്ട് ഗുരുവിൻെറ പിന്നിൽ അഭയം തേടുന്നു. ഗുരു അവരെ തടഞ്ഞ് നിറുത്തുന്നു.)

ഗുരു: (ഒന്നാമനെയും രണ്ടാമനെയും നോക്കി)നിങ്ങൾക് എന്താണ് ഇത്ര ഭയം? അവരെക്കാൾ തടിമിടുക്കുണ്ടല്ലൊ....ഭയം കള്ളൻെറ ലക്ഷണമാണ്....

(ഗുരു മൂന്നാമത്തെയും നാലാമത്തെയും ശിഷ്യൻമാരെ വാത്സല്യത്തോടെ അണച്ചുനിറുത്തുന്നു. മുഷ്ടി ചുരുട്ടി ഉയർത്തിക്കൊണ്ട്— കുട്ടികൾ അതനുകരിക്കവെ....)

നിങ്ങൾ എൻെറ പ്രിയ ശിഷ്യൻമാർ. എന്നോളം വളർനവർ. സൃഷ്ടി—സ്ഥിതി—സംഹാരശക്തിയുള്ള ഈ കൈകളുള്ളപ്പോൾ നിങ്ങൾക് പരാജയമില്ല....

(ഒന്നാമത്തെയും രണ്ടാമത്തെയും ശിഷ്യൻമാർ വിഡ്ഢികളെപ്പോലെ തൊഴുത് നിൽകുന്നു. പശ്ചാത്തലത്തിൽ നേർത്ത ഗാനാലാപം:)

പുറംകണ്ണുതുറപ്പിപ്പൂ
പുലർവേളയിലംശുമാൻ,
അകംകണ്ണുതുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം.

[കുറിപ്പ്: ഈ നാടകത്തിലെ ഒരു പിടി നെല്ലിൽനിന്നും ഒരുചാക്കുനെല്ല് എന്ന കേന്ദ്രആശയത്തിന് കർണാടകത്തിലെ 'സമുദായ' എന്ന നാടകസംഘത്തോട് കടപ്പാടുണ്ട്. ഏതാനും സുഹൃത്തുക്കൾ പറഞ്ഞുകേട്ടതല്ലാതെ വായിച്ചോ കണ്ടോ നേരിട്ടുള്ള യാതൊരു സ്വാധീനവും അതിന് ഇതിൻെറ രചനയിൽ ഇല്ല ]

## അനുബന്ധം (V)

## 4. ദിനാചരണങ്ങൾ

*ജനുവരി*

സ്വാമിവിവേകാനന്ദൻ-ജൻമദിനം (1863) ജനു: 12
കുമാരനാശാൻ -- ചരമദിനം (1924) ,, 17
റിപ്പബ്ളിക്ദിനം (1950) ,, 26

*ഫെബ്രുവരി*

ചാൾസ് ഡാർവിൻ ജൻമദിനം (1809) ഫെബ്രു: 12
ഗലീലിയോ ജൻമദിനം (1564) ,, 15

*മാർച്ച്*

എ കെ ജി ചരമദിനം (1977) മാർച്ച്: 22
ഭഗത്സിങ്ങ് രക്തസാക്ഷിദിനം (1931) ,, 23

*ഏപ്രിൽ*

ബഹിരാകാശ വിജയദിനം (1961) ഏപ്രിൽ: 12

*മെയ്*

മെയ്ദിനം (1886) മെയ് 1
കാറൽ മാർക്സ് ജൻമദിനം (1818) മെയ് 5
രവീന്ദ്രനാഥടാഗൂർ ജൻമദിനം (1861) മെയ് 7

*ജൂൺ*

| | | |
|---|---|---|
| സാർവദേശീയ ശിശുദിനം | ജൂൺ | 1 |
| ഝാൻസിറാണിചരമദിനം (1857) | ജൂൺ | 17 |

*ജൂലായ്*

| | | |
|---|---|---|
| ചന്ദ്രവിജയദിനം (1969) | ജൂലായ് | 21 |

*ആഗസ്ത്*

| | | |
|---|---|---|
| സ്വാതന്ത്ര്യദിനം (1947) | ആഗസ്ത് | 15 |
| സഃകൃഷ്ണപിള്ള ചരമദിനം (1948) | ,, | 19 |
| സുഭാഷ് ചന്ദ്രബോസ് ചരമദിനം (1945) | ,, | 23 |

*സപ്തംബർ*

| | | |
|---|---|---|
| ഹോ ചിമിൻ ചരമദിനം (1969) | സപ്തംബർ | 3 |

*ഒക്ടോബർ*

| | | |
|---|---|---|
| മഹാത്മാഗാന്ധി ജൻമദിനം (1869) | ഒക്ടോബർ | 2 |

*നവംബർ*

| | | |
|---|---|---|
| ഐക്യകേരളദിനം (1956), ബാലദിനം | നവംബർ | 1 |
| സി വി രാമൻ ജൻമദിനം (1888) | നവംബർ | 7 |

*ഡിസംബർ*

| | | |
|---|---|---|
| വൈലോപ്പിള്ളി ചരമദിനം (1985) | ഡിസംബർ | 22 |

Printed at Social Scientist Press Trivandrum Phone: 68502